
www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 51 | 2017 DEC 30 | ₹10



## ക്വുർആനും ഉപമകളും

### ഇസ്‌ലാമിന്റെ മധ്യമ സമീപനം

### തവസ്സുൽ ശരിയും തെറ്റും

മുസ്‌ലിമിന്റെ ആദർശം || 'വഹ്‌യ് ലഭിക്കുന്ന' ഇമാമുമാർ!

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**
E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244



## വിപണിയിൽ

| | | | | | |
|---|---|---|---|---|---|
| 1 | ഇസ്‌ലാമും വ്യതിയാന കക്ഷികളും | 270 | 19 | പ്രബോധനം ഒരു മാർഗരേഖ | 125 |
| 2 | ക്വുർആൻ നാം അറിയേണ്ടത് | 70 | 20 | പ്രവാചകൻ പറഞ്ഞ കഥകൾ | 50 |
| 3 | അന്തിമ പ്രവാചകന്റെ അന്ത്യനിമിഷങ്ങൾ | 35 | 21 | ഇസ്‌ലാമിക മര്യാദകൾ | 250 |
| 4 | സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ ആദർശം | 70 | 22 | ഇസ്‌ലാം അടിസ്ഥാന പാഠങ്ങൾ | 125 |
| 5 | ശീഇസം ജൂത സൃഷ്ടി | 50 | 23 | തൗഹീദിന്റെ മൗലികത | 80 |
| 6 | നമസ്കാരം ഇരുന്നു കൊണ്ടാവുമ്പോൾ | 50 | 24 | ഇൻഷൂറൻസ് | 60 |
| 7 | വെളിച്ചം ദുഃഖമല്ല | 25 | 25 | മദ്യം | 20 |
| 8 | നബിﷺയുടെ പ്രാർഥനകൾ | 70 | 26 | ബലികർമം | 25 |
| 9 | യാത്രക്കാരുങ്ങുമ്പോൾ | 30 | 27 | ഇസ്‌ലാം വിശ്വാസ കാര്യങ്ങൾ | 60 |
| 10 | വിജയിച്ച കക്ഷി | 75 | 28 | നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | 40 |
| 11 | സംവാദങ്ങളിലൂടെ... | 90 | 29 | ഇസ്‌ലാം നിർഭയത്വത്തിന്റെ മതം | 50 |
| 12 | ഇബ്നുതൈമിയ്യ | 100 | 30 | റമദാൻ നാം അറിയേണ്ടതും ചെയ്യേണ്ടതും | 40 |
| 13 | തൗഹീദുറുബൂബിയ്യ | 40 | 31 | വിശ്വാസിയുടെ നമസ്കാരം | 90 |
| 14 | അഹ്‌ലുസുന്ന ആദർശവും ആചാരവും | 100 | 32 | ലാ ഇലാഹ ഇല്ലല്ലാഹ് | 90 |
| 15 | പാപപരിഹാരം | 40 | 33 | മതത്തിന്റെ അടിത്തറകൾ | 90 |
| 16 | കുഞ്ഞുപിറന്നാൽ | 30 | 34 | ക്വുർആൻ പഠന ക്വിസ്സ് | 70 |
| 17 | നമസ്കാരാന്തര കൂട്ടുപ്രാർഥന | 50 | 35 | ക്വുർആൻ ചില അടിസ്ഥാന അറിവുകൾ | 75 |
| 18 | അദ്ദുആഉ വൽ ഇബാദ | 50 | 36 | പ്രണയം | 35 |

**സ്പെഷ്യൽ ഡിസ്കൗണ്ട്**

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

# നേർപഥം

വാരിക

0051 / 2017 ഡിസംബർ 30 / 1439 റബിഉൽ ആഖിർ 12 / പുസ്തകം 01 / ലക്കം 51





# ക്വുർആനും ഉപമകളും


**മുഖമൊഴി**

ജീവിതലക്ഷ്യം ധനസമ്പാദനത്തിൽ ഒതുക്കുന്നവർ / 05
എഡിറ്റർ

**ലേഖനങ്ങൾ**

മുസ്‌ലിമിന്റെ ആദർശം / 06
അബൂയഹ്‌യ

'വഹ്‌യ് ലഭിക്കുന്ന' ഇമാമുമാർ! / 14
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

ഇസ്‌ലാമിന്റെ മധ്യമ സമീപനം / 26
മുഹമ്മദലി വാരം

സത്യവിശ്വാസികളുടെ മാർഗം / 32
ഫദ്‌ലുൽ ഹഖ് ഉമരി

**ബാലപഥം**

പ്രതിഫലം / 18
റാശിദ ബിൻത് ഉസ്മാൻ

**കവിത**

അന്ത്യയാത്ര / 19
നസീമ പൂവ്വത്തൂർ

**ചരിത്രപഥം**

ഇബ്‌റാഹീം നബിയുടെ സന്തതികൾ / 20
ഹുസൈൻ സലഫി, ഷാർജ

**വിമർശനം**

തവസ്സുൽ ശരിയും തെറ്റും / 23
മൂസ സ്വലാഹി, കാര

**ക്വുർആൻ പഠനം**

മുന്നറിയിപ്പുകൾ അവഗണിക്കരുത് / 34
ശമീർ മദീനി



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### സഹിഷ്ണുതയുടെ അനിവാര്യത

'സഹിഷ്ണുത, മതം, മതേതരത്വം' എന്ന ലേഖനം (ലക്കം 50) കാലിക പ്രസക്തമായ ഒന്നായിരുന്നു. നന്നായി പഠിച്ചറിഞ്ഞും ഏറെ അവധാനതയോടെയും സുചിന്തിതമായുമാണ് ലേഖകൻ ഓരോ വാചകങ്ങളും എഴുതിയിരിക്കുന്നത് എന്ന് വായനയിൽനിന്നും മനസ്സിലാക്കുവാൻ കഴിയും.

സഹിഷ്ണുതയെക്കുറിച്ചും സമാധാനത്തെപ്പറ്റിയുമൊക്കെ ഗിരിപ്രഭാഷണങ്ങൾ നടത്തുവാൻ എളുപ്പമാണ്. എന്നാൽ അവ ജീവിതത്തിൽ പ്രാവർത്തികമാക്കൽ അത്ര എളുപ്പമല്ല. അതിന് മനസ്സിൽ ഉന്നതമായ മാനവികബോധം ആവശ്യമാണ്. ക്ഷമ, കാരുണ്യം, സഹജീവി സ്നേഹം പോലുള്ള ഉദാത്തമായ ഗുണങ്ങൾ അനിവാര്യമാണ്.

വ്യക്തികൾക്കിടയിൽനിന്നും മത-രാഷ്ട്രീയ കൂട്ടായ്മകളിൽനിന്നുമെല്ലാം സഹിഷ്ണുത നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്നത് ഭീതിയോടെ നോക്കിക്കാണേണ്ട കാര്യമാണ്. സമാധാനമുണ്ടാക്കേണ്ടവർ തന്നെ അസമാധാനം വിതയ്ക്കുകയും സഹിഷ്ണുത കാണിക്കേണ്ടവർ അസഹിഷ്ണുതയെ താലോലിക്കുകയും ചെയ്യുന്നത് ആശാസ്യകരമല്ല; അത് ജനങ്ങൾക്കും രാജ്യത്തിനും ഭീഷണിയുമാണ്.

'നേതൃത്വ ശൂന്യതയാണ് ഒരു സമൂഹത്തിന്റെ നാശത്തിനു കാരണമാവുന്നത്. മനസ്സിന്റെ അകത്തളങ്ങളിൽ നിന്നുണ്ടാവുന്ന ആത്മാർഥതയും സ്നേഹവും കൊണ്ട് മാത്രമെ ഏതൊരാൾക്കും നല്ല നേതാവായിത്തീരാൻ സാധിക്കൂ. ഭിന്നിച്ചും കലഹിച്ചും കഴിഞ്ഞിരുന്ന അറബ് ഗോത്രങ്ങളെ ഒരു ചരടിൽ കോർത്ത മുത്തുമണികളെപ്പോലെയാക്കുവാൻ പ്രവാചകന് സാധിച്ചത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമായിരുന്നു. സമൂഹത്തോടും അനുയായികളോടും അദ്ദേഹത്തിനുണ്ടായിരുന്ന ആർദ്രതയാണ് അദ്ദേഹത്തിലേക്ക് കാരിരുമ്പിന്റെ ഹൃദയങ്ങളുടെ ഉടമകളെപ്പോലും അടുപ്പിച്ചു നിർത്തിയത്.' ലേഖകന്റെ ഈ നിരീക്ഷണം നിത്യപ്രസക്തമാണ്. പ്രവാചകനെ കുറിച്ച് അല്ലാഹു പറഞ്ഞത് എല്ലാവരും മനസ്സിലാക്കേണ്ടതും ഉൾക്കൊള്ളേണ്ടതുമാണ്:

"അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (ക്വുർആൻ 3:159).

**-അബൂജുമാന, കല്ലായി, കോഴിക്കോട്**

### കച്ചവടരംഗം വിമലീകരിക്കുക

'നേർപഥം' ലക്കം 48ലെ മുഖമൊഴി 'കച്ചവടരംഗത്തെ കാപട്യം' വർത്തമാന കാലത്ത് ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ഇസ്‌ലാം അനുശാസിക്കുന്ന കച്ചവട നിയമങ്ങൾ കാറ്റിൽ പറത്തി സർക്കാരിനെയും ജനങ്ങളെയും വഞ്ചിക്കുന്ന പ്രവണത കച്ചവട രംഗത്ത് വളർന്നുകൊണ്ടിരിക്കുന്നു. യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ ജനങ്ങളെ മാറാരോഗികളാക്കുന്ന മായം ഭക്ഷ്യവസ്തുക്കളിൽ ചേർക്കുവാൻ പല കച്ചവടക്കാരും മുതിരുന്നത് ആശങ്കാജനകമാണ്. ഇതിനിടയിൽ സത്യസന്ധരായ കച്ചവടക്കാർക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം. ഈ രംഗത്തെ കള്ളനാണയങ്ങളെ ജനങ്ങൾ തിരിച്ചറിയേണ്ടതുണ്ട്.

'ഓഖി ചുഴലിക്കാറ്റും ഓർക്കേണ്ട സത്യങ്ങളും' എന്ന ലേഖനം സത്യവിശ്വാസികളുടെ പ്രകൃതി പ്രതിഭാസങ്ങളോടുള്ള കാഴ്ചപ്പാട് എങ്ങനെയായിരിക്കണമെന്ന് വിശദീകരിക്കുന്നുണ്ട്. ദുരന്തങ്ങൾ എത്ര കണ്ടാലും അനുഭവിച്ചാലും അവയിൽ നിന്ന് മനുഷ്യൻ പാഠമൊന്നും ഉൾക്കൊള്ളുന്നില്ല. മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാനും കിടപ്പാടം നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനുമായി മുന്നിട്ടിറങ്ങിയവരെ നാം അഭിനന്ദിക്കുക. സർക്കാർ വേണ്ട മുൻകരുതലെടുക്കുന്നതിൽ അമാന്തം കാണിച്ചുവെങ്കിൽ അത് ഭീമമായ അബദ്ധമാണെന്ന് പറയേണ്ടിയിരിക്കുന്നു.

**-ആർ.എം ഇബ്‌റാഹീം, വെളുത്തൂർ, തൃശൂർ**

മുഖമൊഴി

# ജീവിതലക്ഷ്യം ധനസമ്പാദനത്തിൽ ഒതുക്കുന്നവർ

**ചൈ**നക്കാർക്കിടയിൽ പ്രസിദ്ധമായ ഒരു നാടോടിക്കഥയുണ്ട്. അതിന്റെ ചുരുക്കം ഇതാണ്: ഒരു ഗ്രാമത്തിൽ കഠിനാധ്വാനിയായ ഒരു കർഷകൻ ജീവിച്ചിരുന്നു. കരുത്തരായ മൂന്ന് ആൺമക്കൾ അയാൾക്കുണ്ട്. അയാൾ പാടത്തും പറമ്പിലും നന്നായി പണിയെടുക്കുകയും മക്കളെക്കൊണ്ട് എല്ലുമുറിയെ പണിയെടുപ്പിക്കുകയും ചെയ്യും. കണക്കില്ലാത്ത സമ്പത്ത് കുമിഞ്ഞുകൂടിയിട്ടും ആ കർഷകൻ പിശുക്ക് കാണിച്ചു. മക്കൾക്ക് യാതൊന്നും നൽകിയതുമില്ല. വയസ്സായപ്പോഴും അയാളുടെ പേടി ഈ സമ്പത്തെല്ലാം നഷ്ടപ്പെടുമോ എന്നായിരുന്നു. ഒരുദിവസം മക്കളെ അടുത്തേക്ക് വിളിച്ച് അയാൾ പറഞ്ഞു: "എനിക്കു വയസ്സായി. എപ്പോൾ മരിക്കുമെന്നറിയില്ല. ഞാനുണ്ടാക്കിയ സമ്പത്തെല്ലാം നഷ്ടപ്പെടുത്താതെ നിങ്ങളിൽ ആരാണോ സൂക്ഷിക്കുക; അവന് ഞാൻ അത് മുഴുവൻ നൽകും. എന്റെ ചോദ്യത്തിന് തൃപ്തികരമായ ഉത്തരം നൽകുന്നവന് മാത്രമെ നൽകൂ."

ആകാംക്ഷയോടെ നിൽക്കുന്ന മക്കളിൽ മൂത്തവനോട് കർഷകൻ ചോദിച്ചു: "ഞാൻ മരിച്ചാൽ നീ എന്നെ എങ്ങനെ സംസ്കരിക്കും?"

അച്ഛന് തൃപ്തികരമായ ഉത്തരം കൊടുത്താൽ സമ്പത്ത് മുഴുവൻ തനിക്ക് ലഭിക്കുമെന്ന അത്യാഗ്രഹത്താൽ മൂത്ത മകൻ പറഞ്ഞു: "ഞാൻ നിങ്ങളുടെ മൃതദേഹത്തെ സ്വർണക്കരയുള്ള വസ്ത്രത്തിൽ പൊതിയും. വെള്ളി കൊണ്ടുള്ള ശവപ്പെട്ടിയിൽ അടക്കം ചെയ്യും."

സ്വർണക്കരയുള്ള വസ്ത്രവും വെള്ളി കൊണ്ടുള്ള ശവപ്പെട്ടിയും വാങ്ങി പണം ധൂർത്തടിക്കുന്ന മകനെ സമ്പത്ത് ഏൽപിക്കാൻ കൊള്ളില്ലെന്ന് അയാൾ തീർത്തു പറഞ്ഞു. അടുത്ത ചോദ്യം രണ്ടാമത്തെ മകനോടായിരുന്നു. ജ്യേഷ്ഠന് പറ്റിയ അമളി തനിക്ക് പറ്റരുതെന്ന ചിന്തയോടെ അവൻ പറഞ്ഞത് മൃതദേഹം ഞാൻ വിലകുറഞ്ഞ ശവപ്പെട്ടിയിൽ വിലകുറഞ്ഞ വസ്ത്രം ധരിപ്പിച്ച് അടക്കം ചെയ്യുമെന്നായിരുന്നു. നാട്ടിലെ ബുദ്ധ സന്യാസിമാരെ വിളിച്ചു വരുത്തി മൂന്നു ദിവസം പ്രാർഥിപ്പിക്കും എന്നുകൂടി പറഞ്ഞ് അച്ഛനെ സന്തോഷിപ്പിക്കുവാനും അവൻ നോക്കി. 'സന്യാസിമാരെ വിളിച്ചുവരുത്തിയാൽ അവർക്കൊക്കെ ഭക്ഷണം കൊടുക്കണം, മാത്രമല്ല അവർ തിരിച്ചു പോകുമ്പോൾ കാശും കൊടുക്കേണ്ടിവരും. നിന്നെ പണം ഏൽപിക്കാൻ കൊള്ളില്ല' എന്നായിരുന്നു അച്ഛന്റെ പ്രതികരണം. മൂന്നാമത്തെ മകനോട് ചോദ്യം ആവർത്തിച്ചു. രണ്ട് സഹോദരന്മാരുടെയും അനുഭവം തനിക്ക് വരാതിരിക്കാൻ അവൻ തലപുകഞ്ഞാലോചിച്ചു. അവൻ പറഞ്ഞു: "വസ്ത്രത്തിനും ശവപ്പെട്ടിക്കുമൊന്നും ഞാൻ കാശ് ചെലവാക്കില്ല. വടക്കൻ പ്രവിശ്യയിലുള്ള ഏതെങ്കിലും മെഡിക്കൽ കോളേജിന് അച്ഛന്റെ മൃതശരീരം കാശിന് വിൽക്കും."

അച്ഛന് സന്തോഷമായി! ഇവൻ പണം ചെലവാക്കില്ല. മാത്രമല്ല പണം ഉണ്ടാക്കുവാൻ മിടുക്കനുമായിരിക്കും. അച്ഛൻ മകനെ ഇങ്ങനെ കൂടി ഉപദേശിച്ചു: "വടക്കൻ പ്രവിശ്യക്കാർക്ക് വിൽക്കരുത്. അവർ വിശ്വസിക്കാൻ കൊള്ളാത്തവരും കടം പറയുന്നവരുമാണ്. തെക്കൻ പ്രവിശ്യക്കാർക്ക് വിൽക്കുക. അവർ റൊക്കം പണം തരുന്നവരാണ്."

'തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായുള്ളവനാകുന്നു' എന്ന അല്ലാഹുവിന്റെ വചനം എത്ര ശരിയാണെന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടാണല്ലോ ധനത്തിന്റെ പേരിൽ മക്കൾ പിതാവിനെയും പിതാവ് മക്കളെയുമൊക്കെ വെട്ടിക്കൊന്നതിന്റെ റിപ്പോർട്ടുകൾ നമുക്ക് വായിക്കേണ്ടിവരുന്നത്. ജീവിതത്തിന്റെ ഏക ലക്ഷ്യം ധനസമ്പാദനമാണ് എന്ന മട്ടിലാണ് പലരുടെയും ജീവിതമിന്ന്. ആവശ്യത്തിന് ചെലവഴിക്കാതെ സമ്പാദിച്ച് കൂട്ടുന്നവരും ദുർവ്യയത്തിനായി എങ്ങനെയെങ്കിലും പണമുണ്ടാക്കുവാൻ ശ്രമിക്കുന്നവരുമുണ്ട്. അല്ലാഹു യഥാർഥ വിശ്വാസികളെപ്പറ്റി പറയുന്നു: "ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:67)

ലേഖനം

അബൂയഹ്‌യ
abooyahyakfn@gmail.com




# മുസ്‌ലിമിന്റെ ആദർശം

ഏതു നാട്ടിലാണെങ്കിലും കണിശമായ ചില ആദർശങ്ങളുടെ അടിസ്ഥാനത്തിൽ ജീവിക്കേണ്ട വനാണ് ഒരു യഥാർഥ മുസ്‌ലിം. ജീവിതത്തിന്റെ നിഖില മേഖലകളിലും അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളെ പൂർണ സംതൃപ്തിയോടെ അവൻ അനുസരിക്കേണ്ടതാണ്. അല്ലാഹുവിനോടും റസൂലിനോടും അനുസരണക്കേട് കാണിക്കുന്ന വിഷയത്തിൽ ഒരാളെയും ഒരു ശരിയായ മുസ്‌ലിം അവർ മാതാപിതാക്കൾ ആകട്ടെ, ഭരണാധികാരികൾ ആകട്ടെ, മതനേതാക്കൾ ആകട്ടെ അനുസരിക്കാൻ പാടില്ലാത്തതാണ്. 'സ്രഷ്ടാവിനോട് അനുസരണക്കേട് കാണിക്കുന്ന വിഷയത്തിൽ സൃഷ്ടികൾക്ക് അനുസരണമില്ല'എന്നാണ് പ്രവാചകൻﷺമുസ്‌ലിംകളുടെ ആദർശമായി പഠിപ്പിച്ചിട്ടുള്ളത്. രാജ്യം ഇസ്‌ലാമികമാവട്ടെ അനിസ്‌ലാമികമാവട്ടെ, കൽപിക്കുന്നവർ മുസ്‌ലിംകളാവട്ടെ അല്ലാത്തവരാവട്ടെ, ഏറ്റവും അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ നേതാവോ പണ്ഡിതനോ മുതലാളിയോ മേലുദ്യോഗസ്ഥനോ ആര് തന്നെയോ ആവട്ടെ, മതം ഇടപെടുന്ന വിഷയങ്ങളിൽ അഥവാ ക്വുർആനിന്റെയും ഹദീഥിന്റെയും വ്യക്തമായ നിർദേശങ്ങൾ ഉള്ള വിഷയങ്ങളിൽ അതിനെ മറികടന്നുകൊണ്ട് മേൽപറഞ്ഞവരെ അനുസരിക്കുവാൻ ഒരു യഥാർഥ മുസ്‌ലിമിന് പാടില്ലാത്തതാണ്.

അത്കൊണ്ട് തന്നെ ഇസ്‌ലാമിക രാജ്യങ്ങളിൽ തന്നെയോ അല്ലാത്ത രാജ്യങ്ങളിലോ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായതും ഹറാമായതുമായ ഏതെല്ലാം മേഖലകൾ ഉണ്ടോ അതിൽ നിന്നെല്ലാം സത്യവിശ്വാസികൾ മാറിനിൽക്കേണ്ടതാണ്. അതിന്റെ പേരിൽ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ അവർ സഹിച്ചേ മതിയാകൂ. ആരെങ്കിലും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് അവന്റെ നിയമങ്ങളെ കാത്തുസൂക്ഷിച്ചാൽ എല്ലാ പ്രയാസങ്ങളിലും ഒരു എളുപ്പം അല്ലാഹു അവർക്ക് നൽകുകയും അവർ അറിയാത്ത മാർഗങ്ങളിലൂടെ അല്ലാഹു അവരെ സഹായിക്കുകയും ചെയ്യുന്നതാണ്.

ജീവനു ഭീഷണി നേരിടുകയോ അല്ലെങ്കിൽ കടുത്ത പ്രതിസന്ധിയിൽ അകപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ മറ്റു വഴികളെല്ലാം അടയുകയും ഒരു തെറ്റ് ചെയ്തിട്ടില്ലെങ്കിൽ അതിനെക്കാൾ വലിയ തിന്മയുണ്ടാവുകയും ചെയ്യുമെന്ന് ബോധ്യപ്പെടുന്ന സന്ദർഭത്തിലല്ലാതെ ഒരു ഹറാമായ കാര്യം ചെയ്യാൻ മുസ്‌ലിമിനു അനുവാദമില്ല. എന്നാൽ മറ്റു വഴികൾ ധാരാളമുണ്ടായിരിക്കെ അതിലേക്കൊന്നും തിരിയാതെ താൻ നിർബന്ധിതനാണ് എന്ന ന്യായം പറഞ്ഞു അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ത്യാഗത്തിനും തയ്യാറാവാതെ തെറ്റുകൾ ചെയ്യുന്നവർ വലിയ തിന്മയാണ് ചെയ്യുന്നത്.

വ്യക്തിജീവിതത്തിലെ വ്യത്യസ്തങ്ങളായ മേഖലകളിലേക്ക് കൃത്യമായ വിധികളും വിലക്കുകളും നൽകുന്ന മതമാണ് ഇസ്‌ലാം. വിവാഹം, വിവാഹ മോചനം, അനന്തരാവകാശ സ്വത്തിന്റെ വിതരണം, ഇടപാടുകൾ, കരാറുകൾ, കച്ചവട രംഗങ്ങൾ തുടങ്ങി ധാരാളം മേഖലകളിലേക്കുള്ള വ്യക്തിനിയമങ്ങൾ ഇസ്‌ലാം മുന്നോട്ടു വെക്കുന്നുണ്ട്. അത്തരം മേഖലകളിൽ ഇസ്‌ലാമിന്റെ അഥവാ ശരീഅത്തിന്റെ നിയമത്തെ മറികടക്കാനോ മനുഷ്യനിർമിത നിയമങ്ങളുടെ സാധ്യതകൾ തേടി പോകാനോ ഒരു മുസ്‌ലിമിന് പാടില്ലാത്തതാണ്.

മേൽ പറഞ്ഞ മേഖലകളിൽ പൂർണമായും ഇസ്‌ലാമിക നിയമങ്ങൾ പാലിക്കുവാൻ മുസ്‌ലിംകൾ ശ്രദ്ധിക്കണം എന്ന് മാത്രമല്ല പ്രസ്തുത വിഷയങ്ങളിൽ വല്ല തർക്കവിതർക്കങ്ങളും ഉണ്ടായാൽ

ഇസ്‌ലാമികമായി അതിനു പരിഹാരം കാണുകയും ശരീഅത്തിലെ നിയമ പ്രകാരം വിധിനടത്തുന്ന ഇസ്‌ലാമിക കേന്ദ്രങ്ങളെയോ അല്ലെങ്കിൽ ശരീഅഃ കോടതികളെയോ സമീപിക്കുകയും ചെയ്യേണ്ടതാണ്. ജനാധിപത്യ രാജ്യമായ നമ്മുടെ ഇന്ത്യയിൽ മുസ്‌ലിംകൾക്ക് ഇസ്‌ലാം അനുസരിച്ചു ജീവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ഉള്ളതുപോലെ തന്നെ ഇന്ത്യൻ ഭരണഘടന അംഗീകരിച്ച 'മുസ്‌ലിം വ്യക്തി നിയമമനുസരിച്ച്' കാര്യങ്ങൾ തീർപ്പാക്കുവാനുള്ള അധികാരവും അവകാശവും കോടതികൾക്കുണ്ട്. ഏതാണ്ടെല്ലാ വിഷയങ്ങളിലും ഇസ്‌ലാമിക ശരീഅത്ത് പ്രകാരം മുന്നോട്ടു പോകാൻ ഇന്ത്യയിലെ ഒരു മുസ്‌ലിമിന് സാധിക്കുന്നതാണ്. അവ ഉപയോഗപ്പെടുത്തുവാൻ മുസ്‌ലിംകൾ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം നാം നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിനെക്കാൾ നല്ല വിധികർത്താവില്ല. ഇസ്‌ലാമിക ശരീഅത്ത് മുന്നോട്ടുവെക്കുന്ന നിയമങ്ങളെക്കാൾ നല്ല നിയമങ്ങളുമില്ല.

ഇന്ത്യയിൽ ഇസ്‌ലാമിക ശരീഅത്തനുസരിച്ച് വിധിക്കുന്ന കോടതികൾ ഉള്ളതു പോലെ തന്നെ അപ്രകാരമല്ലാതെ പൊതു നിയമമനുസരിച്ച് വിധിക്കുന്ന കോടതികളുമുണ്ട്. മുസ്‌ലിംകൾ ഒരിക്കലും ഇസ്‌ലാമിക നിയമമനുസരിച്ച് തീർപ്പാക്കുവാൻ സാധിക്കുന്ന വിഷയങ്ങളിൽ ശരീഅത്തിനെ മാറ്റിവെച്ച് ഇസ്‌ലാമികേതര നിയമങ്ങളുടെ പിന്നാലെ പോയിക്കൂടാ. അപ്രകാരം സംഭവിച്ചാൽ അത് വലിയ തിന്മയായിത്തീരും എന്ന് മാത്രമല്ല ചില സന്ദർഭങ്ങളിൽ അത് അയാളെ മുനാഫിക്വാക്കി മാറ്റുകയോ ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്തു കൊണ്ടുപോവുകയോ ചെയ്യുന്നതാണ്. അത് എപ്രകാരമാണ്, അല്ലെങ്കിൽ എന്തുകൊണ്ടാണ് എന്നൊക്കെ നമുക്ക് വിശദമായി പരിശോധിക്കാം.

**ഒന്ന്: അറിവില്ലായ്മ**

ഏതൊരു വിഷയത്തിലെയും അറിവില്ലായ്മ ആ വിഷയത്തിൽ അതിക്രമം പ്രവർത്തിക്കാൻ ഒരാൾക്ക് കാരണമായിത്തീരുന്നതാണ്. 'മനുഷ്യൻ അറിവില്ലാത്തവനും അതിക്രമിയുമാണ്'(33:72) എന്ന ക്വുർആനിക വചനം നൽകുന്ന സൂചനയതാണ്. താൻ വിശ്വസിക്കുന്ന മതമായ ഇസ്‌ലാമിന്റെ മഹത്ത്വമോ അല്ലാഹുവിന്റെയും റസൂലിന്റെയും വിധികളുടെ അന്യൂനതയോ വലിപ്പമോ അവർക്കറിയില്ല. ക്വുർആനിന്റെയും ഹദീഥിന്റെയും അടിസ്ഥാനത്തിൽ ജീവിക്കണ്ടതിന്റെ പ്രാധാന്യവും അവർക്കറിയില്ല. അത്കൊണ്ട് തന്നെ അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളോടോ ഇസ്‌ലാമിക നിയമങ്ങളോടോ ആദരവോ ബഹുമാനമോ അവർക്കില്ല. അത്തരം ആളുകൾ ജീവിതത്തിലെ മറ്റു മേഖലകളെന്ന പോലെ ഇസ്‌ലാമിക ശരീഅത്തനുസരിച്ച് വിധി നടത്തപ്പെടേണ്ട രംഗങ്ങളിലും അതിനെ മാറ്റി നിർത്തുന്നതായി കാണാം. അങ്ങനെ ജീവിതത്തിൽ ഇസ്‌ലാമിക മാർഗനിർദേശങ്ങളെ മറികടന്നുകൊണ്ടുള്ള അയാളുടെ ജീവിതം അയാളെ അധർമകാരിയും അക്രമിയുമാക്കിത്തീർക്കുന്നു. ഇഹലോകത്തും പരലോകത്തും വലിയ നഷ്ടങ്ങളാണ് അവരെ കാത്തുനിൽക്കുന്നത്. 'ആർ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ലയോ അവർ തന്നെയാണ് അക്രമികൾ' (5:45) എന്ന ക്വുർആൻ സൂക്തം വിധിക്കുന്നവർക്ക് മാത്രം ബാധകമായതല്ല; മറിച്ച് അത്തരം വിധികൾ തേടി പോകുന്നവർക്കും ബാധകമാണ്. പലപ്പോഴും അജ്ഞതയാണ് ഇതിനു കാരണമായിത്തീരുന്നത്. ഏതൊരു തിന്മയും ഒരാളുടെ ഈമാനിലും ഇസ്‌ലാമിലും കുറവ് വരുത്തുന്നതാണ്. അതിനാൽ മുസ്‌ലിംകൾ ഇസ്‌ലാമിക ശരീഅത്തിന്റെ മഹത്ത്വം പഠിച്ചു മനസ്സിലാക്കുകയും മുസ്‌ലിം ഉമ്മത്തിനെ ഇത്തരം വിഷയങ്ങളിൽ ബോധവൽക്കരിക്കാൻ മതപണ്ഡിതന്മാരും പ്രബോധകന്മാരും പരിശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.

**രണ്ട്: ധിക്കാരം**

അല്ലാഹുവിന്റെയും റസൂലിന്റെയും വിധികളുടെ മഹത്ത്വം മനസ്സിലാക്കിയിട്ടും ഇസ്‌ലാമിക ശരീഅത്തിന്റെ സ്ഥാനം ഉൾക്കൊണ്ടിട്ടും സ്വാർഥ താൽപര്യങ്ങളുടെ പേരിലോ ഭൗതികമായ നേട്ടങ്ങൾക്ക് വേണ്ടിയോ അല്ലെങ്കിൽ ആരോടെങ്കിലുമുള്ള വെറുപ്പോ വിദ്വേഷമോ തീർക്കാൻ വേണ്ടിയോ ഇസ്‌ലാമിക നിയമങ്ങളെ മാറ്റിവെക്കുന്നവർ കടുത്ത ധിക്കാരികളും അനുസരണം കെട്ടവരുമാണെന്ന് പറയേണ്ടതില്ലല്ലോ. 'ആർ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ലയോ അവർ തന്നെയാണ് ധിക്കാരികൾ' (5:47) എന്ന ക്വുർആൻ വചനം ഇവിടെയും വിധിക്കുന്നവർക്ക് മാത്രം ബാധകമായതല്ല; മറിച്ച് നേരത്തെ പറഞ്ഞ കാരണങ്ങളുടെ പേരിൽ അത്തരം വിധി തേടി പോകുന്നവർക്കും ബാധകമാണ്. അപ്പോൾ വിധിക്കുന്നവരും ആ വിധി തേടി പോകുന്നവരും ധിക്കാരികളായിത്തീരും. ഇവരും ശക്തമായ ഉൽബോധനം നൽകപ്പെടേണ്ടവർ തന്നെ.

**മൂന്ന്: അവിശ്വാസം**

ഇത് നാം നേരത്തെ സവിസ്തരം വിശദീകരിച്ചതാണ്. ഒരാൾ അല്ലഹുവിന്റെയും റസൂലിന്റെയും വിധിയെക്കാൾ നല്ല വിധിയാണ് എന്നു വിശ്വസിച്ചുകൊണ്ടോ അല്ലെങ്കിൽ അല്ലാഹുവിന്റെ വിധിയോടു തുല്യം നിൽക്കുന്നതാണ് എന്ന് കരുതിക്കൊണ്ടോ അല്ലെങ്കിൽ ഇസ്‌ലാമിക ശരീഅത്ത് തനിക്കു ബാധകമല്ല എന്ന് വിശ്വസിച്ചു കൊണ്ടോ ഇസ്‌ലാമികേതര നിയമങ്ങളുടെ പിന്നാലെ പോയാൽ അയാൾ ഇസ്‌ലാമിക മില്ലത്തിൽ നിന്ന് പു

റത്തുപോകുന്ന കുഫ്‌റാണ് ചെയ്യുന്നത്. അവർ അറിവില്ലാത്തവരാണെങ്കിൽ പഠിപ്പിക്കപ്പെടണം. തൗബ ചെയ്യുകയും വേണം. അറിഞ്ഞിട്ടും മേൽ വിശ്വാസത്തിൽ ഉറച്ചുനിന്നാൽ അവർ ശരിയായ കാഫിറുകൾ തന്നെ ആയിത്തീരും. മുസ്‌ലിംകൾ വളരെ ഗൗരവത്തിൽ കാണേണ്ടുന്ന വിഷയമാണിത്.

**നാല്: ശിർക്ക്**

ഇതും നാം നേരത്തെ പ്രതിപാദിച്ചു. അല്ലാഹു ഹറാമാക്കിയത് ഹലാലാക്കുവാനും അവൻ ഹലാലാക്കിയത് ഹറാമാക്കുവാനും മറ്റൊരാൾക്ക് -അവർ ആരുതന്നെയാവട്ടെ- അവകാശമുണ്ടെന്ന് വിശ്വസിച്ചുകൊണ്ടു അല്ലാഹുവിന്റെ വിധിയെ മറികടക്കൽ. ഇതവർക്കുള്ള ഇബാദത്തും ശിർക്കുമാണെന്നു പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ഇക്കാര്യവും മുസ്‌ലിംകൾ ഗൗരവത്തിലെടുക്കേണ്ടതാണ്.

**അഞ്ച്: നിഫാക്വ്**

പ്രത്യക്ഷത്തിൽ മുസ്‌ലിമായി നടിക്കുകയും തന്റെ താൽപര്യങ്ങൾക്ക് അനുകൂലമായ വിഷയങ്ങളിൽ ഇസ്‌ലാമിക നിയമങ്ങളെ സ്വീകരിക്കുകയും എന്നാൽ തന്റെ താൽപര്യത്തിനു എതിരാണെന്ന് തോന്നിയാൽ ഇസ്‌ലാമിനെ തള്ളിപ്പറഞ്ഞു മറ്റു നിയമങ്ങളുടെ പിന്നാലെ പോവുകയും ചെയ്യുന്നവരുണ്ട്. യഥാർഥത്തിൽ അവർ മുസ്‌ലിംകളല്ല. ചില താൽപര്യങ്ങളുടെ പേരിൽ മുസ്‌ലിംകളായി നടിക്കുന്നു എന്ന് മാത്രം. ഇവരുടെ കാപട്യം കുഫ്‌റിന്റെ കാപട്യമാണ്. അല്ലാഹു തആലാ വളരെ ഗൗരവപൂർവം താക്കീത് നൽകിയ വിഷയമാണത്.

അല്ലാഹു പറയുന്നു: "അവർ പറയുന്നു; ഞങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന്. പിന്നെ അതിന് ശേഷം അവരിൽ ഒരു വിഭാഗമതാ പിൻമാറിപ്പോകുന്നു. അവർ വിശ്വാസികളല്ല തന്നെ. അവർക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അവർ വിളിക്കപ്പെട്ടാൽ അപ്പോഴതാ അവരിൽ ഒരു വിഭാഗം തിരിഞ്ഞുകളയുന്നു. ന്യായം അവർക്ക് അനുകൂലമാണെങ്കിലോ അവർ അദ്ദേഹത്തിന്റെ (റസൂലിന്റെ) അടുത്തേക്ക് വിധേയത്വത്തോട് കൂടി വരികയും ചെയ്യും. അവരുടെ ഹൃദയങ്ങളിൽ വല്ല രോഗവുമുണ്ടോ? അതല്ല അവർക്ക് സംശയം പിടിപെട്ടിരിക്കുകയാണോ? അതല്ല അല്ലാഹുവും അവന്റെ റസൂലും അവരോട് അനീതി പ്രവർത്തിക്കുമെന്ന് അവർ ഭയപ്പെടുകയാണോ? അല്ല, അവർ തന്നെയാകുന്നു അക്രമികൾ. തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ. അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ" (ക്വുർആൻ 24:47-52).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. നിനക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകാനാണ് അവർ ഉദ്ദേശിക്കുന്നത്. വാസ്തവത്തിൽ ദുർമൂർത്തികളെ അവിശ്വസിക്കുവാനാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളത്. പിശാച് അവരെ ബഹുദൂരം വഴിതെറ്റിക്കുവാൻ ഉദ്ദേശിക്കുന്നു. അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെ വിട്ട് പാടെ പിന്തിരിഞ്ഞ് പോകുന്നത് നിനക്ക് കാണാം. എന്നാൽ സ്വന്തം കൈകൾ ചെയ്ത് വെച്ചതിന്റെ ഫലമായി അവർക്ക് വല്ല ആപത്തും ബാധിക്കുകയും അനന്തരം അവർ നിന്റെ അടുത്ത് വന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് കൊണ്ട് ഞങ്ങൾ നന്മയും അനുരഞ്ജനവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്ന് പറയുകയും ചെയ്യുമ്പോഴുള്ള സ്ഥിതി എങ്ങനെയായിരിക്കും? അത്തരക്കാരുടെ മനസ്സുകളിൽ എന്താണുള്ളതെന്ന് അല്ലാഹുവിന്നറിയാം. ആകയാൽ (നബിയേ,) അവരെ വിട്ട് തിരിഞ്ഞുകളയുക. അവർക്ക് സദുപദേശം നൽകുകയും അവരുടെ മനസ്സിൽ തട്ടുന്ന വാക്ക് അവരോട് പറയുകയും ചെയ്യുക" (ക്വുർആൻ 4:59-63).

മേൽ ഉദ്ധരിച്ച ക്വുർആൻ വചനങ്ങളിൽ നിന്ന് തന്നെ വിഷയങ്ങളുടെ ഗൗരവം മനസ്സിലാക്കാവുന്നതാകുന്നു. (വിശദ വിവരങ്ങൾക്ക് മുഹമ്മദ് അമാനി മൗലവി പ്രസ്തുത വചനങ്ങൾക്ക് നൽകിയ വിശദീകരണം പരിശോധിക്കുക).

**ആറ്: വെറുപ്പ്**

ഇതും കുഫ്‌റിന്റെ അഥവാ അവിശ്വാസത്തിന്റെ മറ്റൊരു ഇനമാണ്. അല്ലാഹു അവതരിപ്പിച്ച നിയമങ്ങളോട് വെറുപ്പ് തോന്നുക. അത് എല്ലാ വിഷയങ്ങളോടും ഉണ്ടാവണമെന്നില്ല. മറിച്ച് അല്ലാഹു അവതരിപ്പിച്ച ഏതെങ്കിലും വിഷയങ്ങളോട് വെറുപ്പ് തോ

ന്നുകയും അത്തരം വിഷയങ്ങളിൽ ഇസ്‌ലാമികേതര നിയമങ്ങളെ ഇഷ്ടപ്പെടുകയും ചെയ്യുമ്പോൾ അതും കുഫ്‌റായിത്തീരുന്നു. ഒരാൾ ഇസ്‌ലാമിൽ നിന്ന് പുറത്തുപോകുന്ന കാരണങ്ങളിൽ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ ഗൗരവത്തിൽ എണ്ണിയ വിഷമാണിത്.

അല്ലാഹു പറയുന്നു: "അവിശ്വസിച്ചവരാരോ, അവർക്ക് നാശം. അവൻ (അല്ലാഹു) അവരുടെ കർമങ്ങളെ പാഴാക്കികളയുന്നതുമാണ്. അതെന്തുകൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്ത് കളഞ്ഞു. അപ്പോൾ അവരുടെ കർമങ്ങളെ അവൻ നിഷ്ഫലമാക്കിത്തീർത്തു" (ക്വുർആൻ 47:8,9).

"അത്, അല്ലാഹു അവതരിപ്പിച്ചത് ഇഷ്ടപ്പെടാത്തവരോട് ചില കാര്യങ്ങളിൽ ഞങ്ങൾ നിങ്ങളുടെ കൽപന അനുസരിക്കാമെന്ന് അവർ പറഞ്ഞിട്ടുള്ളത് കൊണ്ടാണ്. അവർ രഹസ്യമാക്കി വെക്കുന്നത് അല്ലാഹു അറിയുന്നു. അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചുകൊണ്ട് അവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ എന്തായിരിക്കും അവരുടെ സ്ഥിതി! അതെന്തുകൊണ്ടെന്നാൽ അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന കാര്യത്തെ അവർ പിന്തുടരുകയും അവന്റെ പ്രീതി അവർ ഇഷ്ടപ്പെടാതിരിക്കുകയുമാണ് ചെയ്തത്. അതിനാൽ അവരുടെ കർമങ്ങളെ അവൻ നിഷ്ഫലമാക്കികളഞ്ഞു" (ക്വുർആൻ 47:26,28).

മേൽ പറഞ്ഞ ആറു കാര്യങ്ങളിൽ ചിലത് മറ്റു ചിലതിനെക്കാൾ ഗൗരവമേറിയതാണെങ്കിലും എല്ലാം വളരെ മോശമാണ് എന്ന കാര്യത്തിൽ സംശയമേതുമില്ല. ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യങ്ങളുടെ ഗൗരവം പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിന്റെ താഴെ ഉള്ളതും വലിയ കുഫ്‌റല്ലെങ്കിലും അവിശ്വാസത്തിന്റെ മറ്റൊരു ഇനമായ ചെറിയ കുഫ്‌റായിരിക്കും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു യഥാർഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം എല്ലാം ഗൗരവപ്പെട്ടത് തന്നെ. ആയതിനാൽ മുസ്‌ലിംകൾ ഒരു കാരണവശാലും ഇസ്‌ലാമിക ശരീഅത്തനുസരിച്ച് തീർപ്പാക്കാൻ സാധിക്കുന്ന ഒരു വിഷയത്തിൽ മറ്റ് നിയമങ്ങൾ തേടി പോകാൻ പാടില്ലാത്തതാണ്.

എന്നാൽ രണ്ടു സന്ദർഭങ്ങളിൽ പൊതുനിയമമനുസരിച്ച് വിധിക്കുന്ന കോടതികളെ സമീപിക്കാൻ മുസ്‌ലിംകൾക്ക് അനുവാദമുണ്ട്.

ഒന്ന്: ശരീഅത്ത് നിയമമനുസരിച്ച് തീർപ്പാക്കാൻ ഒരു നിലയ്ക്കും അവസരമില്ലാത്തതും എല്ലാ വിഭാഗം ജനങ്ങൾക്കും ഒരേപോലെ ബാധകവുമായ വിഷയങ്ങളിൽ നമുക്ക് അവകാശപ്പെട്ട നീതി നേടിയെടുക്കാൻ പൊതുനിയമമനുസരിച്ച് വിധിക്കുന്ന കോടതികളെ സമീപിക്കാവുന്നതാകുന്നു. 'സാധിക്കുന്നത്ര നന്മ നടപ്പാക്കുക, സാധിക്കുന്നത്ര തിന്മയെ തടയുക'എന്ന തത്ത്വപ്രകാരമാണത്. തനിക്കവകാശപ്പെട്ട ഒരു നീതി പൂർണമായോ ഭാഗികമായോ നേടിയെടുക്കാൻ നാട്ടിലെ നിയമമനുസരിച്ച് ഒരാൾക്ക് സാധിക്കുമെങ്കിൽ ഇത് നേടിയെടുക്കുന്നതിൽ നിന്ന് ഇസ്‌ലാം അയാളെ വിലക്കുന്നില്ല. അത്പോലെ താൻ അനുഭവിക്കുന്ന ഒരു ഉപദ്രവത്തെ പൂർണമായോ ഭാഗികമായോ തടയാൻ സാധിക്കുമെങ്കിൽ അതിനു സഹായിക്കുന്ന പൊതുനിയമത്തെ ഉപയോഗപ്പെടുത്തുന്നതിനെയും ഇസ്‌ലാം വിലക്കുന്നില്ല. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് വിധി തീർപ്പാക്കാൻ അവസരമില്ലാത്ത സന്ദർഭത്തിൽ മാത്രമാണിത് ബാധകമാവുക. 'രണ്ടു തിന്മകളിൽ താരതമ്യേന വലിയ തിന്മയെ ഒഴിവാക്കാൻ ചെറിയ തിന്മയെ സ്വീകരിക്കുക,' 'വലിയ നന്മയെ സ്ഥാപിക്കാൻ താരതമ്യേന ചെറിയ നന്മയെ അവഗണിക്കുക' തുടങ്ങിയ ഇസ്‌ലാമിക കർമശാസ്ത്രത്തിലെ അടിസ്ഥാനങ്ങൾ വെച്ചുകൊണ്ടാണ് പണ്ഡിതന്മാർ ഇത് വിശദീകരിച്ചിട്ടുള്ളത്. മുസ്‌ലിംകൾക്ക് അവകാശപ്പെട്ട നന്മകൾ അവർക്ക് ഒരു കാരണവശാലും തടയപ്പെടാതിരിക്കുവാനും അന്യായമായി അവർ ഉപദ്രവിക്കപ്പെടാതിരിക്കുവാനും അത് മാത്രമേയുള്ളൂ മാർഗം. അത്തരം നിർബന്ധിത ഘട്ടങ്ങളിൽ പൊതുനിയമത്തെ മുസ്‌ലിംകൾ ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ അവർ ഭരണകൂടത്താലും ജനങ്ങളാലും അനീതിക്ക് വിധേയമാക്കപ്പെടും എന്ന കാര്യത്തിൽ സംശയമേതുമില്ല.

രണ്ട്: ഇസ്‌ലാമിക ശരീഅത്തനുസരിച്ച് വിധി തീർപ്പാക്കുവാൻ അവസരമുണ്ടെങ്കിലും എതിർകക്ഷി മുസ്‌ലിമല്ലെങ്കിൽ; അല്ലെങ്കിൽ മുസ്‌ലിമാണ്, പക്ഷേ ഇസ്‌ലാമിക ശരീഅത്തനുസരിച്ച് കാര്യം തീർപ്പാക്കാൻ താൽപര്യമില്ലാത്ത അക്രമിയാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ പൊതുകോടതിയെ സമീപിക്കാൻ ഒരാൾ നിർബന്ധിതനാകുന്നു. ഇവിടെയും നേരത്തെ പറഞ്ഞ തത്ത്വമാണ് ബാധകമാവുക. 'പരമാവധി നന്മ നേടിയെടുക്കുക, പരമാവധി തിന്മയെ തടയുക' തുടങ്ങിയ നിയ്യത്തോട് കൂടിയാണ് അയാൾ അത് ചെയ്യേണ്ടത്. ഇല്ലെങ്കിൽ തനിക്കവകാശപ്പെട്ട നീതി പൂർണമായോ ഭാഗികമായോ അയാൾക്ക് നഷ്ടപ്പെടും. അന്യായമായി അയാൾ ഉപദ്രവിക്കപ്പെടുകയും ചെയ്യും. ഇതൊഴിവാക്കാൻ നിർബന്ധിത ഘട്ടങ്ങളിൽ പൊതുനിയമത്തെ സമീപിക്കാൻ ഇസ്‌ലാം ഒരാൾക്ക് അനുവാദം നൽകുന്നു. ഇത്തരം സന്ദർഭങ്ങളിൽ അല്ലാതെ നേരത്തെ നാം വിശദീകരിച്ച ആറു കാരണങ്ങളാൽ ഇസ്‌ലാമികേതര നിയമങ്ങൾ തേടി പോകാൻ ഒരു മുസ്‌ലിമിനെ ഇസ്‌ലാം ഒരിക്കലും അനുവദിക്കുന്നില്ല എന്ന് നാം സഗൗരവം മനസ്സിലാക്കുക. സർവശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ. ●

അഷ്‌റഫ് എകരൂൽ
ashrafekarul@gmail.com



# ക്വുർആനും ഉപമകളും

**ആശയത്തെ ഏറ്റവും ഗ്രാഹ്യവും ഹൃദ്യവും ഹ്രസ്വവുമായി പരിചിത തലത്തിലേക്ക് കൊണ്ട് വരികയാണ് ഉപമകൾ കൊണ്ടുള്ള ഉദ്ദേശ്യം. അദൃശ്യമായവയോ അപ്രാപ്യമായവയോ ആയതിനെ കണ്ണിനും മനസ്സിനും ബോധ്യമാവുന്ന തലത്തിലേക്ക് മാറ്റി അവതരിപ്പിക്കുമ്പോൾ മനസ്സിന്റെ ആഴങ്ങളിൽ അത് മായാതെ കിടക്കും. ആ അർഥത്തിൽ ക്വുർആനിലെ ഉപമകൾ അതിഗംഭീരവും പഠനാർഹവുമാണ്.**

"തീർച്ചയായും ജനങ്ങൾക്കുവേണ്ടി എല്ലാവിധ ഉപമകളും ഈ ക്വുർആനിൽ നാം വിവിധ തരത്തിൽ വിവരിച്ചിരിക്കുന്നു. എന്നാൽ മനുഷ്യൻ അത്യധികം തർക്കസ്വഭാവമുള്ളവനത്രെ" (ക്വുർആൻ 18:54).

"ആ ഉപമകൾ നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെപ്പറ്റി ചിന്തിച്ച് മനസ്സിലാക്കുകയില്ല" (ക്വുർആൻ 21:43).

വിശുദ്ധ ക്വുർആൻ കേവലമായ നിയമാവലികളുടെയും വിധിവിലക്കുകളുടെയും മാത്രം സമാഹാരമല്ല. മറിച്ച് സംസ്‌കരണത്തിന്റെയും ശിക്ഷണത്തിന്റെയും സന്മാർഗത്തിന്റെയും കൂടി ഗ്രന്ഥമാണ്. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയവയുടെ നേരായ നിലനിൽപിനായുള്ള സ്രഷ്ടാവിന്റെ സമ്മാനം.

ഇതിനാൽ തന്നെ വസ്തുതകളെ അവതരിപ്പിക്കുന്നതിൽ മനുഷ്യന്റെ മനസ്സിനെയും ധിഷണയെയും പരസ്പരം ബന്ധിപ്പിക്കും വിധത്തിലുള്ള ഒരു സംവേദന ആവിഷ്‌കാര രീതിയാണ് ക്വുർആൻ അവലംബിച്ചിട്ടുള്ളത്. ഇതിൽ മുഖ്യ തലമാണ് ഉപമാലങ്കാരങ്ങളുടെ ഉപയോഗങ്ങൾ.

ബുദ്ധിക്കും മനസ്സിനും ദൃഢത നൽകുന്നതിനും ആശയങ്ങൾക്കും ആദർശങ്ങൾക്കും അവ്യക്തതകളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മുക്തി നൽകുന്നതിനും ഉതകുന്നതാണ് ഉപമകൾ ചേർത്തുള്ള ക്വുർആനിന്റെ അവതരണ ശൈലി.

ബുദ്ധിശാലികൾക്ക് കൂടുതൽ ചിന്തനീയമാവാനാണ് നാം ഉപമകൾ കൊണ്ട് വരുന്നതെന്ന അല്ലാഹുവിന്റെ പ്രഖ്യാപനം, ക്വുർആൻ ആഴത്തിൽ മനസ്സിലാക്കുന്നതിൽ ഈ വിഷയത്തിന്റെ പ്രാധാന്യം ബോധിപ്പിക്കുന്നുണ്ട്. പഠനവും ചിന്തയും തന്മൂലമുണ്ടാക്കുന്ന സമർപ്പണവുമാണ് ക്വുർആൻ അതിന്റെ വായനക്കാരിൽ നിന്നും പഠിതാക്കളിൽ നിന്നും ആവശ്യപ്പെടുന്നത്. അവ സാധൂകരിക്കാൻ ഈ തലങ്ങളിൽ പഠിതാക്കൾ ശ്രദ്ധയൂന്നേണ്ടതുണ്ട്.

### ഉപമകൾ

ഒരു ആശയത്തെ ഏറ്റവും ഗ്രാഹ്യവും ഹൃദ്യവും ഹ്രസ്വവുമായി സുപരിചിതമായ രീതിയിൽ കൊണ്ട് വരികയാണ് ഉപമകൾ കൊണ്ടുള്ള ഉദ്ദേശ്യം. അദൃശ്യമായവയോ അപ്രാപ്യമായവയോ കണ്ണിനും മനസ്സിനും പ്രാപ്യമായ തലത്തിലേക്ക് മാറ്റി അവതരിപ്പിക്കുമ്പോൾ മനസ്സിൽ ആഴത്തിൽ പതിക്കുകയും ഓർമകളിൽ മായാതെ കിടക്കുകയും ചെയ്യും. ആ അർഥത്തിൽ ക്വുർആനിലെ ഉപമകൾ അതിഗംഭീരവും പഠനാർഹവുമാണ്.

പൊതുവായി രണ്ട് തരത്തിലാണ് ഉപമകളെ ക്വുർആൻ ആവിഷ്കരിച്ചിട്ടുള്ളത്.

1). ഉപമാരാങ്കാല പദങ്ങൾ ഉപയോഗിച്ചുള്ള വിവരണം. ഉദാഹരണം വേദഗ്രന്ഥം ലഭിച്ചിട്ടും അതിനെ പഠന വിധേയമാക്കാതെ കേവലാനുയായികളായി മാറിയ സമൂഹത്തെ കുറിച്ചുള്ള ഉപമ. .

“തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ) ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടേത് പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു കളഞ്ഞ ജനങ്ങളുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല” (ക്വുർആൻ 62:5)

2). പ്രത്യക്ഷമായ ഉപമലങ്കാര പ്രയോഗങ്ങളുടെ സങ്കേതങ്ങളെ ഉപയോഗിക്കാതെയും എന്നാൽ അവ ഉൾകൊള്ളിച്ചും കൊണ്ടുള്ള അവതരണം.

ഉദാഹരണം: സമ്പത്ത് ചെലവിടുന്നതിന്റെ മധ്യമ നിലപാട് പഠിപ്പിക്കുന്ന വചനത്തിന്റെ ശൈലി.

“നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്ന പക്ഷം നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും” (ക്വുർആൻ 17:29).

ഏത് ഇനം ഉപമകളാണെങ്കിലും അവ മുഖേന അല്ലാഹു മനുഷ്യനെ ബോധ്യപ്പെടുത്തുന്ന വസ്തുത, ‘മനുഷ്യാ! സത്യം ഞാൻ നിനക്ക് തെളിയിച്ചു തന്നു, നിരർഥകതയെ ഞാൻ പൊളിച്ചു, നേർമാർഗം നിന്നിലേക്കടുപ്പിച്ചു. അല്ലാഹുവിന്റെ ഏകത്വം ബഹുദൈവത്വത്തിൽ നിന്ന് വേർതിരിച്ചറിയാതിരിക്കുന്നതിലോ, തിന്മകളുടെ കൂട്ടത്തിൽ നിന്ന് നന്മകളെ കണ്ടെത്താതിരിക്കുന്നതിലോ, നിനക്ക് യാതൊരു ന്യായീകരണവും പറയാനില്ല’ എന്ന സത്യമാണ്. അഥവാ പൂർണബോധ്യത്തോടെ സമർപണം ചെയ്തുകൊണ്ട് സ്വർഗാവകാശി ആവുകയോ അല്ലെങ്കിൽ ബോധ്യപ്പെട്ടിട്ടും ധിക്കാരിയായതിനാൽ നരകാവകാശിയാവുകയോ ചെയ്യുക.

### ഉപമകൾ കൊണ്ടുള്ള ലക്ഷ്യങ്ങളും നേട്ടങ്ങളും

അല്ലാഹുവിന്റെ ഉപമകൾ ഏറ്റവും കുറ്റമറ്റതും ശക്തവും അർഥങ്ങൾക്ക് പൂർണത നൽകുന്നതുമായിരിക്കും. വിവിധ തരം ലക്ഷ്യങ്ങളോടെയാണ് അല്ലാഹു ഉപമകൾ ഉപയോഗിച്ചിരിക്കുന്നത്. ചിലപ്പോൾ സത്യത്തെ ശക്തിപ്പെടുത്തുവാനാണെങ്കിൽ മറ്റു ചിലപ്പോൾ നിരർഥകതയെ നിന്ദിക്കാനാവും. വേറെ ചിലപ്പോൾ ഹൃദയങ്ങൾക്ക് ആശ്വാസകരമായ ഉപദേശമായിട്ടാകും. വിശ്വാസവും കർമ മണ്ഡലങ്ങളും സ്വഭാവങ്ങളുമെല്ലാം അടങ്ങിയ വ്യത്യസ്ത മേഖലകൾ അല്ലാഹു ഉപമകളിലൂടെ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ചിലത് കാണുക:

1. അല്ലാഹുവിന്റെ ഏകത്വത്തെ സ്ഥാപിക്കുക.

2. വിശ്വാസ തലങ്ങൾക്ക് ദൃഢത നൽകുന്ന രീതി.

3. കുഫ്റിന്റെ നിരർഥകത വെളിപ്പെടുത്തുകയും അവിശ്വാസികളുടെ ന്യായീകരണങ്ങൾക്ക് മറുപടിയുമാകുന്ന രീതി.

4. കപട വിശ്വാസികളുടെ മുഖം മൂടി അഴിക്കുന്ന രീതി.

5. നന്മകൾക്കുള്ള വിളിയാളവും തിന്മകളെക്കുറിച്ചുള്ള താക്കീതും.

**ബുദ്ധിക്കും മനസ്സിനും ദൃഢത നൽകുന്നതിനും ആശയങ്ങൾക്കും ആദർശങ്ങൾക്കും അവ്യക്തതകളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മുക്തി നൽകുന്നതിനും ഉതകുന്നതാണ് ഉപമകൾ ചേർത്തുള്ള ക്വുർആനിന്റെ അവതരണ ശൈലി. ബുദ്ധിശാലികൾക്ക് കൂടുതൽ ചിന്തനീയമാവാനാണ് നാം ഉപമകൾ കൊണ്ട് വരുന്നതെന്ന അല്ലാഹുവിന്റെ പ്രഖ്യാപനം, ക്വുർആൻ ആഴത്തിൽ മനസ്സിലാക്കുന്നതിൽ ഈ വിഷയത്തിന്റെ പ്രാധാന്യം ബോധിപ്പിക്കുന്നുണ്ട്.**

6. നല്ലതും ചീത്തയും വേർതിരിക്കുന്ന രീതി.

ഇത് പോലെ ക്വുർആനിലെ ഉപമകൾ കൊണ്ടുള്ള ധാരാളം ലക്ഷ്യങ്ങളും ഉപകാരങ്ങളും പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

1. അദൃശ്യലോകത്തെ ഒരനുഭവത്തെ ദൃശ്യലോകത്തേതുമായി ഉപമിക്കുക. തന്മൂലം ഉൾക്കൊള്ളാൻ എളുപ്പമാകുന്നു. ഉദാ: പലിശതിന്നുന്നവന്റെ പരലോകത്തെ അവസ്ഥ:

"പലിശ തിന്നുന്നവർ പിശാചുബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല"(ക്വുർആൻ 2:275).

2. സൽകർമങ്ങളനുഷ്ഠിക്കാനുള്ള പ്രോത്സാഹനം നൽകാൻ വേണ്ടിയുള്ളത്.

ഉദാ: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്'' (ക്വുർആൻ 2:261).

3. ചീത്ത പ്രവൃത്തികളിൽ നിന്നും മനുഷ്യനെ അകറ്റാൻ ഉതകുന്ന വിധം കാര്യങ്ങൾ പറഞ്ഞുതരിക. ഉദാ:

"നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 49:12).

4. ഉപമകൾക്ക്, ആശയങ്ങൾ ഹൃദയത്തിൽ ശക്തമായി പതിപ്പിക്കാനും നല്ല ഒരു ഉപദേശകന്റെ സ്ഥാനത്തിരിക്കാനും കഴിയും. അല്ലാഹു പറയുന്നു:

"ആ ഉപമകൾ നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെപ്പറ്റി ചിന്തിച്ച് മനസ്സിലാക്കുകയില്ല" (ക്വുർആൻ 29:43).

അല്ലാഹു ഉപമിക്കാൻ തെരഞ്ഞെടുത്ത കാര്യങ്ങൾ എത്രെ വൈവിധ്യവും ചിന്തനിയുമാണ്! മനുഷ്യജീവിതവുമായി കെട്ടുപിണഞ്ഞു കിടക്കുന്നതും ദൈനംദിന ഇടപെടലുകൾക്ക് നടുവിലുള്ളതുമാണ് അവയൊക്കെയും. അത് ചിലപ്പോൾ സസ്യങ്ങളോ വൃക്ഷങ്ങളോ ആവാം.

"അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു. അതിന്റെ രക്ഷിതാവിന്റെ ഉത്തരവനുസരിച്ച് അത് എല്ലാ കാലത്തും അതിന്റെ ഫലം നൽകിക്കൊണ്ടിരിക്കും. മനുഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു. ദുഷിച്ച വചനത്തെ ഉപമിക്കാവുന്നതാകട്ടെ, ഒരു ദുഷിച്ച വൃക്ഷത്തോടാകുന്നു. ഭൂതലത്തിൽ നിന്ന് അത് പിഴുതെടുക്കപ്പെട്ടിരിക്കുന്നു. അതിന്ന് യാതൊരു നിലനിൽപുമില്ല" (ക്വുർആൻ 14:24-26).

ചിലപ്പോൾ മൃഗങ്ങളുടെ കൂട്ടത്തിൽ നിന്നാവാം. സത്യത്തിൽ നിന്ന് ഊരിച്ചാടി പിശാചിന്റെ പിന്നാലെ പോകുന്നവനെ നായയോട് ഉപമിച്ചത് കാണുക:

"നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന്ന് ഉയർച്ച നൽകുമായിരുന്നു. പക്ഷേ, അവൻ ഭൂമിയലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടെത് പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളിയവരുടെ ഉപമ. അതിനാൽ (അവർക്ക്) ഈ കഥ വിവരിച്ചുകൊടുക്കൂ. അവർ ചിന്തിച്ചെന്ന് വരാം" (ക്വുർആൻ 7:176).

മറ്റു ചിലപ്പോൾ മനുഷ്യനെ തന്നെ ഉപമിക്കും. സന്മാർഗിയയെയും ദുർമാർഗിയെയും ഉപമിച്ച പോലെ.

"(ഇനിയും) രണ്ട് പുരുഷൻമാരെ അല്ലാഹു ഉപമയായി എടുത്തുകാണിക്കുന്നു. അവരിൽ ഒരാൾ യാതൊന്നിനും കഴിവില്ലാത്ത ഊമയാകുന്നു. അവൻ തന്റെ യജമാനന് ഒരു ഭാരവുമാണ്. അവനെ എവിടേക്ക് തിരിച്ചുവിട്ടാലും അവൻ യാതൊരു നൻമയും കൊണ്ട് വരില്ല. അവനും, നേരായ പാതയിൽ നിലയുറപ്പിച്ചുകൊണ്ട് നീതി കാണിക്കാൻ കൽപിക്കുന്നവനും തുല്യരാകുമോ?" (ക്വുർആൻ 16:76).

സാഹിത്യ സാമ്രാട്ടുകളുടെ നടുവിൽ നിന്ന് അതിസാഹിത്യ സമ്പുഷ്ടിയോടെ ക്വുർആൻ വചനങ്ങൾ ഓതിക്കൊടുത്തപ്പോൾ അതിനിസ്സാര വസ്തുക്കളെ ഉപമിക്കുന്നത് ഉന്നത സാഹിത്യനിലവാരത്തിന്ന് അനുഗുണമല്ല എന്നായിരുന്നു എതിരാളികൾക്ക് പറയുവാനുണ്ടായിരുന്നത്. അതിന് അല്ലാഹു നൽകിയ മറുപടി ഇതാണ്:

"ഏതൊരു വസ്തുവെയും ഉപമയാക്കുന്നതിൽ അല്ലാഹു ലജ്ജിക്കുകയില്ല; തീർച്ച. അതൊരു കൊതുകോ അതിലുപരി നിസ്സാരമോ ആകട്ടെ. എന്നാൽ വിശ്വാസികൾക്ക് അത് തങ്ങളുടെ നാഥന്റെ പക്കൽനിന്നുള്ള സത്യമാണെന്ന് ബോധ്യമാകുന്ന

താണ്. സത്യനിഷേധികളാകട്ടെ ഈ ഉപമകൊണ്ട് അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നത് എന്ന് ചോദിക്കുകയാണ് ചെയ്യുക. അങ്ങനെ ആ ഉപമ നിമിത്തം ധാരാളം ആളുകളെ അവൻ പിഴവിലാക്കുന്നു. ധാരാളം പേരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അധർമകാരികളല്ലാത്ത ആരെയും അത് നിമിത്തം അവൻ പിഴപ്പിക്കുകയില്ല" (ക്വുർആൻ 2:26).

ഒരു കൊതുക് നമ്മുടെകണ്ണിൽ എത്ര നിസ്സാരം! പക്ഷേ, ഒരു ചെറു ജീവി പോലും നിസ്സാരമല്ല; അതിൽ അടങ്ങിയ ദൈവിക ദൃഷ്ടാന്തങ്ങളെ കുറിച്ച് നാം ചിന്തിക്കുകയാണെങ്കിൽ. ഈ പ്രപഞ്ചത്തിലെ ഓരോ കണികയിലും അല്ലാഹു തെളിവുകൾ ഒളിപ്പിച്ചു വെച്ചിട്ടുണ്ട്; ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമായി.

ഒരു കവി പാടി: "കാര്യങ്ങളിലും വർത്തമാനങ്ങളിലും ഒരു ചെറുതിനെയും നിസ്സാരവത്കരിക്കരുത്. കാരണം ഒരു ഈച്ച മതി സിംഹത്തിന്റെ കണ്ണിൽ രക്തം പൊടിക്കാൻ..."

ക്വുർആനിൽ ഉപമയായി പറഞ്ഞ മറ്റൊരു ജീവി ഈച്ചയാണ്. അതാവട്ടെ അതി ഗൗരവമായ മുഖവരയോട് കൂടിയാണ് അല്ലാഹു ഉപമ വിവരിക്കുന്നത് . സൂറത്തുൽ ഹജ്ജിലെ 73ഉം 74ഉം വചനങ്ങൾ നോക്കുക.

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ; അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു" (ക്വുർആൻ 15:73, 74).

അല്ലാഹുവേതര ആരാധ്യന്മാരുടെ ദുർബലത കാണിക്കുവാനാണ് അല്ലാഹു ഈ ഉപമ നൽകിയിരിക്കുന്നത്.

ഇന്ന് ഇത്തരം ജീവികളുടെ പ്രകൃതിയെ കുറിച്ചുള്ള മെഡിക്കൽ പഠനങ്ങൾക്കായി മനുഷ്യൻ എത്ര സമയവും സാങ്കേതിക ഉപകരണങ്ങളുമാണ് ഉപയോഗിക്കുന്നത്! അവയിലുള്ള അത്ഭുതപ്പെടുത്തുന്ന സൃഷ്ടി വൈഭവം തന്നെ അതിന് നിമിത്തം. ഒരു ഈച്ചയുടെ കാര്യം ഇതാണെങ്കിൽ മനുഷ്യ സൃഷ്ടിപ്പിൽ അടങ്ങിയ അത്ഭുതങ്ങൾ മനുഷ്യൻ അറിഞ്ഞതും അറിയാത്തതും എത്രെയുണ്ടാവും! ഏകനായ അല്ലാഹുവിനെ കൂടുതൽ അറിയാനും അവന്നു വഴിപ്പെടാനും ഈ അറിവും ചിന്തയും മനുഷ്യനെ സഹായിക്കുന്നു.

ചിലയിടങ്ങളിൽ ഇരട്ട ഉപമകൾ കാണാം. അഗ്നിയും വെള്ളവും ഉപമിക്കുന്നതിലെ അത്ഭുതം അവർണനീയമാണ്. ഒരിടത്ത് കപട വിശ്വാസികളുടെ കാര്യത്തിലാണെങ്കിൽ മറ്റൊരിടത്തു സത്യവിശ്വാസിയുടെ കാര്യത്തിലാണ് ഇവ ഉപമിച്ചിരിക്കുന്നത്. കപട വിശ്വാസികളുടെ അവസ്ഥ വിവരിക്കുന്ന ചിലവചനങ്ങൾ കാണുക:

"അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അയാൾ തീ കത്തിച്ചു. പരിസരമാകെ പ്രകാശിതമായപ്പോൾ അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളയുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു; ബധിരരും ഊമകളും അന്ധൻമാരുമാകുന്നു അവർ. അതിനാൽ അവർ (സത്യത്തിലേക്ക്) തിരിച്ചുവരികയില്ല. അല്ലെങ്കിൽ (അവരെ) ഉപമിക്കാവുന്നത് ആകാശത്തുനിന്നു ചൊരിയുന്ന ഒരു പേമാരിയോടാകുന്നു. അതോടൊപ്പം കൂരിരുട്ടും ഇടിയും മിന്നലുമുണ്ട്. ഇടിനാദങ്ങൾ നിമിത്തം മരണം ഭയന്ന് അവർ വിരലുകൾ ചെവിയിൽ തിരുകുന്നു. എന്നാൽ അല്ലാഹു സത്യനിഷേധികളെ വലയം ചെയ്തിരിക്കുകയാണ്" (ക്വുർആൻ 2:17-19).

തീ വെളിച്ചത്തിന്റെ സ്രോതസ്സും വെള്ളം ജീവന്റെ സ്രോതസ്സുമാണ്. ഹൃദയത്തെ പ്രകാശിപ്പിക്കുന്ന ഇസ്‌ലാമിനെ അവർക്കു ലഭിച്ചു. അതിന്റെ വെളിച്ചം അവർ സ്വീകരിച്ചില്ല. അവരെ ഇരുട്ടിലുപേക്ഷിച്ചു. ശക്തമായ മഴയാവട്ടെ അവരുടെ കാര്യത്തിൽ ഭീതിയും അസ്വസ്ഥതയും നിറച്ചുകൊണ്ട് അവർക്കു നേരെ പെയ്തിറങ്ങിക്കൊണ്ടിരുന്നു.

എന്നാൽ ഇതേ മഴയെയും തീയിനെയും അല്ലാഹു സത്യവിശ്വാസികളുടെ കാര്യത്തിൽ ഉപമിക്കുന്നത് കാണുക:

"അവൻ (അല്ലാഹു) ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്‌വരകളിലൂടെ അ

**ജീവികളുടെ പ്രകൃതിയെ കുറിച്ചുള്ള മെഡിക്കൽ പഠനങ്ങൾക്കായി മനുഷ്യൻ എത്ര സമയവും സാങ്കേതിക ഉപകരണങ്ങളുമാണ് ഉപയോഗിക്കുന്നത്! അവയിലുള്ള അത്ഭുതപ്പെടുത്തുന്ന സൃഷ്ടി വൈഭവം തന്നെ അതിന് നിമിത്തം. ഒരു ഈച്ചയുടെ കാര്യം ഇതാണെങ്കിൽ മനുഷ്യ സൃഷ്ടിപ്പിൽ അടങ്ങിയ അത്ഭുതങ്ങൾ മനുഷ്യൻ അറിഞ്ഞതും അറിയാത്തതും എത്രെയുണ്ടാവും! ഏകനായ അല്ലാഹുവിനെ കൂടുതൽ അറിയാനും അവന്നു വഴിപ്പെടാനും ഈ അറിവും ചിന്തയും മനുഷ്യനെ സഹായിക്കുന്നു.**

വയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുകി. അപ്പോൾ ആ ഒഴുക്ക് പൊങ്ങി നിൽക്കുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ച് കൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽ നിന്നും അത് പോലുള്ള നുരയുണ്ടാകുന്നു. അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു" (ക്വുർആൻ 13:17).

മനുഷ്യന്റെ ചിന്തക്കും കേൾവിക്കും കാഴ്ചക്കും ജീവൻ നൽകുന്ന ദിവ്യസന്ദേശത്തെ സസ്യങ്ങളെ മുളപ്പിച്ച് ഭൂമിക്കു ജീവൻ നൽകുന്ന മഴയോട് ഉപമിച്ചിരിക്കുന്നു. വലിയ ഹൃദയങ്ങൾ താഴ്‌വരകൾ കണക്കെ വലിയ അറിവും ഈമാനും ഉൾകൊള്ളുന്നു. ചെറിയ ഹൃദയങ്ങൾ ചെറിയ താഴ്‌വരകൾ പോലെ അവയ്ക്കാവുന്നതും. ദുർചിന്തകളെയും ദുസ്സംശയങ്ങളെയും നുര പോലെ അവ പോക്കിക്കളയുന്നു. ലോഹങ്ങൾ കത്തിച്ചെടുക്കുമ്പോൾ അതിലെ കേടുപാടുകൾ എല്ലാം നശിച്ചു സ്ഫുടം ചെയ്തെടുക്കപ്പെടും പോലെ അവരുടെ ഈമാൻ ഏറെ തെളിമയോടെ അവശേഷിക്കുന്നു.

വിശ്വാസിയുടെ ഹൃദയത്തിൽ ദിവ്യവെളിച്ചം കടക്കുമ്പോൾ ദുർചിന്തകളും വേണ്ടാത്തരങ്ങളും കരിഞ്ഞില്ലാതായി സ്ഫുടം ചെയ്ത വ്യക്തിത്വം വളർന്നുവരുന്നു. സത്യവിശ്വാസം സ്വീകരിക്കുന്നവർക്ക് അത് നിരസിക്കുന്നവരിൽ നിന്ന് വ്യത്യസ്തമായി ലഭിക്കുന്ന പുതുജീവനും തിളക്കവുമാണ് അല്ലാഹു ഇതിലൂടെ അനാവരണം ചെയ്യുന്നത്

പ്രകൃതിയുടെ ചില തുടിക്കുന്ന കാഴ്ചകളെ ഉപമിക്കുന്ന പല സ്ഥലങ്ങളിലും അല്ലാഹു മൊട്ടക്കുന്നുകളും മണലും കാറ്റും എല്ലാം കൂട്ടിയിണക്കി നൽകുന്ന ചിത്രം അർഥ ഗർഭവും മനോഹരവുമാണ്. ദൈവപ്രീതി പ്രതീക്ഷിക്കാതെ ഭൗതിക താൽപര്യങ്ങൾക്ക് വേണ്ടി പുണ്യം ചെയ്യുകയും അവ എടുത്തു പറഞ്ഞു ഉപദ്രവിക്കുകയും ചെയ്യുന്നതിന്റെ ഗൗരവം കാണിക്കുന്ന ഒരു രംഗമാണത്:

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തു പറഞ്ഞ് കൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറ മേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയില്ല. അല്ലാഹു സത്യനിഷേധികളായ ജനതയെ നേർവഴിയിലാക്കുകയില്ല" (ക്വുർആൻ 2:264).

വിശ്വാസത്തിന്റെ അടിത്തറയില്ലാതെ നന്മ ചെയ്ത വാദവുമായി വരുന്ന സത്യനിഷേധികളുടെ പരലോകത്തെ അവസ്ഥ വിവരിക്കുന്ന ഒരു ഉപമ കാണുക. എത്ര ലളിതമായാണ് മനുഷ്യ ബുദ്ധിക്കുമുന്നിൽ അവരുടെ നിസ്സാഹായത അല്ലാഹു നമുക്ക് വരച്ചു തരുന്നത്!

"അവിശ്വസിച്ചവരാകട്ടെ അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായി തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തു കൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ" (ക്വുർആൻ 24:39).

"അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു. (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ (കടലിനെ) പൊതിയുന്നു. അതിനു മീതെ വീണ്ടും തിരമാല. അതിനു മീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല" (ക്വുർആൻ 24:40).

അല്ലാഹുവിന് പുറമെ മനുഷ്യൻ രക്ഷാധികാരിയും ദൈവവുമായി സങ്കൽപിക്കുന്നവയുടെ ദൗർബല്യവും അശക്തിയുമെല്ലാം മനുഷ്യന് ലളിതമായി ബോധ്യപ്പെടാൻ ഉതകുന്ന വിധം പർവതങ്ങൾ മുതൽ കാരക്കക്കുരുവിന്റെ പാടവരെ ഉപമകളായി അല്ലാഹു എടുത്തു കാണിക്കുന്നുണ്ട്.

ഓരോന്നും വിശദവും ആഴമേറിയതുമായ പഠനവും ചിന്തയും ആവശ്യപ്പെടുന്നുണ്ട്. കേവലം വായിച്ച് പോകേണ്ടതല്ല ക്വുർആനിലെ ഉപമകൾ എന്നർഥം. മറിച്ച് ക്വുർആൻ പഠിതാക്കൾ എന്ന നിലയ്ക്ക് ക്വുർആനിലെ ഓരോ മേഖലക്കും പ്രാധാന്യം നൽകി ചിന്തകൊടുത്ത് പഠിക്കണം. അത് കൊണ്ടാണ് അല്ലാഹു പറഞ്ഞത്:

"അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു" (ക്വുർആൻ 4:82).

"അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ" (ക്വുർആൻ 47:24). ●

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ആരാണ് ശിയാക്കൾ? ഭാഗം: 6



# ‘വഹ്‌യ് ലഭിക്കുന്ന’ ഇമാമുമാർ!

**ജി**ബ്‌രീലിനെക്കാൾ ഉൽകൃഷ്ഠനായ മലക്കുണ്ടെന്നും ശിയാഇമാമുമാർക്ക് വഹ്‌യുണ്ടെന്നും ശിയാഗ്രന്ഥങ്ങളിലുണ്ട്. ഹുജ്ജതുൽ ഇസ്‌ലാം എന്ന് ശിയാക്കൾ സ്ഥാനം കൽപിക്കുന്ന കുലയ്‌നിയുടെ ഗുരു മുഹമ്മദുസ്സ്വഫ്ഫാറിന്റെ ഗ്രന്ഥമായ ‘ബസ്വാഇറുദ്ദറജാതിൽകുബ്‌റാ’ എന്ന ഗ്രന്ഥത്തിൽ അല്ലാഹു ത്വാഇഫിലും മറ്റും വെച്ച് അലിയ്യി ﷺ നോട് രഹസ്യസംഭാഷണം നടത്തിയെന്നും അവർക്കിടയിൽ ജിബ്‌രീൽ ഇറങ്ങിയെന്നും അറിയിക്കുന്ന ഒരു അധ്യായം തന്നെ കാണാം. ആ അധ്യായത്തിനു താഴെ ശിയാ ഇമാമുമാർക്ക് വഹ്‌യുണ്ടെന്നും ജിബ്‌രീലിനെക്കാൾ ഉൽകൃഷ്ഠനായ മലക്കുണ്ടെന്നും പറയുന്ന പല ശിയാ നിവേദനങ്ങളും സ്വഫ്ഫാർ നൽകിയിട്ടുണ്ട്.

ശിയാ ശയ്ഖായ ഹുർറുൽആമിലി തന്റെ ഗ്രന്ഥമായ ‘അൽഫുസ്വൂലുൽ മുഹിമ്മ’യിൽ എഴുതുന്നു: “നിശ്ചയം മലക്കുകൾ ക്വദ്‌റിന്റെ രാവിൽ(ലൈലതുൽക്വദ്‌റിൽ) ഭൂമിയിലേക്ക് ഇറങ്ങുകയും ഇമാമുമാരോട് ആ വർഷത്തെ വിധി നിർണയം മുഴുവൻ പറയുകയും ചെയ്യും. നിശ്ചയം, നബിമാരുടെ മുഴുവൻ അ റിവുകളും ഇമാമുമാർ അറിയുന്നു.”(43)

### ഇമാമുമാരിലുള്ള ശീഈ തീവ്രത

ഏതാനും ഉദാഹരണങ്ങൾ

ഇമാമുമാരുടെ വിഷയത്തിൽ ശിയാക്കളുടെ തീവ്രതക്ക് ഉദാഹരണമാണ് കുലയ്‌നിയുടെ അൽകാഫീ എന്ന ഗ്രന്ഥത്തിലെ ചില അധ്യായങ്ങൾ. അവയിൽ ചിലത് ഇപ്രകാരമാണ്:

(ശയ്ഖ് അബ്ദുൽമുഹ്സിൻ അൽബദ്‌റിന്റെ ഫദ്‌ലുഅഹ്‌ലിൽബയ്ത് വ ഉലുവ്വി മൻസിലതിഹിം ഇൻദ അഹ്‌ലിസ്സുന്നഃ എന്ന ഗ്രന്ഥത്തിന്റെ വിവർത്തനത്തിൽ നിന്നാണ് ഈ ഭാഗം എടുത്തിട്ടുള്ളത്).

1. ഇമാമുമാർ അല്ലാഹുവിന്റെ ഭൂമിയിൽ അവന്റെ പ്രതിനിധികളും അവനിലേക്ക് എത്തിപ്പെടുവാനുള്ള കവാടങ്ങളുമാകുന്നു എന്നത് പ്രതിപാദിക്കുന്ന അധ്യായം. (1:193).

2. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറഞ്ഞ അടയാളങ്ങളാകുന്നു ഇമാമുമാർ എന്നത് പ്രതിപാദിക്കുന്ന അധ്യായം. (1:206). ഈ അധ്യായത്തിൽ ശിയാക്കളുടെ മൂന്നു ഹദീഥുകൾ, ‘(പുറമെ) പല വഴിയടയാളങ്ങളും ഉണ്ട്. നക്ഷത്രം മുഖേനയും അവർ വഴി കണ്ടെത്തുന്നു’ (ക്വുർആൻ 16:16) എന്ന സൂക്തത്തിന്റെ വ്യാഖ്യാനം എന്നോണമുണ്ട്. ക്വുർആൻ സൂക്തത്തിലെ ‘അന്നജ്മ്’ എന്നത് അല്ലാഹുവിന്റെ തിരുദൂതരും അലാമാത്ത് എന്നത് ഇമാമുമാരുമാണ് എന്നതാണ് പ്രസ്തുത വ്യാഖ്യാനം!

3. ഇമാമുമാർ അല്ലാഹുവിന്റെ പ്രകാശമാകുന്നു എന്നത് പ്രതിപാദിക്കുന്ന അധ്യായം. ഈ അധ്യായവും അവരുടെ ചില ഹദീഥുകൾ ഉൾകൊള്ളുന്നു. ഒരു ഹദീഥിന്റെ സനദ് ജഅ്ഫർ സ്വാദിക്വിലേക്ക് ചെന്നത്തുന്നു. അത്, “അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവന്റെ പ്രകാശത്തിന്റെ ഉപമയിതാ: (ചുമരിൽ വിളക്കു വെക്കുവാനുള്ള) ഒരു മാടം. അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടികത്തിനകത്ത്. സ്ഫടികം ഒരു ജ്വലിക്കുന്ന നക്ഷത്രം പോലെയിരിക്കുന്നു. അനുഗൃഹീതമായ ഒരു വൃക്ഷത്തിൽ നിന്നാണ് അതിന് (വിളക്കിന്) ഇന്ധനം നൽകപ്പെടുന്നത്. അതായത് കിഴക്ക് ഭാഗത്തുള്ളതോ പടിഞ്ഞാറ് ഭാഗത്തുള്ളതോ അല്ലാത്ത ഒലീവ് വൃക്ഷത്തിൽ നിന്ന്. അതിന്റെ എണ്ണ തീ തട്ടിയില്ലെങ്കിൽ പോലും പ്രകാശിക്കുമാറാകുന്നു. (അങ്ങനെ) പ്രകാശത്തിൻമേൽ പ്രകാശം. അല്ലാഹു തന്റെ പ്രകാശത്തിലേക്ക് താൻ ഉദ്ദേശിക്കുന്നവരെ നയിക്കുന്നു. ജനങ്ങൾക്കു വേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചു കൊടുക്കുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റി

യും അറിവുള്ളവനത്രെ" എന്ന വചനത്തിന്റെ വ്യാഖ്യാനമാകുന്നു. ജഅ്ഫർസ്വാദിക് പറഞ്ഞതായി അതിൽ വിവരിക്കുന്നത് പ്രകാശം, വിളക്ക്, സ്ഫടികം, ജ്വലിക്കുന്ന നക്ഷത്രം തുടങ്ങി ഈ വചനത്തിൽ വന്ന വിശേഷണ പദങ്ങൾ കൊണ്ടുദ്ദേശം ഫാത്വിമ, ഹസൻ, ഹുസൈൻ തുടങ്ങിയവരാണ് എന്നെല്ലാമാണ്!

'അവർ (ശിയാ ഇമാമുമാർ) ജൂതരോ ക്രിസ്ത്യാനികളോ അല്ല. വിജ്ഞാനം അവരിൽ നിന്ന് ബഹിർസ്ഫുരിക്കുന്നു. ഒരു ഇമാമിനു ശേഷം മറ്റൊരു ഇമാമെന്ന നിലയ്ക്ക് അവരിൽനിന്നാകുന്നു ഇമാമുമാർ. ഇമാമുമാരിലേക്ക് താനുദ്ദശിക്കുന്ന വർക്ക് അല്ലാഹു വഴി കാണിക്കുന്നു' എന്നും വിവരിക്കുന്നത് കാണാം.

4. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറഞ്ഞ ആയത്തുകളാകുന്നു ഇമാമുമാർ എന്നത് പ്രതിപാദിക്കുന്ന അധ്യായം.(1:207).

"വിശ്വസിക്കാത്ത ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളും താക്കീതുകളും എന്ത് ഫലംചെയ്യാനാണ്?" ഈ വചനത്തിന്റെ തഫ്സീറിൽ ആയത്തുകൾ (ദൃഷ്ടാന്തങ്ങൾ) എന്നാൽ ഇമാമുമാർ എന്ന വിവരണമാണ് അവർ നൽകിയത്.

"അവർ (ഫിർഔൻ കുടുംബം) നമ്മുടെ ദൃഷ്ടാന്തങ്ങളെ മുഴുവൻ നിഷേധിച്ചു തള്ളിക്കളഞ്ഞു" ഈ വചനത്തിന്റെ തഫ്സീറിലും ആയത്തുകൾ (ദൃഷ്ടാന്തങ്ങൾ) എന്നാൽ മുഴുവൻ ഇമാമുമാരും എന്ന വിവരണമാണ് അവർ നൽകിയത്.

അവരുടെ വിവരണത്തിന്റെ അർഥ പ്രകാരം ഫിർഔൻ കുടുംബം ശിക്ഷിക്കപ്പെടുവാനുള്ള കാരണം ഇമാമുമാരെ കളവാക്കിയതാണ്!

5. അല്ലാഹു പടപ്പുകളോടു ചോദിക്കുവാൻ കൽപിച്ച അഹ്ലുദ്ദിക്ർ ഇമാമുമാരാകുന്നു എന്നതു പ്രതിപാദിക്കുന്ന അധ്യായം.(1:210).

6. ക്വുർആൻ ഇമാമിലേക്കു വഴികാണിക്കുന്നു എന്നതു പ്രതി പാദിക്കുന്ന അധ്യായം.(1: 216). ഈ അധ്യായത്തിൽ, 'തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും ചെയ്യുന്നു' എന്ന വചനത്തിന്റെ തഫ്സീറിൽ ക്വുർആൻ ഇമാമിലേക്കു വഴികാണിക്കുന്നു എന്ന വിവരണമാണ് അവർ നൽകിയത്.

'നിങ്ങളുടെ വലംകൈകൾ ബന്ധം സ്ഥാപിച്ചിട്ടുള്ളവർക്കും (അവരുടെ ഓഹരി നിങ്ങൾ കൊടുക്കുക)' എന്ന വചനത്തിന്റെ തഫ്സീറിൽ അല്ലാഹു ഇമാമുമാരുമായി നിങ്ങൾക്കു ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്ന വിവരണമാണ് അവർ നൽകിയത്.

7. അല്ലാഹു ക്വുർആനിൽ പറഞ്ഞ അനുഗ്രഹം ഇമാമുമാരാകുന്നു എന്നത് പ്രതിപാദിക്കുന്ന അധ്യായം.(1:217). അതിൽ, 'അല്ലാഹുവിന്റെ അനുഗ്രഹത്തിന് (നന്ദി കാണിക്കേണ്ടതിനു) പകരം നന്ദികേടുകാണിച്ച ഒരു വിഭാഗത്തെ നീ കണ്ടില്ലേ?' എന്ന ആയത്തിന്റെ തഫ്സീറായി അലിയ്യ് പറഞ്ഞതായി ശിയാജൽപനം ഇപ്രകാരമാണ്: 'ഞങ്ങളാകുന്നു അടിയാറുകൾക്ക് അല്ലാഹു അരുളിയ അനുഗ്രഹങ്ങൾ. അന്ത്യനാളിൽ വിജയിക്കുന്നവൻ വിജയിക്കുന്നതു ഞങ്ങളെ കൊണ്ടാണ്. ഈ അധ്യായത്തിൽ സൂറത്തുർറഹ്മാനിലെ, 'അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?' എന്ന ആയത്തിന്റെ തഫ്സീറായി ഇപ്രകാരമുണ്ട്: 'അപ്പോൾ നബിയെയാണോ അതല്ല ഇമാമിനെയാണോ നിങ്ങൾ ഇരുവിഭാഗവും നിഷേധിക്കുന്നത്?'

8. നബിക്കും ഇമാമുമാർക്കും അമലുകൾ പ്രദർശിപ്പിക്കുന്നത് എന്നത് പ്രതിപാദിക്കുന്ന അധ്യായം.(1:219).

9. അല്ലാഹുവിൽനിന്നു അവതീർണമായ മുഴുവൻ കിതാബുകളും ഇമാമുമാരുടെ പക്കലുണ്ട്. അവ വ്യത്യസ്ത ഭാഷകളിലായിട്ടും അവർ അത് അറിഞ്ഞുമനസ്സിലാക്കുന്നു എന്നതു പ്രതിപാദിക്കുന്ന അധ്യായം.(1:227).

10. ക്വുർആൻ മുഴുവനും ഇമാമുമാരല്ലാതെ സമാഹരിച്ചിട്ടില്ലെന്നതും അതിലെ മുഴുവൻ വിജ്ഞാനങ്ങളും അവർ അറിയുന്നുവെന്നതും പ്രതിപാദിക്കുന്ന അധ്യായം. (1:228).

11. മലക്കുകളിലേക്കും നബിമാരിലേക്കും മുർസലുകളിലേക്കും പുറപ്പെട്ട മുഴുവൻ വിജ്ഞാനങ്ങളും ഇമാമുമാർ അറിയുന്നു എന്നതു പ്രതിപാദിക്കുന്ന അധ്യായം.(1:228).

12. ഇമാമുമാർ തങ്ങൾ മരിക്കുന്നത് എപ്പോൾ എന്നത് അറിയുമെന്നതും തങ്ങളുടെ ഇഷ്ടപ്രകാരമല്ലാതെ തങ്ങൾ മരിക്കുകയില്ലെന്നതും പ്രതിപാദിക്കുന്ന അധ്യായം.(1:255).

13. ഉണ്ടായതും ഉണ്ടാകാനിരിക്കുന്നതും ഇമാമുമാർ അറിയുമെന്നതും അവർക്ക് ഒന്നും ഗോപ്യമാകില്ല എന്നതും പ്രതിപാദിക്കുന്ന അധ്യായം.(1:260).

14. അല്ലാഹു നബിയെ ഒരു അറിവും പഠിപ്പിച്ചിട്ടില്ല; പ്രസ്തുത അറിവ് അമീറുൽമുഅ്മിനീൻ അലിയ്യിന് പഠിപ്പിക്കുവാൻ നബിയോടു കൽപിക്കാതെ, അറിവിൽ അലിയ്യ് നബിയുടെ പങ്കാളിയാകുന്നുവെന്നതു പ്രതിപാദിക്കുന്ന അധ്യായം.(1:225).

15. ഇമാമുമാരിൽനിന്നു വന്നതല്ലാത്ത യാതൊരു സത്യവും ജനങ്ങളുടെ പക്കലില്ല. ഇമാമുമാരിൽ നിന്ന് വന്നിട്ടില്ലാത്തതെല്ലാം ബാത്വിലാകുന്നുവെന്നത് പ്രതിപാദിക്കുന്ന അധ്യായം.(1:399).

ഉപരിസൂചിത അധ്യായങ്ങളെല്ലാം 'ശിയാക്കളു

ടെ ഹദീഥുകളെ' ഉൾകൊള്ളുന്നു. ഹിജ്റ വർഷം 1381 ൽ തെഹ്റാനിലെ അസ്സ്വദൂക് ലൈബ്രറി പ്രസിദ്ധീകരിച്ച പ്രതിയിൽ അവ ഉദ്ധരിച്ചിട്ടുണ്ട്.

ശിയാ ഗ്രന്ഥങ്ങളിൽ ഏറ്റവും മഹത്തായയതാണത്; അത് അപ്രകാരമല്ലെങ്കിലും. ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ അതിനെക്കുറിച്ചും ഗ്രന്ഥകർത്താവിനെക്കുറിച്ചുമുള്ള വലിയ പ്രശംസയുണ്ട്. അയാളുടെ മരണം 329ൽ ആയിരുന്നു.

ഇമാമുമാരെക്കുറിച്ച് പൂർവികരായ ശിയാക്കളുടെ തീവ്രതയുടെ ഏതാനും മാതൃകകളാണിത്. എന്നാൽ ഇമാമുമാരിലുള്ള അവരിലെ പിൽകാലക്കാരുടെ തീവ്രത ഖുമൈനിയുടെ അൽഹുകൂമതുൽ ഇസ്‌ലാമിയ്യ(ഇസ്‌ലാമിക ഗവൺമെന്റ്)[44] എന്ന ഗ്രന്ഥത്തിലെ (പേ: 52) വരികളിൽ ശരിക്കും വ്യക്തമാണ്:

"ഇമാമിﷺന്റെ ഭരണവും അധികാരവും സ്ഥിരപ്പെടുന്നത്, അല്ലാഹുവിനടുക്കൽ അദ്ദേഹത്തിനുള്ള പദവിയിൽനിന്ന് അദ്ദേഹം ഒഴിഞ്ഞെന്ന് അർഥമാക്കുന്നില്ല. അദ്ദേഹത്തെ മറ്റു ഭരണാധികാരികളെപ്പോലെ ആക്കുകയും ചെയ്യുന്നില്ല. കാരണം, സ്തുത്യർഹമായ സ്ഥാനവും ഉന്നതമായ പദവിയും ഈ പ്രപഞ്ച ത്തിലെ മുഴുവൻ പരമാണുക്കളും കീഴ്പ്പെടും വിധം അധികാരവും ആധിപത്യവുമുള്ള പ്രാപഞ്ചിക ഖിലാഫത്തും ഇമാമിനുണ്ട്. നമ്മുടെ മദ്ഹബിൽ നിർബന്ധമായും വിശ്വസിക്കേണ്ട കാര്യങ്ങളിൽ പെട്ടതാണ്, നമ്മുടെ ഇമാമുമാർﷺക്ക് ദൈവനിയുക്തനായ നബിക്കോ ദൈവസാമീപ്യമുള്ള മലകിനോ പ്രാപിക്കുവാനാകാത്ത സ്ഥാനമാണുള്ളത്. നമ്മുടെ അടുക്കലുള്ള നിവേദനങ്ങളുടെയും ഹദീഥുകളുടെയും തേട്ടമനുസരിച്ച് മഹാനായ റസൂലുംﷺ ഇമാമുമാരും ഈ പ്രപഞ്ചത്തിനുമുമ്പ് പ്ര കാശങ്ങളായിരുന്നു. അങ്ങനെ അല്ലാഹു അവരെ തന്റെ അർശിനെ വലയം ചെയ്യുന്നവരാക്കി. അല്ലാഹുവിനു മാത്രമറിയാവുന്നത്ര പദവിയും സാമീപ്യവും അവർക്ക് അവൻ നിശ്ചയിച്ചു. മിഅ്റാജ് സംഭവത്തിന്റെ നിവേദനങ്ങളിൽ വന്നതുപോലെ ജിബ്‌രീൽ പറഞ്ഞു: ഒരു വിരൽ ഞാൻ അടുത്താൽ ഞാൻ കരിഞ്ഞുപോയതു തന്നെ. ഇമാമുമാർﷺ പറഞ്ഞതായി ഇപ്രകാരം വന്നിട്ടുണ്ട്: അല്ലാഹുവോടൊപ്പം ഞങ്ങൾക്കു ചില അവസ്ഥകളുണ്ട്; ദൈവസാമീപ്യമുള്ള മലക്കുകൾക്കോ ദൈവ നിയുക്തരായ നബിമാർക്കോ ആ അവസ്ഥകൾ പ്രാപിക്കുവാനാകില്ല." (ഇസ്‌ലാമിക ഗവൺമെന്റ് പേ: 52)[45]

## വാഗ്ദത്ത മഹ്ദിയുടെ ദൗത്യം സ്വഹാബത്തിനെ ക്രൂശിക്കൽ!

ഹുജ്റത്തുന്നബി അഥവാ നബിﷺയുടെ വീട് പൊളിക്കലും അബൂബകർ, ഉമർ എന്നിവരെ ഖബ്റുകളിൽനിന്ന് പുറത്തെടുക്കലും അവരെ ക്രൂശിക്കലും തീയിൽ കരിക്കലും ശിയാക്കളുടെ മഹ്ദി ആഗതനായാൽ അയാളുടെ ദൗത്യമായിരിക്കുമെന്നറിയിക്കുന്ന വ്യാജമായ ശിയാ നിവേദനങ്ങളുണ്ട്.

"ഞാൻ യഥ്‌രിബിലേക്ക് വരും. അങ്ങനെ ഹുജ്റഃ (നബിﷺയുടെ വീട്) പൊളിക്കും. അതിലുള്ള രണ്ടു പേരേയും ജീവനോടെ പുറത്തെടുക്കും. ബഖീഇന്റെ ഭാഗത്തേക്ക് അവർ രണ്ടുപേരെയും കൊണ്ടുപോകുവാൻ ഞാൻ കൽപിക്കും. രണ്ട് മരത്തടികൾ കൊണ്ടുവരുവാൻ ഞാൻ കൽപിക്കുകയും അവർ രണ്ടുപേരും അതിൽ ക്രൂശിക്കപ്പെടുകയും ചെയ്യും. അവരുടെ കീഴ്ഭാഗത്തു നിന്ന് അവർ കത്തിക്കപ്പെടും. അതോടെ ജനങ്ങൾ അവർ രണ്ടു പേരാലും ആദ്യത്തേതിനെക്കാൾ കടുത്ത പരീക്ഷണത്തിനു വിധേയരാകും. അതോടെ പരീക്ഷണത്തിന്റെ വിളിയാളൻ വിളിക്കും: ആകാശമേ എറിയുക. ഭൂമിയേ സ്വീകരിക്കുക. അതോടെ ഭൂമുഖത്ത് വിശ്വാസികൾ മാത്രമായിരിക്കും ശേഷിക്കുക.''[46]

തിരുദൂതരുടെ ജീവിതനാളിൽ ശിക്ഷാർഹമായ ഒരു തെറ്റ് ഉമ്മുൽമുഅ്മിനീൻ ആഇശ പറഞ്ഞതിനാൽ അതിനുള്ള ശിക്ഷ മഹ്ദിയുടെ ആഗമന നാളിൽ ആഇശയെ കബ്റിൽനിന്ന് പുറത്തെടുത്ത് മഹ്ദി നടപ്പിലാക്കുമെന്നാണ് വ്യാജമായ ശിയാജൽപനം. ഈ വിഷയത്തിൽ അബൂജഅ്ഫർ പറഞ്ഞതായി ശിയാ ഇമാം മജ്‌ലിസിയുടെ ഒരു കള്ള റിപ്പോർട്ട് ഇപ്രകാരമുണ്ട്: എന്നാൽ നമ്മുടെ ക്വാഇം (മഹ്ദി) വന്നാൽ ഹുമയ്റാഅ്[47] അദ്ദേഹത്തിലേക്ക് മടക്കപ്പെടും. അങ്ങനെ മഹ്ദി അവർക്ക് ശിക്ഷയായുള്ള അടിനൽകും. ഞാൻ (റാവി) ചോദിച്ചു: എന്തിനാണ് അവരിൽ ശിക്ഷയായി അടി നടപ്പാക്കുന്നത്? അദ്ദേഹം പറഞ്ഞു: ഉമ്മു ഇബ്റാഹീമിനെ കുറിച്ച് ആഇശ അപവാദം പറഞ്ഞതിനാൽ. ഞാൻ ചോദിച്ചു: മഹ്ദിയുടെ ആഗമന നാളുവരേക്കും എങ്ങനെയാണ് അല്ലാഹു പ്രസ്തുത ശിക്ഷ പിന്തിപ്പിക്കുക? അദ്ദേ ഹം പറഞ്ഞു: അല്ലാഹു മുഹമ്മദ് നബിയെ നിയോഗിച്ചത് കാരുണ്യമായിക്കൊണ്ടാണ്. മഹ്ദി നിയോഗിക്കപ്പെടുന്നത് പ്രതികാരമെടുക്കുന്നവനായാണ്.[48]

**റഫറൻസ്:**

43. അൽഫുസ്വൂലുൽമുഹിമ്മ, പേ: 145.

44. തെഹ്റാനിലെ അൽമക്തബത്തുൽ ഇസ്‌ലാമിയ്യഃ അൽകുബ്റാ പ്രസിദ്ധീകരിച്ചത്.

45. ശെയ്ഖ് അബ്ദുൽമുഹ്സിൻ അൽബദ്റിന്റെ ഫദ്‌ലുഅഹ്‌ലിൽബയ്ത് വ ഉലുവ്വി മൻസിലതിഹിം ഇൻദ അഹ്‌ലിസ്സുന്നഃ എന്ന ഗ്രന്ഥത്തിലെ വരികളുടെ വിവർത്തനം ഇവിടെ അവസാനിക്കുന്നു.

46. ബിഹാറുൽഅൻവാർ, മജ്‌ലിസീ 53: 39 കിതാബുർറജ്അഃ, ശെയ്ഖ് ഇഹ്സാഈ: 186.

47. ആഇശയുടെ വിളിപ്പേരായിരുന്നു ഹുമയ്റാഅ്. നബിﷺ അവരെ അപ്രകാരം വിളിച്ചിരുന്നു. തികഞ്ഞ സൗന്ദര്യവും വെളുത്ത നിറവും കാരണത്താലായിരുന്നു അവർക്ക് ഈ പേര് വിളിക്കപ്പെട്ടത്.

48. ബിഹാറുൽഅൻവാർ, മജ്‌ലിസീഗ വാ: 52: 314, 315, ഇലലുശ്ശറാഇഅ്ഗ പേ: 579, 580.

റാശിദ ബിൻത് ഉസ്മാൻ
AIWA കോളേജ്, മോങ്ങം

ആശയ വിവർത്തനം

# പ്രതിഫലം



ഉമ്മ രാത്രിഭക്ഷണം തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിനിടയിലാണ് അദ്നാൻ ഒരു കടലാസുമായി അടുക്കളയിലേക്ക് ചെന്നത്. ഒന്നും പറയാതെ അവൻ ആ കടലാസ് ഉമ്മയുടെ നേർക്ക് നീട്ടി.

“എന്താണ് മോനേ ഇത്?” ഉമ്മ തന്റെ ജോലി ചെയ്യുന്നതിനിടയിൽ ചോദിച്ചു.

“വായിച്ച് നോക്കൂ” അദ്നാൻ പറഞ്ഞു.

ഉമ്മ തന്റെ നനഞ്ഞ കൈ തുടച്ചുകൊണ്ട് അവന്റെ കയ്യിൽനിന്ന് കടലാസു കഷ്ണം വാങ്ങി.

അതിൽ അവൻ ഇപ്രകാരം എഴുതിയിരുന്നു:

‘ആടിന് പുല്ലരിഞ്ഞതിന് 35 രൂപ.’

‘എന്റെ ബെഡ് റൂം വൃത്തിയാക്കിയതിന് 25 രൂപ.’

‘കടയിൽ സാധനങ്ങൾ വാങ്ങുവാൻ പോയതിന് 20 രൂപ.’

‘ഉമ്മ പുറത്ത് പോയപ്പോൾ കുഞ്ഞനുജനെ നോക്കിയ വകയിൽ 20 രൂപ.’

‘മുറ്റത്തെ പുല്ല് പറിച്ചതിന് 10 രൂപ.’

‘ആകെ 110 രൂപ.’

‘ഇത് നാളെ എനിക്ക് തരണം.’

ഇത് വായിച്ച ഉമ്മ അൽപനേരം ആശ്ചര്യത്തോടെ മകന്റെ മുഖത്തേക്ക് നോക്കി. അന്നേരം അവരുടെ മനസ്സിൽ തെളിഞ്ഞുവന്ന ഭൂതകാല സംഭവങ്ങൾ അവന് അറിയില്ലല്ലോ. അവർ ഉടനെ ആ കടലാസിന്റെ മറുവശത്ത് ഒരു പേനയെടുത്ത് ഇപ്രകാരം എഴുതി:

‘നീ എന്റെ വയറ്റിൽ വളർന്ന ഒമ്പതുമാസക്കാലം നിന്നെ ഞാൻ വഹിച്ചതിന് കാശൊന്നും വേണ്ട.’

‘മരണസമാനമായ വേദനയനുഭവിച്ച് നിന്നെ പ്രസവിച്ചതിന് കാശൊന്നും വേണ്ട.’

‘രാത്രികളിൽ നിന്റെ കൂടെ കിടന്ന് പരിചരിക്കുകയും പ്രാർഥിക്കുകയും ചെയ്തതിന് കാശൊന്നും വേണ്ട.’

‘വർഷങ്ങളോളം നിനക്കുവേണ്ടി കഷ്ടപ്പെട്ടതിനും നീ കാരണം ഒഴുക്കേണ്ടിവന്ന കണ്ണുനീരിനും കാശൊന്നും വേണ്ട.’

‘നിനക്ക് കളിപ്പാട്ടങ്ങളും വസ്ത്രങ്ങളും വാങ്ങിത്തന്നതിനും ഭക്ഷണം നൽകിയതിനും എന്തിനേറെ നിന്റെ ശരീരത്തിൽനിന്നും വിസർജ്യങ്ങൾ കഴുകിത്തന്നതിനും കാശൊന്നും വേണ്ട.’

‘ഇതെല്ലാമൊന്ന് നീ കൂട്ടിയപോലെ കൂട്ടിനോക്കൂ. എന്റെ സ്നേഹത്തിന്റെ വിലയ്ക്കും കാശൊന്നും വേണ്ട.’


ഉമ്മ എഴുതിയത് വായിച്ചു തീർന്നപ്പോഴേക്കും അദ്നാന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ ധാരയായി ഒഴുകിത്തുടങ്ങിയിരുന്നു.

ഉമ്മയുടെ മുഖത്തേക്ക് നോക്കിക്കൊണ്ട് അവൻ പറഞ്ഞു: “ഉമ്മാ...! തീർച്ചയായും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.”

എന്നിട്ട് പേനയെടുത്ത് ആ കടലാസിൽ വലിയ അക്ഷരങ്ങളിൽ അവൻ ഇങ്ങനെ എഴുതി: ‘വില മതിക്കാനാവാത്ത സ്നേഹത്തിന് പകരം സ്നേഹം മാത്രം. എനിക്ക് തരാനുള്ളതെല്ലാം തന്നുകഴിഞ്ഞിരിക്കുന്നു.’

അത് വായിച്ച ഉമ്മ അവനെ സന്തോഷത്തോടെ ചേർത്ത് പിടിച്ചു.

കൂട്ടുകാരേ, നമ്മുടെ ഉമ്മമാർ നമുക്ക് വേണ്ടി സഹിച്ച കഷ്ടപ്പാടുകൾക്ക് വിലയിടാൻ നമുക്കാകില്ല. അതിനാൽ അവരെ ആത്മാർഥമായി സ്നേഹിക്കുക. അവരെ സഹായിക്കുകയും ചെയ്യുക. എന്നാലേ നമുക്ക് സ്വർഗാവകാശികളായി മാറുവാൻ കഴിയൂ.



# അന്ത്യയാത്ര

നസീമ പൂവ്വത്തൂർ
mail@nerpatham.com

കവിത

പോകാനെനിക്കുണ്ടൊരന്ത്യയാത്ര
മറ്റാരും അന്നില്ലാ കൂട്ടിനായി
കാവലെൻ ഏകനാം റബ്ബ് മാത്രം
കരുതലായ് കർമങ്ങൾ മാത്രം കൂടെ
ഓർക്കാതെ മരണം വന്നെത്തിടുമ്പോൾ
തൃപ്തിയാലുത്തരം നൽകിടുവാൻ
നാഥാ നീ എന്നെ തുണച്ചിടേണേ
സ്വർഗത്തിൻ മാർഗേ നയിച്ചിടേണേ
സാക്ഷ്യത്തിൻ വാക്യം മൊഴിയുവാനും
ഭാഗ്യം നീ നൽകണേ സർവശക്താ
കട്ടിലിലേറ്റിക്കൊണ്ടെന്നെയന്ന്
ഉറ്റവരുടയവർ നീങ്ങിടുമ്പോൾ
ഉയരില്ലേ വീട്ടിൽനിന്നാർത്തനാദം

കാണുന്നോർ നെടുവീർപ്പുതിർത്തിടില്ലേ?
ആറടിയുള്ള ഖബ്റിലെന്നെ
വെച്ചിട്ട് മണ്ണിട്ട് മൂടുകില്ലേ?
മെത്തയിൽനിന്നുമന്നെത്തിടുന്നു
ഏറെ കുടുസ്സുള്ളൊരാ ഖബ്റിൽ
ഖബ്റിൻ ഞെരുക്കത്തിൽനിന്നുമെന്നെ
കാക്കുവാൻ കഴിവുള്ളോൻ നീയല്ലയോ
മലക്കിന്റെ ചോദ്യത്തിനുത്തരങ്ങൾ
പറയാൻ നീ തോന്നിച്ചിടെന്റെ നാഥാ!
പാപം പൊറുക്കുന്ന പരിപാലകാ
പാപിയാമെന്നെ നീ കാത്തിടേണേ
ഹൃദയം ഭയത്താൽ പിടച്ചിടുന്നേ
സദയം നിൻ കാരുണ്യം വർഷിക്കണേ

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം
ഇബ്റാഹീം നബി(അ): 9



# ഇബ്റാഹീം നബിയുടെ സന്തതികൾ

ഇബ്റാഹീം നബി(അ)ക്ക് ഏഴ് മക്കളുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ക്വുർആനിൽ നിന്നും സ്വഹീഹായ ഹദീഥുകളിൽ നിന്നും വ്യക്തമായും ഗ്രഹിക്കാൻ കഴിയുന്നത് രണ്ട് മക്കളെക്കുറിച്ചാണ്. ഹാജറിൽ ജനിച്ച ഇസ്മാഈലും(അ) സാറയിൽ ജനിച്ച ഇസ്ഹാക്വും(അ). രണ്ടു പേരും പ്രവാചകന്മാരുമായിരുന്നു.

**ഇസ്മാഈൽ(അ)**

ഇബ്റാഹീം നബി(അ)യുടെ ചരിത്രം വിവരിച്ച പോലെ മക്കളുടെ ചരിത്രം ക്വുർആൻ വിവരിച്ചിട്ടില്ല. ക്വുർആനിൽ വന്നിട്ടുള്ള കാര്യങ്ങൾ നാം ഇവിടെ വിവരിക്കുകയാണ്. അദ്ദേഹത്തെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക.

"വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം വാഗ്ദാനം പാലിക്കുന്നവനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു. തന്റെ ആളുകളോട് നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അദ്ദേഹം കൽപിക്കുമായിരുന്നു. തന്റെ രക്ഷിതാവിന്റെ അടുക്കൽ അദ്ദേഹം പ്രീതി ലഭിച്ചവനായിരുന്നു" (ക്വുർആൻ 19:54,55).

അല്ലാഹുവിങ്കൽ നിന്നുള്ള ഏത് കടുത്ത പരീക്ഷണത്തെയും ശക്തിയായ വിശ്വാസത്തോടെ നേരിട്ട മാതാപിതാക്കളുടെ മകനാണല്ലോ ഇസ്മാഈൽ(അ). തന്നെ ബലിനൽകുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നുവെന്ന് പിതാവ് അറിയിച്ചപ്പോൾ 'അല്ലാഹു എന്താണോ അങ്ങയോട് കൽപിച്ചത്, അത് നിറവേറ്റുക' എന്നതായിരുന്നുവല്ലോ ബാലനായ ഇസ്മാഈൽ(അ) നൽകിയ മറുപടി. ഇപ്രകാരം അല്ലാഹുവിന്റെ ഏത് കൽപനയും പൂർണമായി പൂർത്തിയാക്കിയ റസൂൽ ആയിരുന്നു ഇസ്മാഈൽ(അ).

നമസ്കാരം, സകാത്ത് മുതലായ അനുഷ്ഠാന കർമങ്ങൾ ഇസ്മാഈൽ(അ) കൃത്യമായി നിർവഹിച്ചിരുന്നു എന്നല്ല ക്വുർആനിൽ എടുത്തു പറഞ്ഞിട്ടുള്ളത്; കുടുംബത്തോട് അവ നിർവഹിക്കാൻ കൽപിച്ചിരുന്നു എന്നതാണ്. പ്രവാചകന്മാർ ഒരു കാര്യം ചെയ്യാൻ പറയുമ്പോൾ അവർ അപ്രകാരം ജീവിക്കുന്നവരായിരുന്നുവെന്നത് വ്യക്തമാണല്ലോ. മാതാപിതാക്കൾ മക്കളെ എപ്രകാരം വളർത്തുന്നുവോ, അല്ലാഹു ഉദ്ദേശിച്ചാൽ ആ മക്കളും അപ്രകാരം ശേഷക്കാരെ വളർത്തും. മാതാപിതാക്കൾ മക്കൾക്ക് മാതൃകയാകണം; ഇസ്മാഈൽ(അ)ന് മാതാപിതാക്കൾ മാതൃകയായത് പോലെ.

നമസ്കാരം കൊണ്ട് വ്യക്തിശുദ്ധി ലഭിക്കുമ്പോൾ സകാത്ത് കൊണ്ട് സാമ്പത്തിക ശുദ്ധിയാണല്ലോ ഉണ്ടാകുന്നത്. സാമ്പത്തിക ശുദ്ധിയും ഇസ്‌ലാമിൽ അതിപ്രധാനമാണ്. അതിലും അദ്ദേഹം നമസ്കാരത്തിന്റെ കാര്യത്തിലെന്ന പോലെ ശ്രദ്ധ നൽകിയിരുന്നു. ഇങ്ങനെ പൂർണമായി ശുദ്ധിയാർജിച്ച ഇസ്മാഈൽ(عليه السلام) അല്ലാഹുവിന്റെ തൃപ്തി നേടുകയും ചെയ്തു.

അറബികളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനായിട്ടാണ് ഇസ്മാഈൽ(عليه السلام) അറിയപ്പെടുന്നത്. പിതാവിൽ നിന്ന് പകർന്ന് കിട്ടിയ തൗഹീദിൽ അടിയുറച്ച് വളരുകയും പ്രവാചകനായപ്പോൾ അല്ലാഹുവിന്റെ കൽപന പ്രകാരം ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇസ്മാഈൽ നബി(عليه السلام)യുടെ പാരമ്പര്യത്തിൽ ആയിക്കൊണ്ട് പിന്നീട് അറബികൾ ജീവിച്ചുപോന്നു.

പ്രവാചകന്മാരുടെ ചരിത്രത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുതയുണ്ട്. പ്രവാചകന്മാരെ ഏതൊരു ജനതയിലേക്കാണോ അല്ലാഹു നിയോഗിക്കുന്നത്, ആ ജനതയിൽപെട്ടവർ അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്റെ കാലശേഷം അവരുടെ മുൻ അവസ്ഥയിലേക്ക് തന്നെ തിരിച്ച് പോയിട്ടുണ്ട്. ഇസ്മാഈൽ(عليه السلام)ന്റെ ജനതയായ അറബികളും അദ്ദേഹത്തിന്റെ കാലശേഷം ബഹുദൈവ വിശ്വാസത്തിലേക്ക് വ്യതിചലിച്ചു. ഇസ്മാഈൽ(عليه السلام) പഠിപ്പിച്ച തൗഹീദിൽ നിന്ന് അറബികൾ എങ്ങനെയാണ് വ്യതിചലിച്ചത്? ആ ചരിത്രത്തിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം:

അറബികളുടെ വംശ പരമ്പര പല ഗോത്രങ്ങളായി പിരിഞ്ഞ് കുറെ കാലം കഴിഞ്ഞപ്പോൾ മക്ക ഉൾകൊള്ളുന്ന ഹിജാസിന്റെ ആധിപത്യം ഖുസാഅഃ ഗോത്രക്കാരിലായി. ക്വുറൈശികൾക്ക് ആധിപത്യം ലഭിക്കുന്നതിന് മുമ്പുള്ള ചരിത്രമാണിത്. ഈ ഗോത്രത്തിന്റെ തലവനായിരുന്നു അംറുബ്നു ലുഹയ്യ് അൽ ഖുസാഈ. അദ്ദേഹം വലിയ മഹാനായിട്ടാണ് അറിയപ്പെട്ടിരുന്നത്. ദാന ധർമങ്ങൾ ധാരാളം ചെയ്യുന്ന, മതകാര്യങ്ങളോട് അങ്ങേയറ്റം തൽപരനായ ആളായിരുന്നു ഈ ഗോത്രത്തലവൻ. ഇയാളുടെ ധർമനിഷ്ഠ കാരണം ജനങ്ങൾ അദ്ദേഹത്തെ അങ്ങേയറ്റം ഇഷ്ടപ്പെട്ടു. ചരിത്രത്തിൽ ഇപ്രകാരം കാണാം:

"അദ്ദേഹം നല്ല കാര്യങ്ങളിലും ദാനധർമത്തിലും മതനിഷ്ഠയിലും വളർന്നു. ജനങ്ങൾ അദ്ദേഹത്തെ അങ്ങേയറ്റം ഇഷ്ടപ്പെട്ടു. അവരുടെ അധികാരം അവർ അദ്ദേഹത്തെ ഏൽപിച്ചു. അങ്ങനെ മക്കയുടെ ആധിപത്യവും കഅ്ബയുടെ അധികാരവും അയാളുടെ കരങ്ങളിലായി. വലിയ പണ്ഡിതനായും ഔലിയാക്കളിലെ ശ്രേഷ്ഠനായും ആളുകൾ അയാളെ വിലയിരുത്തി. പിന്നീട് അദ്ദേഹം ശാമിലേക്ക് യാത്രപോയി. ശാമുകാരെ വിഗ്രഹത്തെ ആരാധിക്കുന്നതായി അദ്ദേഹം കണ്ടു. അത് അദ്ദേഹത്തിന് നല്ലതായും അതാണ് ശരിയെന്ന് തോന്നുകയും ചെയ്തു. കാരണം ശാം ദൈവദൂതന്മാരുടെയും വേദഗ്രന്ഥങ്ങളുടെയും മേഖലയാണല്ലോ. അതിനാൽ തന്നെ ശാമുകാർക്ക് ഹിജാസുകാരെക്കാളും മറ്റുള്ളവരെക്കാളും ശ്രേഷ്ഠതയുമുണ്ട്. അങ്ങനെ അയാൾ ഹുബ്‌ലിനെയും (ഒരു വിഗ്രഹമാണ്) കൊണ്ട് മക്കയിലേക്ക് മടങ്ങി. എന്നിട്ട് ആ വിഗ്രഹം കഅ്ബഃയുടെ മധ്യത്തിൽ നാട്ടി. എന്നിട്ട് മക്കക്കാരെ ഈ ശിർക്കിലേക്ക് അയാൾ ക്ഷണിച്ചു. അവർ അയാൾക്ക് അതിന് ഉത്തരം നൽകുകയും ചെയ്തു. മക്കക്കാരെയാണ് ഹിജാസുകാർ മത കാര്യങ്ങളിൽ പിന്തുടർന്നിരുന്നത്. കാരണം, ഹറമിന്റെ ആളുകളും കഅ്ബയുടെ മേൽനോട്ടക്കാരും അവരാണ്. അങ്ങനെ ഹിജാസുകാർ അതാണ് (മക്കക്കാർ ഈ ചെയ്യുന്നതാണ്) ശരിയെന്ന് വിചാരിച്ച് അവരെ പിന്തുടർന്നു. അങ്ങനെ ഇബ്റാഹീം നബി(عليه السلام)യുടെ ദീനുമായും അംറുബ്നു ലുഹയ്യ് പുതിയതായി ഉണ്ടാക്കിയതിനെ പൊളിച്ചുകൊണ്ടും മുഹമ്മദ് നബി(ﷺ)യെ അല്ലാഹു അയക്കുന്നത് വരെ അവർ അതിൽ തന്നെയായിരുന്നു.' (ഇതാണ് മക്കയിൽ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി പടുത്തുയർത്തിയ കഅ്ബഃയിൽ വിഗ്രഹാരാധന ഉടലെടുത്ത ചരിത്രം).

മുഹമ്മദ് നബി(ﷺ)യുടെ പ്രവാചകത്വത്തിന് മുമ്പ് (ജാഹിലിയ്യത്തിൽ) ഈ അവസ്ഥയാണ് നിലനിന്നിരുന്നത്. ഇബ്റാഹീം നബി(عليه السلام)യും ഇസ്മാഈൽ നബി(عليه السلام)യും കൊണ്ടുവന്ന ദീനിനെ മഹാഭൂരിപക്ഷവും പൊളിച്ചെഴുതിയപ്പോഴും വിരലിലെണ്ണാവുന്ന ചിലർ അത് സ്വീകരിക്കാതെ പഴയ ദീനിൽ തന്നെ ഉറച്ച് നിന്നവരും ഉണ്ടായിരുന്നു. അതിൽ പെട്ട ഒരാളായിരുന്നു സൈദ്ബ്നു അംറ്.

അറബികൾക്കിടയിൽ ശിർക്ക് കൊണ്ടുവന്ന അംറിന്റെ അവസ്ഥയെ കുറിച്ച് അല്ലാഹുവിന്റെ റസൂൽ(ﷺ) പറയുന്നത് കാണുക:

ഉർവ(رضي الله عنه)യിൽ നിന്ന് നിവേദനം. ആഇശ(رضي الله عنها) പറഞ്ഞു: "റസൂൽ(ﷺ) പറഞ്ഞു: 'ഞാൻ നരകത്തെ കാണുകയുണ്ടായി. അപ്പോൾ അതിൽ ചിലർ ചിലരെ പൊതിയുന്നത് ഞാൻ കണ്ടു. (അപ്പോൾ) ഞാൻ അംറിനെയും കാണുകയുണ്ടായി. അവൻ

**ഇബ്റാഹീം നബി(عليه السلام)ക്ക് ഏഴ് മക്കളുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ക്വുർആനിൽ നിന്നും സ്വഹീഹായ ഹദീഥുകളിൽ നിന്നും വ്യക്തമായും ഗ്രഹിക്കാൻ കഴിയുന്നത് രണ്ട് മക്കളെക്കുറിച്ചാണ്. ഹാജറിൽ ജനിച്ച ഇസ്മാഈലും(عليه السلام) സാറയിൽ ജനിച്ച ഇസ്ഹാക്വു(عليه السلام).**

അവന്റെ കുടൽമാലകൾ പുറത്തേക്ക് ഇട്ട് അതുമായി വട്ടം കറങ്ങുകയാണ്. ആദ്യമായി മൃഗങ്ങളെ അല്ലാഹുവല്ലാത്തവർക്ക് ബലിയായി അഴിച്ചുവിട്ടതും അവനാണ്" (ബുഖാരി).

അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ചയായി കാർഷിക വിളകളെയും കന്നുകാലികളെയും മാറ്റിവെക്കുന്ന ശിർക്കിന്റെ ആരംഭം അറബികൾക്കിടയിൽ കൊണ്ടു വന്നവർക്കുള്ള ശിക്ഷ എന്താണെന്ന് മുകളിലെ ഹദീഥിൽ നാം കാണുകയുണ്ടായി. ഇന്നും ഈ ശിർക്ക് കൊണ്ടുനടക്കുന്നവരുണ്ട്. നാണയമായും കാലികളായും കോഴികളായും കോഴിമുട്ടകളായും മക്വാമുകളിലേക്കും ജാറങ്ങളിലേക്കും ഉഴിഞ്ഞ് വെക്കുന്നവരില്ലേ? അത്തരക്കാരുടെ പര്യവസാനം അതിഭീകരമായിരിക്കും. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് അല്ലാഹുവിന് വേണ്ടിയാണ് നേർച്ച നേരേണ്ടത്. അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ച നേരുന്നത് ശിർക്കാണ്. അംറുബ്നു ലുഹയ്യ് കൊണ്ടുവന്ന ശിർക്കൻ ആചാരങ്ങൾക്ക് ശേഷം പിന്നീട് അവർ മൃഗങ്ങളെ അല്ലാഹുവല്ലാത്തവർക്കായി നേർച്ച നേർന്നിരുന്നു. ബഹീറത്, സാഇബത്, വസ്വീലത്, ഹാമ് തുടങ്ങിയവ അവയുടെ പേരുകളായിരുന്നു. അതിനെ കറന്നെടുത്ത പാൽ പുരുഷന് അനുവദനീയവും സ്ത്രീക്ക് നിഷിദ്ധവുമായി അവർ കണക്കാക്കിയിരുന്നു. ഇപ്രകാരം ഉഴിഞ്ഞിടപ്പെട്ട മൃഗങ്ങളുടെ പുറത്ത് യാത്ര ചെയ്യാൻ പാടില്ല. അതിന്റെ മാംസവും അനുവദനീയമല്ല.

അംറ്ബ്നു ലുഹയ്യിനെ കുറിച്ച് നബിﷺ പറഞ്ഞത് മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: 'ആദ്യമായി സാഇബത് എന്ന പേരിലുള്ള ബലിമൃഗത്തെ അഴിച്ചുവിട്ടതും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്തത് അബൂഖുസാഅ അംറ്ബ്നു ലുഹയ്യാണ്. നരകത്തിൽ അവൻ അവന്റെ കുടൽമാലകളുമായി ചുറ്റിക്കറങ്ങുന്നത് ഞാൻ കാണുകയുണ്ടായി' (അഹ്മദ്).

അവനാണ് ഇസ്മാഈൽ(അ) പ്രബോധനം ചെയ്ത തെളിമയാർന്ന തൗഹീദിനെ മാറ്റി എഴുതിയത്. ഇത്തരം ബഹുദൈവാരാധകരെല്ലാം അവിടെ ഉണ്ടായിരുന്നുവെങ്കിലും നാം നേരത്തെ പറഞ്ഞത് പോലെ ഇതിൽ നിന്നെല്ലാം ഒഴിവായി ഇസ്മാഈൽ നബി(അ)യുടെ മതത്തിൽ നിലയുറപ്പിച്ച ചില വെള്ളി നക്ഷത്രങ്ങളുണ്ടായിരുന്നു.

**അറബികളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനായിട്ടാണ് ഇസ്മാഈൽ(അ) അറിയപ്പെടുന്നത്. പിതാവിൽ നിന്ന് പകർന്ന് കിട്ടിയ തൗഹീദിൽ അടിയുറച്ച് വളരുകയും പ്രവാചകനായപ്പോൾ അല്ലാഹുവിന്റെ കൽപന പ്രകാരം ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇസ്മാഈൽ നബി(അ)യുടെ പാരമ്പര്യത്തിൽ ആയിക്കൊണ്ട് പിന്നീട് അറബികൾ ജീവിച്ചുപോന്നു.**

ഈ കൂരിരുട്ടിലാണ് ലോകത്തിന് പ്രഭ ചൊരിഞ്ഞ മുഹമ്മദ് നബിﷺ ഭൂജാതനായത്. അവർക്കിടയിൽ തന്നെയാണ് വളർന്ന് വലുതായതെങ്കിലും ശിർക്കിന്റെ ഒരു അംശവും അദ്ദേഹത്തെ ബാധിച്ചില്ല. പലരും അവരുടെ ആരാധ്യ വസ്തുക്കളെ ഒന്ന് ആദരിക്കുന്ന രൂപത്തിൽ കൈകൊണ്ട് ആംഗ്യം കാണിക്കുവാനെങ്കിലും ആവശ്യപ്പെട്ടെങ്കിലും തൗഹീദിന്റെ മാർഗത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതെ വളർന്നുവന്നു. മതപരമായ എല്ലാ വിഷയങ്ങളും അവിടുത്തേക്ക് അറിയില്ലായിരുന്നുവെങ്കിലും അടിത്തറ ഇളക്കം പറ്റാതെ നിലനിന്നിരുന്നു. അതിനെ സംബന്ധിച്ചാണ് അല്ലാഹു പറഞ്ഞത്:

"നിന്നെ അവൻ വഴി അറിയാത്തവനായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 93:7).

360ൽ അധികം വിഗ്രഹങ്ങൾ കഅ്ബയിൽ തന്നെ ഉണ്ടായിരുന്നു എന്ന് പറയുമ്പോൾ തന്നെ ബഹുദൈവാരാധനയുടെ ആഴവും പരപ്പും ആ നാട്ടിൽ എത്രത്തോളം ഉണ്ടാവാം എന്ന് ഊഹിക്കാവുന്നതേയുള്ളൂ. വ്യഭിചാരവും ചൂതാട്ടവും മദ്യവും മയക്കു മരുന്നും കൊള്ളയും കൊലയും... തുടങ്ങി എല്ലാ നീച വൃത്തികളുമുള്ള നാട്ടിൽ വളർന്ന നബിﷺയെ ചെറു പ്രായത്തിലോ, കൗമാരത്തിലോ, യൗവനത്തിലോ ഇതൊന്നും സ്പർശിച്ചതേയില്ല. അപ്രകാരം സ്ഫുടം ചെയ്ത് അല്ലാഹു അദ്ദേഹത്തെ വളർത്തി കൊണ്ടുവന്നു. ആ വ്യക്തിശുദ്ധി മക്കക്കാർക്കിടയിൽ പ്രശസ്തവുമായിരുന്നു.

മുഹമ്മദ് നബിﷺയുടെ ആഗമനത്തെ കുറിച്ച് നന്നായി അറിയുന്നവരായിരുന്നു യഹൂദികളും നസ്വാറാക്കളും. പക്ഷേ, അവർ നബിﷺയിൽ വിശ്വസിച്ചില്ല. കാരണം, അവർ ഇസ്ഹാക് നബി(അ)യുടെ പരമ്പരയിലായിട്ടാണ് ഉള്ളത്. അത് വരെ കഴിഞ്ഞുപോയ നബിമാർ അവരുടെ പരമ്പരയിലാണ് വന്നതും. ഇനി വരാനിരിക്കുന്ന അന്തിമ ദൂതനും തങ്ങളിൽനിന്ന് തന്നെയാണ് വരിക എന്നാണ് അവർ വിശ്വസിച്ചിരുന്നത്. എന്നാൽ ഇസ്മാഈൽ നബിയുടെ പരമ്പരയായ അറബികളിൽ നിന്നാണ് അന്തിമദൂതൻ നിയുക്തനായത്. അത് അവർക്ക് ദഹിച്ചില്ല. അവർ അസൂയപ്പെട്ടു, മുഹമ്മദ് നബിﷺയെ അവർ കളവാക്കി. വാസ്തവത്തിൽ അദ്ദേഹത്തെ ആദ്യം സ്വീകരിക്കേണ്ടത് അവരായിരുന്നു. കാരണം, അവർക്ക് നൽകപ്പെട്ടിട്ടുള്ള വേദഗ്രന്ഥത്തിൽ നിന്ന് അവരത് മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ആദ്യം നബിയിൽ അവിശ്വസിക്കുന്ന വിഭാഗങ്ങളായി അവർ മാറുകയാണുണ്ടായത്. ●

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം



# തവസ്സുൽ ശരിയും തെറ്റും

'തവസ്സുലിന്റെ വകഭേദങ്ങൾ' എന്ന പേരിൽ 2017 നവംബർ ലക്കം 'സുന്നത്ത്' മാസികയിൽ വന്ന ലേഖനത്തിലെ തെറ്റിദ്ധരിപ്പിക്കലും ദുർവ്യാഖ്യാനങ്ങളും കണ്ടപ്പോൾ പ്രതികരിക്കൽ അനിവാര്യമാണെന്ന് തോന്നിയതിനാലാണ് ഈ കുറിപ്പ് എഴുതുവാൻ തുനിഞ്ഞത്.

തവസ്സുൽ എന്നത് ഒരു ആരാധനാകർമമാണ്. ഇത് ആരാധനാകർമങ്ങളിലുള്ളതായി പ്രമാണങ്ങൾ പഠിപ്പിച്ചതാണ്. അത് എങ്ങനെയായിരിക്കണമെന്നും വ്യക്തമാക്കിത്തന്നിട്ടുണ്ട്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് അടുക്കുവാനുള്ള മാർഗം (വസീല) തേടുകയും, അവന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്യുക. നിങ്ങൾക്ക് (അത് വഴി) വിജയം പ്രാപിക്കാം" (ക്വുർആൻ 5:35).

അല്ലാഹുവിനെ അനുസരിച്ചും സൽകർമങ്ങൾ നിലനിർത്തിയും അവനിലേക്ക് അടുക്കുക എന്നതാണിതിന്റെ താൽപര്യമെന്ന് മുഫസ്സിറുകൾ വ്യക്തമാക്കിയിട്ടുണ്ട്.

ഇസ്‌ലാം പഠിപ്പിച്ചതും നിർദേശിച്ചതുമായ തവസ്സുലിന്റെ പ്രധാന വഴികൾ പ്രമാണങ്ങളുടെ വെളിച്ചത്തിൽ നമുക്കിങ്ങനെ മനസ്സിലാക്കാം:

1). അല്ലാഹുവിന്റെ ഉൽകൃഷ്ടമായ നാമങ്ങൾ കൊണ്ടും അവന്റെ വിശേഷണങ്ങൾ കൊണ്ടുമുള്ള തവസ്സുൽ. അല്ലാഹു പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും" (ക്വുർആൻ 7:180).

അല്ലാഹുവിന്റെ ഉൽകൃഷ്ടമായ നാമങ്ങൾ അവന്റെ വിശേഷണങ്ങളായതിനാൽ തന്നെ അവന്റെ ഉന്നതമായ വിശേഷണങ്ങൾ ഇതിൽ ഉൾപെടുന്നു.

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക. അല്ലെങ്കിൽ റഹ്മാൻ എന്ന് വിളിച്ചുകൊള്ളുക. ഏതു തന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവന്നുള്ളതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ..." (ക്വുർആൻ 17:110).

അനസ്ﷺവിൽ നിന്ന്: "വല്ലകാര്യവും നബിﷺയെ പ്രയാസപ്പെടുത്തിയാൽ 'എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ, നിന്റെ കാരുണ്യം കൊണ്ട് ഞാൻ നിന്നോട് സഹായം തേടുന്നു' എന്ന് പറയാറുണ്ടായിരുന്നു" (തിർമിദി).

2. വിശ്വാസവും സൽകർമങ്ങളും മുൻനിർത്തിയുള്ള തവസ്സുൽ: അല്ലാഹുവേ, നിന്നിലുള്ള വിശ്വാസവും ഇഷ്ടവും നിന്റെ പ്രവാചകനെ പിൻപറ്റുന്നത് കാരണത്താലും നീ എനിക്ക് പൊറുത്തുതരേണമേ എന്ന നിലയ്ക്കുള്ള തേട്ടമാണിത്.

അല്ലാഹു പറയുന്നു: (3:193) "ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചുകളയുകയും ചെയ്യേണമേ. പുണ്യവാൻമാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ" (ക്വുർആൻ 3:193).

പൂർവികരായ മൂന്നുപേർ ഗുഹയിൽ അകപ്പെ

ട്ടപ്പോൾ അവർക്ക് നേരിടേണ്ടിവന്ന അപകടത്തിൽ നിന്ന് രക്ഷപ്രാപിക്കുവാൻ അവർ ഓരോരുത്തരായി തങ്ങൾ ചെയ്ത നന്മകളെ മുൻനിർത്തി അല്ലാഹുവിനോട് തേടിയതായും അതിൽ നിന്ന് രക്ഷപ്പെട്ടതായും നബിﷺ പറഞ്ഞു തന്ന സംഭവം ഇതിന് ഉത്തമ ഉദാഹരണമാണ്. ഇബ്നു ഉമർ﵁വിൽ നിന്നും ഇമാം ബുഖാരി(റഹി)യും ഇമാം മുസ്‌ലിം(റഹി)യും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെയ്ത നന്മകളെ മുൻനിർത്തി നാം അല്ലാഹുവിനോട് നടത്തുന്ന തേട്ടത്തിന് അവൻ ഉത്തരം നൽകുമെന്നത് പ്രമാണങ്ങളിലൂടെ വ്യക്തമായതാണ്.

ഇതിനെ 'സുന്നത്ത്' ലേഖകൻ ചോദ്യം ചെയ്യുന്നത് കാണുക: "എന്നാൽ പുത്തൻവാദികൾ സ്വന്തം അമലിനെ തവസ്സുലാക്കുന്നത് അംഗീകരിക്കുന്നു. മഹാന്മാരെ തവസ്സുലാക്കുന്നത് നിരാകരിക്കുകയും അതാണ് മക്കാമുശ്‌രിക്കുകൾ ചെയ്ത ശിർക്ക് എന്ന് വാദിക്കുകയും ചെയ്യുന്നു. ഇത് സൃഷ്ടി പൂജയെന്നാണ് ഈ വാദത്തിന് ഇക്കൂട്ടർ നിരത്തുന്ന ന്യായം. ഇത് എത്രമാത്രം നിരർഥകമാണെന്ന് നമുക്ക് പരിശോധിക്കാം. സൃഷ്ടികളെ തവസ്സുലാക്കാതെ അമലുകളെ തവസ്സുലാക്കാം എന്ന വാദം തന്നെ വൈരുധ്യമാണ്. നമ്മൾ അല്ലാഹുവിന്റെ സൃഷ്ടിതന്നെയാണല്ലോ" (സുന്നത്ത് മാസിക, 2017 നവംബർ, പേജ്: 42).

ഇവിടെ പ്രവർത്തനങ്ങളെ മുൻനിർത്തിയുള്ള ഇസ്‌ലാം അനുവദിച്ച തേട്ടത്തെ ചൂണ്ടിക്കാണിച്ച് മരണപ്പെട്ടവർ എന്ന സൃഷ്ടികളെ -അവർ ആരുമാകട്ടെ- ഇടയാളന്മാരാക്കിയും അല്ലാതെയുമുള്ള ഇസ്‌ലാം വിരോധിച്ച തവസ്സുലിനെ മുന്തിക്കാനുള്ള കിണഞ്ഞ പരിശ്രമമാണ് ലേഖകൻ നടത്തുന്നത്.

അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞ സമയങ്ങളിലും സ്ഥലങ്ങളിലും വെച്ച് പ്രാർഥിക്കൽ പെട്ടെന്ന് ഉത്തരം കിട്ടാൻ കാരണമാണ്. അതിൽ ആർക്കും തർക്കമില്ല. പക്ഷേ, അവ ഉദ്ധരിച്ച് വിലക്കപ്പെട്ട തവസ്സുലിനെ സ്ഥാപിക്കുവാൻ നോക്കുന്നത് ശരിയല്ല.

ലേഖകൻ തുടരുന്നു: "ഇനി സ്ഥലത്തെയും സമയത്തേയും എല്ലാവരും തവസ്സുലാക്കുന്നുണ്ട്. ഹറമിൽ പോയി പ്രാർഥിക്കുന്നതും അവിടെ തന്നെ മക്വാമു ഇബ്റാഹീം, സംസം കിണർ, സ്വഫ-മർവ, അറഫ, മിന തുടങ്ങിയ സ്ഥലങ്ങളിൽ ചെന്നു പ്രത്യേകം പ്രാർഥിക്കുന്നതും ആ സ്ഥലങ്ങളെ അല്ലാഹുവിലേക്ക് അടുക്കാൻ വേണ്ടി തവസ്സുലാക്കലാണല്ലോ. ഇതുപോലെ റമദാൻ മാസം, വെള്ളിയാഴ്ച ദിവസം, അർധരാത്രി തുടങ്ങിയ സമയങ്ങളിൽ പ്രാർഥിക്കുന്നതും സമയത്തെ തവസ്സുലാക്കുന്നതിന്റെ ഭാഗമാണ്. സ്ഥലവും സമയവും സൃഷ്ടിയല്ലേ? ബിദഇകളുടെ വാദം നിലനിൽക്കുന്നതല്ല എന്നു വ്യക്തം" (പേജ്: 42).

ഇത്തരം സന്ദർഭങ്ങളെ നബിﷺ പഠിപ്പിച്ചു എന്നത് അമ്പിയാക്കളെയും ഔലിയാക്കളെയും അവരുടെ മരണത്തിന്ന് ശേഷം ഇടയാളന്മാരാക്കുന്നതിന് രേഖയാകുമോ? ഹദീഥുകളുടെ താൽപര്യം എന്തെന്ന് വിശദീകരിക്കാതെയുള്ള തെറ്റിദ്ധരിപ്പിക്കൽ മാത്രമാണിത്. സ്വഹാബത്തിൽ നിന്നോ, ശേഷക്കാരായ അഹ്‌ലുസ്സുന്നയുടെ പണ്ഡിതരിൽ നിന്നോ ഇത്തരം ഹദീഥുകളെ എടുത്തുകാട്ടി സമസ്തക്കാർ വിശ്വസിക്കുന്ന പോലെയുള്ള ഒരു തവസ്സുലിനെ ഉദ്ധരിക്കപ്പെട്ടിട്ടില്ല.

3. ജീവിക്കുന്ന നല്ലവരുടെ പ്രാർഥന കൊണ്ടുള്ള തവസ്സുൽ: ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളിലും പ്രയാസങ്ങളിലും, ക്വുർആനിലും സുന്നത്തിലും അറിവ് നേടി ജീവിതത്തിൽ നന്മയും സൂക്ഷ്മതയും കാത്ത് സൂക്ഷിക്കുന്നവർ തന്റെ അടുക്കലുണ്ടെങ്കിൽ അവരോട് തനിക്ക് ബാധിച്ച ഇന്ന പ്രയാസം നീങ്ങിക്കിട്ടാൻ നിങ്ങൾ റബ്ബിനോട് പ്രാർഥിക്കണമെന്ന് ആവശ്യപ്പെടുന്ന രീതിയാണിത്. അനസ് ﷺവിൽ നിന്ന് ഇമാം ബുഖാരി﵀യും ഇമാം മുസ്‌ലിമും ഉദ്ധരിച്ച, വെള്ളിയാഴ്ച ദിവസം നബിﷺ ഖുത്വുബ നിർവഹിച്ച് കൊണ്ടിരിക്കെ മഴക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുവാൻ അവശ്യപ്പെട്ട സംഭവം ഇതിന് വ്യക്തമായ തെളിവാണ്. അല്ലാഹുവിനോട് തനിക്ക് വേണ്ടി ആവശ്യപ്പെടാൻ പറയുന്ന രീതിയാണിത്. മരണപ്പെട്ടവരെ ഇടയാളന്മാരാക്കി അല്ലാഹുവിനോട് തേടുന്ന ശിർക്കൻ പ്രവണതയെ ന്യായീകരിക്കാനുള്ള തെളിവ് ഇതിലില്ലെന്ന് പ്രത്യേകം മനസ്സിലാക്കണം.

പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതായ ഇടതേട്ടത്തിന്റെ ഈ വഴികളെ അംഗീകരിക്കുക എന്നതല്ല സമസ്ത വിഭാഗങ്ങളുടെ സ്വഭാവം. മക്കാമുശ്‌രിക്കുകൾ പ്രവാചകന്മാരുടെയും മഹത്തുക്കളുടെയും ബിംബങ്ങളുണ്ടാക്കി അവയെല്ലാം ഞങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കലുള്ള ശുപാർശകരാണ് എന്ന വിശ്വാസത്തോടെ അവയെ ആരാധിച്ചിരുന്നു. ഇത് പോലെ ഇസ്‌ലാം നിഷിദ്ധമാക്കിയതും പ്രമാണങ്ങൾ പഠിപ്പിക്കാത്തതുമായ അമ്പിയാ-ഔലിയാക്കളുടെ ഹഖ്, ജാഹ്, ബർകത്ത് കൊണ്ടുള്ള തേട്ടമാണ് ഇവർക്കിഷ്ടം. വല്ലാത്ത കഷ്ടം തന്നെ!

സുന്നത്ത് ലേഖകൻ വീണ്ടും എഴുതുന്നു: "മഹാന്മാരുടെ ഹഖ്, ജാഹ് ബർകത്ത് എന്നിവ തവസ്സുലാക്കി പ്രാർഥിക്കുന്ന പതിവുണ്ട്. അങ്ങനെയുള്ള പദവികളൊന്നും ആർക്കും അല്ലാഹുകൊടുത്തിട്ടില്ലെന്നും അത്തരം സ്ഥലങ്ങൾ മുൻനിർത്തി പ്രാർഥിക്കുന്നത് തനിച്ച ശിർക്കാണെന്നുമാണ് കേരളവഹാബികൾ വാദിച്ചു കൊണ്ടിരിക്കുന്നത്" (പേജ്: 42).

പ്രവാചകന്മാർക്കും ഔലിയാക്കൾക്കും അല്ലാഹു നൽകിയതായ സ്ഥാനങ്ങളെയും പദവികളെയും

ഒന്നൊഴിയാതെ സലഫികൾ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എന്നാൽ തന്നിഷ്ടങ്ങൾക്ക് വേണ്ടി അവയെ ദുർവ്യാഖ്യാനിക്കുന്നില്ല. സമസ്തക്കാർ പഠിപ്പിക്കുന്ന നിലയ്ക്കുള്ള തവസ്സുലിൽ വിശ്വസിക്കണമെങ്കിൽ ആയത്തുകളെയും സ്വഹീഹായ ഹദീഥുകളെയും ദുർവ്യാഖ്യാനിക്കണം. ദുർബലവും നിർമിതവുമായ കഥകളെ ആശ്രയിച്ച് പണ്ഡിതന്മാരുടെ പേരിൽ കളവുകൾ പ്രചരിപ്പിക്കണം. അല്ലാഹുവിനെ ഭയപ്പെട്ടു ജീവിക്കുന്നവർക്ക് അതിന് സാധ്യമല്ല എന്നേ പറയാനുള്ളൂ.

'സുന്നത്തു'കാരൻ കാണിച്ച ഒരു കടുത്ത ദുർവ്യാഖ്യാനം കാണുക: "വിശുദ്ധ ക്വുർആൻ സൂറഃ അർറൂമിന്റെ 47ാം സൂക്തത്തിൽ മുഅ്മിനീങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ ഹഖ് ഉണ്ടെന്ന് പറയുന്നു. സൂറഃ മർയം 31ൽ ഈസാ നബി ബർക്കത്തുള്ളവരാണെന്നും സൂറ ആലു ഇംറാൻ 45ൽ ഈസാ നബിക്ക് ജാഹ് ഉണ്ടെന്നും പറയുന്നു" (പേജ്: 42).

ഈ വചനങ്ങളിൽ 'ഹഖൻ,' 'മുബാറകൻ,' 'വജീഹൻ' എന്നീ പ്രയോഗങ്ങൾ കണ്ടപ്പോൾ ലേഖകൻ വിചാരിച്ചത് തങ്ങൾ കൊണ്ടുനടക്കുന്ന വികല വിശ്വാസത്തെ സ്ഥാപിക്കാൻ തെളിവായല്ലോ എന്നാണ്. അല്ലാഹുവിന്റെ മേൽ കടുത്ത കളവാണ് ഇവർ കെട്ടിച്ചമച്ചിരിക്കുന്നത്. ഈ ആയത്തുകളുടെ യഥാർഥ ഉദ്ദേശ്യമെന്തെന്ന് ഒറ്റനോട്ടത്തിൽ തന്നെ ആർക്കും വ്യക്തമാകും. ഉത്തമതലമുറയിൽ ജീവിച്ച ഒരാൾ പോലും ഈ വചനങ്ങളെ ഇങ്ങനെ മനസ്സിലാക്കിയിട്ടില്ല. അഹ്‌ലുസ്സുന്നയുടെ മുഫസ്സിറുകളിൽ ആരും തന്നെ ഈ അർഥത്തിൽ വിശദീകരിച്ചിട്ടില്ല. ഇസ്‌ലാം അംഗീകരിക്കുന്ന തവസ്സുലിന് പോലും ഇത് തെളിവല്ല. പിന്നെ എങ്ങനെയാണ് ദീനിൽ ഇല്ലാത്ത ഒന്നിന് ഈ ആയത്തുകൾ ബലം നൽകുക? ആ വചനങ്ങൾ ഒന്ന് കണ്ട് വിലയിരുത്തുക:

സൂറഃ അർറൂം 47ാം വചനം: "നിനക്ക് മുമ്പ് പല ദൂതന്മാരെയും അവരുടെ ജനതയിലേക്ക് നാം നിയോഗിച്ചിട്ടുണ്ട്. എന്നിട്ട് വ്യക്തമായ തെളിവുകളും കൊണ്ട് അവർ (ദൂതൻമാർ) അവരുടെയടുത്ത് ചെന്നു. അപ്പോൾ കുറ്റകരമായ നിലപാട് സ്വീകരിച്ചവരുടെ കാര്യത്തിൽ നാം ശിക്ഷാനടപടി സ്വീകരിച്ചു. വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയായിരിക്കുന്നു."

ഇതിൽ ബാധ്യത എന്നതിന് ഹക്വൻ എന്ന് പദമാണുള്ളത്. ഇതിനെ ലേഖകൻ (ദുർ)വ്യാഖ്യാനിക്കുന്നത് 'മുഅ്മിനീങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ ഹഖ് ഉണ്ടെന്ന് പറയുന്നു' എന്നാണ്! അങ്ങനെ ഹഖ് കൊണ്ട് തവസ്സുലാക്കാൻ തെളിവുണ്ടാക്കി!

സൂറഃ മർയം 31ാം വചനം: "ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു."

**പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതായ ഇടതേട്ടത്തിന്റെ ഈ വഴികളെ അംഗീകരിക്കുക എന്നതല്ല സമസ്ത വിഭാഗങ്ങളുടെ സ്വഭാവം. മക്കാമുശ്‌രിക്കുകൾ പ്രവാചകന്മാരുടെയും മഹത്തുക്കളുടെയും ബിംബങ്ങളുണ്ടാക്കി അവയെല്ലാം ഞങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കലുള്ള ശുപാർശകരാണ് എന്ന വിശ്വാസത്തോടെ അവയെ ആരാധിച്ചിരുന്നു. ഇത് പോലെ ഇസ്‌ലാം നിഷിദ്ധമാക്കിയതും പ്രമാണങ്ങൾ പഠിപ്പിക്കാത്തതുമായ അമ്പിയാ-ഔലിയാക്കളുടെ ഹഖ്, ജാഹ്, ബർകത്ത് കൊണ്ടുള്ള തേട്ടമാണ് ഇവർക്കിഷ്ടം.**

ഇതിൽ 'എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു' (വ ജഅലനീ മുബാറകൻ) എന്നതിൽ ഇസാനബിﷺയുടെ ബർകത്ത് കൊണ്ട് തവസ്സുലാക്കുവാൻ തെളിവ് കണ്ടെത്തിയ ലേഖകനെ സമ്മതിക്കണം. കാരണം ലോകത്ത് ഇന്നേവരെ ആർക്കും കണ്ടെത്താൻ കഴിയാത്ത കാര്യമാണിത്. ഏതായാലും ബർകത്ത് കൊണ്ട് തവസ്സുലാക്കാനുള്ള തെളിവും ലേഖകൻ കണ്ടെത്തി!

ആലുഇംറാൻ 45ാം വചനം: "മലക്കുകൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്ത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും."

ഇതിൽ മഹത്ത്വമുള്ളവൻ എന്നതിന് 'വജീഹൻ' എന്ന പദമാണ് ക്വുർആനിലുള്ളത്. ഇതിൽ നിന്ന് 'ജാഹ്' കൊണ്ട് തവസ്സുലാക്കുവാനുള്ള തെളിവും ലേഖകൻ മെനഞ്ഞെടുത്തിരിക്കുന്നു. വായനക്കാർ നിഷ്പക്ഷമായി പ്രസ്തുത വചനങ്ങൾ മനസ്സിരുത്തി വായിച്ചു നോക്കുക.

അല്ലാഹു ഉണർത്തിയത് എത്ര ശരി:

"അവർ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു). അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു, നിന്റെ രക്ഷിതാവിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു" (ക്വുർആൻ 17:57). ●

മുഹമ്മദലി വാരം
mail@nerpatham.com

ലേഖനം

# ഇസ്‌ലാമിന്റെ മധ്യമ സമീപനം

പരസ്പരം കാണുമ്പോൾ ‘നിങ്ങൾക്ക് ദൈവത്തിങ്കൽ നിന്നുള്ള സമാധാനമുണ്ടാകട്ടെ’ എന്ന് അഭിവാദ്യമർപിക്കുന്നവനാണ് മുസ്‌ലിം. ദിനേന പലവുരു ചെയ്യുന്ന നമസ്കാരം ‘നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ’ എന്ന വാക്കോടെ അവസാനിപ്പിക്കുകയും നമസ്കാരം കഴിഞ്ഞയുടൻ ‘അല്ലാഹുവേ, നീയാണ് ശാന്തി (രക്ഷ), നിന്നിൽ നിന്ന് മാത്രമാണ് ശാന്തി’ എന്ന സ്തുതികീർത്തനം നടത്തുകയും ചെയ്യുന്നവനാണ് മുസ്‌ലിം.

ഇങ്ങനെ സമാധാനവും നിർഭയത്വവും ആഗ്രഹിക്കുകയും അതിന്നായി ജഗന്നിയന്താവിനോട് തേടുകയും ചെയ്യുന്ന ഒരു ഇസ്‌ലാം മത വിശ്വാസിക്കെങ്ങിനെ തീവ്രവാദത്തിന്റെയും ആളുകൾക്ക് മടുപ്പും വെറുപ്പുമുണ്ടാക്കുന്ന കാർക്കശ്യത്തിന്റെയും വക്താവാകുവാൻ സാധിക്കും? ഉത്തമസമൂഹമായി ലോകർക്ക് മാതൃകയായി ജീവിക്കേണ്ടവരാണ് മുസ്‌ലിംകൾ.

അല്ലാഹു പറയുന്നു: “അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി...” (ക്വുർആൻ 2:143).

അതായത് നബിﷺക്ക് അനുചരന്മാർ സാക്ഷികളാണ്. അവർ ഇതര ജനങ്ങൾക്കും സാക്ഷികളാണ്. ആ പാത പിൻപറ്റുന്ന ഇന്നത്തെ മുസ്‌ലിംകൾ മാനവരാശിക്ക് മാതൃകയായി നിലകൊള്ളേണ്ടവരാണെന്നതിൽ സംശയമില്ല.

പ്രബോധന ദൗത്യത്തിനായി യമനിലേക്ക് അയക്കവെ ശിഷ്യന്മാരായ മുആദ് ഇബ്നു ജബലിﷻനും അബൂമൂസൽ അശ്അരിﷻക്കും നബിﷺ കൊടുത്ത ഉപദേശത്തിൽ പെട്ടതാണ് 'നിങ്ങൾ രണ്ടുപേരും കാര്യങ്ങൾ എളുപ്പമുള്ളതാക്കുക പ്രയാസമുണ്ടാക്കരുത്. ജനങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുക, വെറുപ്പിക്കരുത്' എന്നത്. ഏതൊരു ജനതയിലേക്ക് സന്ദേശവാഹകരെ അയക്കുമ്പോഴും നബിﷺ ഇത്തരത്തിൽ ഉപദേശം നൽകാറുണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്.

ശൈഖ് ഉഥൈമീൻ(റഹി) മേൽപറഞ്ഞ 'എളുപ്പമാക്കുക' എന്നതിനെ വിശദീകരിച്ചുകൊണ്ട് രിയാദുസ്സ്വാലിഹീനിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: 'അതായത് എളുപ്പത്തിലേക്കും ലളിതമായതിലേക്കും പ്രവേശിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളിലും പെരുമാറ്റങ്ങളിലും അതല്ലാത്ത കാര്യങ്ങളിലും ഉണ്ടാകേണ്ട അടിസ്ഥാനം അതാണ്. ഇപ്രകാരമായിരുന്നു നബിﷺ അദ്ദേഹത്തിന്റെ ചര്യയിൽ. രണ്ട് കാര്യം തിരഞ്ഞെടുക്കുവാനുള്ള അവകാശം അദ്ദേഹത്തിനു ലഭിച്ചാൽ അവയിൽ വിഷമരഹിതമായതല്ലാതെ തിരഞ്ഞെടുക്കാറുണ്ടായിരുന്നില്ല.'

ഇസ്‌ലാം എന്ന സമാധാനത്തെ അസമാധാനത്തിലേക്ക് നയിക്കുന്ന തീവ്രതയെ അല്ലാഹുവും അവന്റെ പ്രവാചകനും ഇഷ്ടപ്പെടുകയില്ലെന്നതിൽ സംശയമില്ല. സ്രഷ്ടാവിന് 'കീഴ്പെട്ട്' ജീവിക്കുന്ന മുസ്‌ലിമിന് യോജിക്കുന്ന രീതിയല്ല അത്. വേദക്കാരോട് അല്ലാഹു പറഞ്ഞത് ശ്രദ്ധിക്കുക:

"പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പേ പിഴച്ചു പോകുകയും ധാരാളം പേരെ പിഴപ്പിക്കുകയും നേർമാർഗത്തിൽ നിന്ന് തെറ്റിപ്പോകുകയും ചെയ്ത ഒരു ജനവിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്" (ക്വുർആൻ 5:77 ).

അബ്ദുല്ലാഹിബ്നു മസ്ഊദ്ﷻവിൽ നിന്നും ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ 'കാർക്കശ്യം പലർത്തുന്നവർ (തീവ്രത പുലർത്തുന്നവർ) നശിക്കട്ടെ' എന്ന് നബിﷺ മൂന്ന് തവണ ആവർത്തിച്ചു പറഞ്ഞതായി കാണാം.

ഇമാം നവവി എഴുതി: 'തീവ്രത എന്നാൽ വാക്കുകളിലും പ്രവർത്തനങ്ങളിലും മതത്തിന്റെ അതിർത്തി ലംഘിച്ചു തീവ്രതയേറി അഗാധതയിലാവുക എന്നതാണ്' (ശറഹു മുസ്‌ലിം).

ഇബ്നു ഹജറുൽ അസ്ക്വലാനി: 'കാര്യങ്ങളിൽ കടുപ്പമാക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത് മതത്തിലുള്ള അതിര് വിട്ട് കടക്കുക എന്നുള്ളതാണ്. തീവ്രതയാകട്ടെ മതത്തിന്റെ ചട്ടക്കൂട് വിട്ടു കൊണ്ടുള്ള കാർക്കശ്യത്തെ അറിയിക്കുന്നു.'

ഇസ്‌ലാമിന്റെ മിതത്വ നിലപാടിൽ നിന്ന് തെന്നിമാറുന്ന സകല പുഴുത്തുകളെയും തുടക്കത്തിലെ മതം അതിന്റെ വേരറുത്ത് പിഴുതുമാറ്റിയിട്ടുണ്ട്.

ജാബിർﷻവിൽ നിന്ന് മുസ്‌ലിമും മറ്റും റിപ്പോർട്ട് ചെയ്യുന്നു: "മുആദ്ബ്നു ജബൽﷻ നബിﷺയുടെ കൂടെനമസ്കരിച്ചു. പിന്നീട് തന്റെ ജനതയിലേക്ക് ചെന്നുകൊണ്ട് അവർക്ക് ഇമാമായി സൂറത്തുൽ ബക്വറ ഓതി നമസ്കരിച്ചു. അന്നേരം ഒരാൾ ആ നമസ്കാരത്തിൽനിന്നും വിട്ടകന്ന് ലഘുവായി ഓതി നമസ്കരിച്ചു. മുആദ്ﷻ ഈ വിവരം അറിഞ്ഞു. അദ്ദേഹം പറഞ്ഞു: 'അയാൾ കപടവിശ്വാസിയാണ്.' ഈ വിവമറിഞ്ഞ അയാൾ നബിﷺയുടെ അടുക്കൽ ചെന്ന് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ കൈകൾകൊണ്ട് അധ്വാനിച്ചും കാലികളെക്കൊണ്ട് തേവിനനച്ചും ജീവിക്കുന്ന ആളുകളാണ്. ഇന്നലെ മുആദ് സൂറത്തുൽ ബക്വറ ഓതിയാണ് നമസ്കരിച്ചത്. അന്നേരം ഞാൻ ആ നമസ്കാരത്തിൽ നിന്ന് വിട്ടുനിന്നു. അതിനാൽ ഞാൻ കപടവിശ്വാസിയാണെന്ന് മുആദ് പറഞ്ഞിരിക്കുന്നു." നബിﷺ പറഞ്ഞു: "ഓ മുആദ്! നീ വലിയൊരു കുഴപ്പക്കാരനാണോ? (മൂന്ന് തവണ ഇത് പറഞ്ഞു) ജനങ്ങൾക്ക് ഇമാമായി നിൽക്കുമ്പോൾ താങ്കൾ വശ്ശംസി വദുഹാഹാ, സബ്ബിഹിസ്മ റബ്ബികൽ അഅ്ലാ പോലുള്ളവ പാരായണം ചെയ്യുക."

അബൂമസ്ഊദിﷻൽ നിന്ന് ബുഖാരിയിൽ വന്നിട്ടുള്ള ഒരു സംഭവം: "ഒരാൾ വന്ന് നബിﷺയോട്

**സ്നേഹം, സംസാരം, വേഷം, ഭക്ഷണം, പ്രാർഥന, യുദ്ധം, ചെലവഴിക്കൽ, ഉപദേശം, ഇടപാടുകൾ തുടങ്ങി എല്ലാ രംഗത്തും ഇസ്‌ലാമിന്റെ സമീപന രീതി മധ്യമമാണ്. തീവ്രതയുടെ ക്ഷീണമോ നാശമോ, ലാഘവത്വത്തിന്റെ വീഴ്ചവരുത്തലോ ജീർണതയോ ഇസ്‌ലാം സമ്മതിക്കുന്നില്ല. മതത്തിൽ ഉടലെടുത്ത ഛിദ്രതകൾക്കും കക്ഷിത്വങ്ങൾക്കും കാരണമായി ഭവിച്ചത് അതിന്റെ മധ്യമ സരണിയിൽ നിന്ന് പലരും വ്യതിചലിച്ചു പോയതാണ്. മഹാന്മാരോടുള്ള അതിരുവിട്ട സ്നേഹവും ബഹുമാനവും ക്വബ്റാരാധനയിലേക്കും മറ്റും വഴിതെളിച്ചെങ്കിൽ; വ്യക്തമായ തെളിവുകളെ പോലും അവഗണിക്കുന്ന സമീപനരീതി പച്ചയായ കുഫ്റിലേക്കും ബിദ്അത്തിലേക്കും വഴി നടത്തിച്ചു.**

പരാതിപ്പെട്ടു: 'ഇന്നയാൾ നമസ്കാരം ദീർഘിപ്പിക്കുന്നത് നിമിത്തം ഞാൻ സുബ്ഹി നമസ്കാരത്തിന് വൈകിയാണ് ചെല്ലുന്നത്.' ഒരു ഉപദേശത്തിലും അന്നത്തെക്കാൾ നബിﷺ കുപിതനായത് ഞാൻ കണ്ടിട്ടില്ല എന്ന് ഇബ്നുമസ്ഊദ്ؓ ഓർക്കുന്നു. ശേഷം റസൂൽﷺ പറഞ്ഞു: 'ഹേ, ജനങ്ങളേ, നിങ്ങളിലുണ്ട് ആളുകളെ വെറുപ്പിക്കുന്നവർ. അതിനാൽ നിങ്ങളിൽ ആരെങ്കിലും ജനങ്ങൾക്ക് ഇമാമാകുന്ന പക്ഷം ചുരുക്കി നമസ്കരിക്കട്ടെ. കാരണം അവന്റെ പിന്നിൽ വൃദ്ധരും ദുർബലരും മറ്റാവശ്യങ്ങൾക്കു പോകേണ്ടവരും ഉണ്ടാകും."

'ദീർഘമായി നമസ്കരിക്കണമെന്നുദ്ദേശിച്ചാണ് ഞാൻ നമസ്കാരത്തിൽ പ്രവേശിക്കുക. അന്നേരം കുഞ്ഞിന്റെ കരച്ചിൽ കേൾക്കും. ആ സമയത്ത് ഉമ്മയുടെ കഠിനമായ വിഷമം മനസ്സിലാക്കി ഞാൻ നമസ്കാരം വേഗം തീർക്കും' എന്ന് നബിﷺ പറഞ്ഞതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം.

ഇസ്ലാമിലെ കർമാനുഷ്ഠാനങ്ങളിൽ പ്രധാനമായ നമസ്കാരത്തിൽ പോലും; അത് സംഘമായി നിർവഹിക്കുമ്പോൾ മിതത്വം പാലിക്കണമെന്ന് മതം നിഷ്കർശിക്കുന്നു എന്നിരിക്കെ മറ്റെന്ത് തെളിവാണ് കാർക്കശ്യവർജനത്തിന് നമുക്ക് ലഭിക്കേണ്ടത്? ജമാഅത്ത് നിസ്കാരത്തിന്റെ ദൈർഘ്യം കാരണത്താൽ അതിൽ പങ്കെടുക്കാതെ ഒറ്റയ്ക്ക് നമസ്കരിച്ച വ്യക്തിയോട് ഒന്നും പറയാതെ ആ നമസ്കാരത്തിന് നേതൃത്വം നൽകിയ തന്റെ പ്രഗത്ഭനായ അനുചരനോട് "നീ വലിയ കുഴപ്പമുണ്ടാക്കുന്നവനാണോ" എന്ന് ശകാരിച്ചു ഗുണദോഷിക്കുന്ന പ്രവാചകൻ! ഇമാം നമസ്കാരം ദീർഘിപ്പിക്കുന്നതിനാൽ ഞാൻ സുബ്ഹിക്ക് വൈകിയേ എത്താറുള്ളൂ എന്ന് പറഞ്ഞ വ്യക്തിയോട് മറുത്തൊന്നും പറയാതെ അതിനു കാരണക്കാരനായ ഇമാമുമാർ 'ആളുകളെ വെറുപ്പിക്കുന്നവരാണ്' എന്ന് പ്രഖ്യാപിച്ച പ്രവാചകൻ! ചെറിയ കുട്ടികളുടെ കരച്ചിൽ കേൾക്കുമ്പോൾ ജമാഅത്തിൽ പങ്കെടുക്കുന്ന അവരുടെ ഉമ്മമാർക്ക് പ്രയാസമുണ്ടാകുമല്ലോ എന്ന് കരുതി നമസ്കാരം ലഘൂകരിക്കുന്ന പ്രവാചകൻ! മതത്തെ പഠിച്ചറിയുന്നവർക്ക് ഇസ്ലാമിന്റെ മധ്യമ നിലപാടും ജനങ്ങളെ ബുദ്ധിമുട്ടിക്കുവാൻ ഇസ്ലാം അനുവദിക്കുന്നില്ലെന്ന സന്ദേശവുമല്ലേ മഹാനായ പ്രവാചകൻﷺ ഇതിലൂടെയെല്ലാം നമ്മെ പഠിപ്പിക്കുന്നത്?!

മറ്റൊരു പ്രധാന ആരാധന കർമമായ നോമ്പിനെപ്പറ്റി പറയുമ്പോൾ അല്ലാഹു പറഞ്ഞത് കാണുക:

"...ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). നിങ്ങൾക്ക് ആശ്വാസം വരുത്തുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കുവാൻ അവൻ ഉദ്ദേശിക്കുന്നില്ല...(ക്വുർആൻ 2:185).

പ്രവാചകന്റെ ദൗത്യമായി അല്ലാഹു ചൂണ്ടിക്കാട്ടിയത് കാണുക: "അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു" (ക്വുർആൻ 7:157).

സുസ്ഥിര സമാധാന സങ്കേതമായ സ്വർഗലോകത്തേക്ക് മുഴുവൻ ജനങ്ങളെയും ക്ഷണിക്കുവാനുള്ള ദൗത്യവുമായാണ് മുഹമ്മദ് നബിﷺ ആഗതനായത്. അതുകൊണ്ട് തന്നെ അസമാധാനത്തിന്റെയും അശാന്തിയുടെയും അടയാളമായ തീവ്രതയും അതിരുകവിയലും ഒരിക്കലും അംഗീകരിച്ചില്ല. കാരണം അത് നാശവും മടുപ്പുമാണ്. അത് ഉന്മൂലനവും സങ്കുചിതത്വവുമാണ്. ആയതിനാൽ അത്തരം ഭാരങ്ങളും വിലങ്ങുകളും ജനതയിൽ നിന്ന് ഇറക്കിവെക്കുവാനാണ് അല്ലാഹു വിശേഷിപ്പിച്ചതുപോലെ അദ്ദേഹം പ്രയത്നിച്ചത്.

അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്ؓ പറയുകയാണ്: "ഞാൻ രാത്രിയിൽ നമസ്കരിക്കുകയും തുടർച്ചയായി നോമ്പെടുക്കുകയും ചെയ്യുന്ന കാര്യം നബിﷺ അറിഞ്ഞു. അങ്ങനെയിരിക്കെ എന്റെയടുത്തേക്ക് ആളെ അയച്ചു (ഞാനുമായി കണ്ടുമുട്ടി). തിരുമേനിﷺ പറഞ്ഞു: 'നീ എന്നും നോമ്പെടുക്കുകയും എല്ലാ രാത്രിയും ക്വുർആൻ പാരായണം ചെയ്യുകയും ചെയ്യുന്നു എന്ന് എനിക്ക് വിവരം കിട്ടിയിരിക്കുന്നു. അങ്ങനെ ചെയ്യരുത്. താങ്കളുടെ കണ്ണുകളോട് താങ്കൾക്ക് കടമകളുണ്ട്. താങ്കളുടെ ശരീരത്തോട് താങ്കൾക്ക് കടപ്പാടുകളുണ്ട്. താങ്കളുടെ ഭാര്യയോട് താങ്കൾക്ക് ബാധ്യതയുണ്ട്. താങ്കളെ സന്ദർശിക്കുന്നവരോടും കടപ്പാടുകളുണ്ട്" (മുസ്ലിം, നസാഈ).

ആഇശؓയിൽ നിന്ന് നിവേദനം: "പ്രവാചകൻﷺ ഒരിക്കൽ അവരുടെ അടുക്കൽ ചെന്നപ്പോൾ അവിടെ ഒരു സ്ത്രീയുണ്ടായിരുന്നു. നബിﷺ ചോദിച്ചു: 'ഇവൾ ആരാണ്?' അവൾ ഇന്നവളെന്ന് പറഞ്ഞ ശേഷം ആഇശؓ അവളുടെ നമസ്കാരത്തെക്കുറിച്ച് വർണിക്കാൻ തുടങ്ങി. നബിﷺ പറഞ്ഞു: 'നിർത്തൂ! നിങ്ങൾക്ക് സാധിക്കുന്നവമാത്രം അനുഷ്ഠിക്കുക. അല്ലാഹു തന്നെയാണ് സത്യം! നിങ്ങൾക്ക് മടുക്കുകയല്ലാതെ അല്ലാഹുവിന് മടുക്കുകയില്ല."

അനസ്ؓവിൽ നിന്ന്: "ഒരിക്കൽ പ്രവാചകൻﷺ പള്ളിയിൽ കടന്നു വന്നപ്പോൾ രണ്ട് തൂണുകൾക്കിടയിൽ ഒരു കയർ നീട്ടിയിട്ടതായി കണ്ടു. അവിടുന്ന് ചോദിച്ചു: 'ഇത് ആരുടെ കയറാണ്?' അവർ പറഞ്ഞു: 'ഇത് സൈനബിന്റെ കയറാണ്. ക്ഷീ

**ചെറിയ കുട്ടികളുടെ കരച്ചിൽ കേൾക്കുമ്പോൾ ജമാഅത്തിൽ പങ്കെടുക്കുന്ന അവരുടെ ഉമ്മമാർക്ക് പ്രയാസമുണ്ടാകുമല്ലോ എന്ന് കരുതി നമസ്കാരം ലഘൂകരിക്കുന്ന പ്രവാചകൻ, മതത്തെ പഠിച്ചറിയുന്നവർക്ക് ജനങ്ങളെ ബുദ്ധിമുട്ടിക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ലെന്ന സന്ദേശമാണ് പകർന്നു നൽകുന്നത്.**

ണിച്ച് തളർന്നാൽ അവർ അതിൽ പിടിച്ചു നിൽക്കും.' നബിﷺ പറഞ്ഞു: 'അത് അഴിച്ചു മാറ്റുക. നിങ്ങൾ ഉന്മേഷമുള്ളപ്പോൾ നമസ്കരിക്കുക. ക്ഷീണിച്ചാൽ ഉറങ്ങുക" (ബുഖാരി).

മതത്തിന്റെ കാതലായ ആരാധനകളിൽ പോലും പോലും പക്വമാർന്ന മിതത്വനിലപാട്; ഇത് ഇസ്‌ലാമിന്റെ സവിശേഷതയാണ്.

പ്രവാചക സ്നേഹം മുസ്‌ലിമിന് നിർബന്ധമാണ്. തിരുമേനിയെ സ്നേഹിക്കാത്തവൻ യഥാർഥ മുസ്‌ലിം അല്ല. എന്നാൽ നബിﷺയെ സ്നേഹിക്കുന്ന വിഷയത്തിലും ഒരു മധ്യമ നിലപാട് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

നബിﷺ പറഞ്ഞു: "നിങ്ങൾ മർയമിന്റെ പുത്രൻ ഈസയെ നസ്വാറാക്കൾ അമിതമായി പുകഴ്ത്തിയതുപോലെ എന്നെ പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ഒരു ദാസൻ മാത്രമാകുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനും എന്നു പറഞ്ഞുകൊള്ളുക" (ബുഖാരി, മുസ്‌ലിം).

ഈസാനബിعليه السلام പുകഴ്ത്തുന്നതിൽ അവർ അതിരുകവിഞ്ഞു. ആ തീവ്രത അവരെ കൊണ്ടെത്തിച്ചത് അദ്ദേഹം ദൈവപുത്രനാണെന്ന് എന്ന വാദത്തിലേക്കായിരുന്നു. തന്റെ കാര്യത്തിൽ അത് സംഭവിക്കാതിരിക്കുവാൻ നബിﷺ ജാഗ്രത കാണിച്ചു. ഒരു പ്രവാചകൻ മാത്രമാണോ? അല്ല, അല്ലാഹുവിന്റെ ദാസനും കൂടിയാണ്. ദാസൻ മാത്രമാണോ? അല്ലേയല്ല, പ്രവാചകനും കൂടിയാണ്.

"നീ(അഹങ്കാരിത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചു കളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുകയും നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക" (ക്വുർആൻ 31:18,19).

"നിന്റെ പ്രാർഥന നീ ഉച്ചത്തിലാക്കരുത്. അത് പതുക്കെയുമാക്കരുത്. അതിനിടയിലുള്ള ഒരു മാർഗം നീ തേടിക്കൊള്ളുക" (ക്വുർആൻ 17:110).

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല" (ക്വുർആൻ 2:190).

"ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടയ്ക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:67).

ധൂർത്തും പൊങ്ങച്ചവും കലരാത്ത മിതമായ വേഷവും മിതമായ ഭക്ഷണവും ഇസ്‌ലാം അഭികാമ്യമായി കരുതുന്നു. ആരാധനാവേളയിൽ നഗ്നരോ അർധനഗ്നരോ ആകുന്നതാണ് നല്ലത് എന്ന പ്രാകൃത ചിന്ത ഇസ്‌ലാം തിരുത്തി:

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും നിങ്ങൾക്കലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചു കൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാത് നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (ക്വുർആൻ 7:31).

മൗന വ്രതം ഇസ്‌ലാം പഠിപ്പിക്കുന്നില്ല; അനാവശ്യമായി സംസാരിക്കുക എന്നതും. അല്ലാഹുവിന്റെ റസൂൽﷺപറഞ്ഞു: "സംസാരത്തിലും പ്രവർത്തനത്തിലും അതിരു കവിയുന്നവർ നശിച്ചിരിക്കുന്നു." അവിടുന്ന് ഇത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു. (മുസ്‌ലിം).

സ്നേഹം, വിവാഹം, സംസാരം, വേഷം, ഭക്ഷണം, പ്രാർഥന, യുദ്ധം, ചെലവഴിക്കൽ, ഉപദേശം, ഇടപാടുകൾ തുടങ്ങി എല്ലാ രംഗത്തും ഇസ്‌ലാമിന്റെ സമീപന രീതി മധ്യമമാണ്. തീവ്രതയുടെ ക്ഷീണമോ നാശമോ, ലാഘവത്വത്തിന്റെ വീഴ്ചവരുത്തലോ ജീർണതയോ ഇസ്‌ലാം സമ്മതിക്കുന്നില്ല. മതത്തിൽ ഉടലെടുത്ത ഛിദ്രതകൾക്കും കക്ഷിത്വങ്ങൾക്കും കാരണമായി ഭവിച്ചത് അതിന്റെ മധ്യമ സരണിയിൽ നിന്ന് പലരും വ്യതിചലിച്ചു പോയതാണ്. മഹാന്മാരോടുള്ള അതിരുവിട്ട സ്നേഹവും ബഹുമാനവും ക്വബ്റാരാധനയിലേക്കും മറ്റും വഴിതെളിച്ചെങ്കിൽ; വ്യക്തമായ തെളിവുകളെ പോലും അവഗണിക്കുന്ന സമീപനരീതി പച്ചയായ കുഫ്റിലേക്കും ബിദ്അത്തിലേക്കും വഴി നടത്തിച്ചു.

റസൂൽﷺയുടെ ഹജ്ജ് സമയത്ത് നടന്ന ഒരു സംഭവം ഇബ്നു അബ്ബാസ്رضي الله عنه വിവരിക്കുന്നു: "അക്വബയുടെ പ്രഭാതത്തിൽ ഒട്ടകപ്പുറത്തിരുന്ന് റസൂൽﷺ പറഞ്ഞു: 'എനിക്ക് കല്ല് എടുത്തു തരൂ.' അപ്പോൾ ഞാൻ അദ്ദേഹത്തിന് ഏഴ് കല്ലുകൾ എടുത്തു കൊടുത്തു. അവ ചെറിയ ഉരുളൻ കല്ലുകളായിരുന്നു.' റസൂൽﷺ അത് കൈപ്പത്തിയിലിട്ട് കുലുക്കിക്കൊണ്ട് പറഞ്ഞു: 'ഇതുപോലുള്ളവ കൊണ്ട് എറിയുക.' ശേഷം അദ്ദേഹം അരുളി: 'ജനങ്ങളേ, മതത്തിൽ അതിരുകവിയലിനെ നിങ്ങൾ

സൂക്ഷിക്കുക. കാരണം നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചത് മതത്തിലെ അതിരുകവിച്ചിലാണ്'' (നസാഈ, ഇബ്നുമാജ).

പയർ മണിയെക്കാൾ അൽപം വലിപ്പം കൂടിയ കൊച്ചു കല്ലുകൾ കൊണ്ടാണ് ജംറകളിൽ എറിയേണ്ടത്. വലിയ ഉരുളൻ കല്ല് കൊണ്ടോ കടുകുമണി പോലുള്ള നന്നേ ചെറിയവ കൊണ്ടോ ആകാവതല്ല. ചെരിപ്പ്, കുട എന്നിവ കൊണ്ടും എറിഞ്ഞുകൂടാ.

'ഞാൻ രാത്രി മുഴുവനും നമസ്കരിക്കു'മെന്ന് പറഞ്ഞ വ്യക്തിയെയും 'ഞാൻ തുടർച്ചയായി നോമ്പ് നോൽക്കു'മെന്ന പറഞ്ഞയാളെയും 'ഞാൻ വിവാഹം കഴിക്കാതെ ആരാധനകൾക്കായി മാറിനിൽക്കും' എന്ന് പറഞ്ഞ മനുഷ്യനെയും വിളിച്ചുവരുത്തി നബിﷺ പറഞ്ഞു: 'നിങ്ങളാണോ ഇത്തരത്തിൽ പറഞ്ഞത്? അറിയണം, അല്ലാഹുവാണെ സത്യം! ഞാൻ നോമ്പു നോൽക്കുകയും ഒഴിവാക്കുകയും നമസ്കരിക്കുകയും ഉറങ്ങുകയും വിവാഹം കഴിക്കുകയുമൊക്കെ ചെയ്യുന്നു. എന്റെ ചര്യ ഇഷ്ടപ്പെടാത്തവർ എന്നിൽപെട്ടവനല്ല' (ബുഖാരി, മുസ്‌ലിം).

ഇതാണ് അല്ലാഹുവിന്റെ പ്രവാചകൻﷺ പഠിപ്പിച്ച മതം, അല്ലാഹു മനുഷ്യർക്ക് തൃപ്തിപ്പെട്ടു നൽകിയ മതം. ആരാധനയിൽ തീവ്രതകാണിച്ച് സന്യാസം സ്വീകരിക്കുവാനോ ബ്രഹ്മചാരിയാകുവാനോ ഇസ്‌ലാം അനുവാദം നൽകുന്നില്ല. പൗരോഹിത്യവും ഇസ്‌ലാമിന് അന്യം.

മുഹമ്മദ് നബിﷺ പറഞ്ഞു: 'മതം വളരെ ലളിതമാണ്. അതിനെ പ്രയാസമാക്കുന്നവനെ അത് പരാജയപ്പെടുത്തുക തന്നെ ചെയ്യും. അതിനാൽ നിങ്ങൾ കർമങ്ങളെ ശരിയായരീതിയിലാക്കുക, അടുപ്പിക്കുക, സന്തോഷഭരിതരാക്കുക. വൈകുന്നേരവും രാവിലെയും രാത്രിയിൽ അൽപഭാഗവും ആരാധന ചെയ്ത് രക്ഷിതാവിന്റെ സഹായം തേടുക' (മുസ്‌ലിം).

നബിﷺ പറഞ്ഞു: "അല്ലയോ ആഇശാ, അല്ലാഹു സൗമ്യനാണ്. അവൻ സൗമ്യത ഇഷ്ടപ്പെടുന്നു. പാരുഷ്യത്തിന് നൽകാത്തത് അവൻ സൗമ്യതയ്ക്ക് നൽകുന്നു. മറ്റൊന്നിനും നൽകാത്തത് അവൻ സൗമ്യതയ്ക്ക് നല്കും'' (മുസ്‌ലിം).

പ്രമാണങ്ങൾ പഠിപ്പിക്കുന്നതാണ് യഥാർഥ മിതത്വ നിലപാട്. എന്നാൽ അതിരുകവിയലിന്റെ പുകമറ സൃഷ്ടിച്ച് വിശുദ്ധ ക്വുർആനും തിരുചര്യയും മുറുകെ പിടിച്ചു ജീവിക്കുന്നവരെ നിരൂപണം ചെയ്ത് തീവ്രത കണ്ടെത്തുവാൻ പാടുപെടുന്ന ചിലരുണ്ടിന്ന്. നീട്ടിവളർത്തിയ താടിയും നെരിയാണിയുടെ മേലെയുള്ള വസ്ത്രവും അത്തരക്കാർക്ക് പരിധിവിടലും തീവ്രതയുമായേക്കാം. ഖേദകരമെന്ന് പറയട്ടെ, അത്തരം 'നിരീക്ഷകൻമാരിൽ' കൂടുതലും 'മുസ്‌ലിംകളിൽ' പെട്ടവർ തന്നെയാണ് എന്നുള്ളതാണ് ഏറെ ശ്രദ്ധേയം. വാസ്തവത്തിൽ ഭൂരിഭാഗം മുസ്‌ലിംകളും പ്രവാചക ചര്യയെ തങ്ങളുടെ ജീവിതം കൊണ്ട് തിരസ്കരിക്കുന്നു എന്നു കരുതി മുഹമ്മദ് നബിﷺ സ്വന്തം അനുയായികളോട് കൽപിച്ച ഒരു കാര്യം സ്വന്തം ജീവിതത്തിൽ പകർത്തുന്നവരെ ചിലർ 'വേറിട്ടൊരു ജീവികളായി' നോക്കിക്കാണുന്നതിന്റെ യഥാർഥത്തിലുള്ള ഉത്തരവാദിത്തംആർക്കാണ്? പ്രവാചക സുന്നത്തിനെ വലിച്ചെറിഞ്ഞ മുസ്‌ലിംകൾക്കു തന്നെയല്ലേ?

തങ്ങളുടെ ആൺകുട്ടികളെ വളരെ ചെറുപ്പത്തിൽതന്നെ ചേലാകർമം ചെയ്യിക്കുന്നവരാണ് മുസ്‌ലിംകൾ. അതവർ അവരുടെ മതചര്യയുടെ ഭാഗമായി കാണുന്നു എന്നതുകൊണ്ടാണത്. അതിനാൽ തന്നെ അതിന്റെ പേരിൽ ശൈശവ പീഡനം നടത്തുന്നു എന്ന ആരോപണം ഉയരാറേയില്ല. ഇനി, വളരെ ന്യൂനാൽ ന്യൂനപക്ഷം മുസ്‌ലിംകൾ മാത്രമെ തങ്ങളുടെ കുട്ടികൾക്ക് ചേലാകർമം നടത്തുന്നുള്ളൂ എങ്കിൽ എന്തൊക്കെ കോലാഹലങ്ങളായിരിക്കും സമൂഹത്തിൽ സൃഷ്ടിക്കപ്പെടുക. 'ശൈശവ പീഡനത്തിന്റെ' പേരിൽ മുതലക്കണ്ണീർ നാട്ടിൽ ഒഴുകും. ഭൂരിപക്ഷവും അത് ചെയ്യാതിരിക്കെ ചിലർ മാത്രം ചെയ്യുന്നതിന്റെ പിന്നിലുള്ള രഹസ്യങ്ങൾ കണ്ടെത്തുവാൻ ചാനലുകളിൽ അന്തിച്ചർച്ചകൾ പൊടിപൊടിക്കും. പക്ഷേ, ഒന്നും സംഭവിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അത് മുസ്‌ലിം സമുദായത്തിന്റെ മതവിശ്വാസത്തിന്റെ ഭാഗമായിട്ടാണ് സകലരും കാണുന്നത്. അതുപോലെ എല്ലാ പ്രവാചകചര്യകളും മതമായി മുസ്‌ലിംകൾ ഒന്നടങ്കം അനുഷ്ഠിക്കുകയും ആചരിക്കുകയും ചെയ്താൽ ഒരു വിവാദത്തിനും ഇവിടെ പ്രസക്തിയുണ്ടാകില്ല.

മതത്തിലെ അതിരു കവിയലുകളെ തീവ്രമായി കണ്ട മതം ഇസ്‌ലാമല്ലാതെ വേറെ ഏതാണുള്ളത്? തീവ്രത എന്താണെന്ന് വ്യക്തമായി അത് അതിന്റെ അനുയായികളെ പഠിപ്പിച്ചിരിക്കെ പിന്നെ എങ്ങനെ അവർക്ക് അതിൽ നിന്ന് തെന്നിമാറുവാൻ സാധിക്കും? യഥാർഥ ഇസ്‌ലാം മത വിശ്വാസിക്കെങ്ങനെ ഇസ്‌ലാമിക് തീവ്രവാദി (സമാധാന തീവ്രവാദി എന്നർഥം!) എന്ന വിളിപ്പേരിൽ ഊറ്റം കൊള്ളുവാനാകും? ഇസ്‌ലാമിനെ വിമർശിക്കുന്ന വ്യക്തികളും കൂട്ടായ്മകളും മാധ്യമങ്ങളും അവരുടെ അറിവില്ലായ്മ കൊണ്ടോ ശത്രുതയാലോ ഇസ്‌ലാമിനെ തീവ്രതയുടെ മതമായി പ്രചരിപ്പിക്കുന്നുവെങ്കിൽ അതിന് ഇസ്‌ലാം എങ്ങനെ ഉത്തരവാദിയാകും?

"ആകയാൽ നീ കൽപിക്കപ്പെട്ടതു പോലെ നീയും നിന്നോടൊപ്പം (അല്ലാഹുവിങ്കലേക്ക്) മടങ്ങിയവരും നേരായ മാർഗത്തിൽ നിലകൊള്ളുക. നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കരുത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാണ്'' (ക്വുർആൻ 11:112).

ചലനങ്ങൾ

# ലഹരിമാഫിയ സംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണം: എം.എസ്.എം

കോഴിക്കോട്: വ്യാപകമായി വിദ്യാർഥികൾക്കിടയിൽ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന ലഹരി മാഫിയ സംഘങ്ങൾക്കെതിരെ അധികാരികൾ കർശന നടപടി സ്വീകരിക്കണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ് കോഴിക്കോട് ജില്ല സമിതിയുടെ ആഭിമുഖ്യത്തിൽ ചെറൂട്ടി റോഡ് എം.എസ്.എസ്. ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ജില്ല നേതൃസംഗമം ആവശ്യപ്പെട്ടു.

2018 ഫെബ്രുവരി 9,10,11 തീയതികളിൽ കണ്ണൂരിൽ വെച്ച് സംഘടിപ്പിക്കുന്ന 22-ാമത് 'പ്രോഫ് കോൺ' അന്താരാഷ്ട്ര പ്രൊഫഷണൽ വിദ്യാർഥി സമ്മേളനത്തിന്റെ ഭാഗമായാണ് സംഗമം സംഘടിപ്പിച്ചത്. ചെറിയ പ്രായത്തിലുള്ള വിദ്യാർഥികളെ മുതൽ സമൂഹത്തിലെ നിഖിത മേഖകളിലുള്ളവരെ വരെ ലഹരി ഗ്രസിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം സംഘങ്ങൾക്കെതിരെ രൂപീകരിച്ച ജാഗ്രത സമിതികൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം. പിടിക്കപ്പെടുന്ന വിദ്യാർഥികളെ മാതൃകാപരമായി ശിക്ഷിക്കുന്നതോടൊപ്പം ഫലപ്രദമായി അവരെ ബോധവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങളും അധികാരികളിൽ നിന്നുണ്ടാകേണ്ടതുണ്ട്. മാഫിയ സംഘങ്ങൾക്കതിരെ കർശന നടപടികൾ കൈകൊണ്ടാൽ മാത്രമെ ലഹരിയുടെ വ്യാപനത്തിന് പ്രതിരോധം തീർക്കാനാകൂ എന്നും സംഗമം അഭിപ്രായപ്പെട്ടു.

എം.എസ്.എം. സംസ്ഥാന അസി. സെക്രട്ടറി ഇൻഷാദ് സ്വലാഹി സംഗമം ഉദ്ഘാടനം ചെയ്തു. എം.എസ്.എം. ജില്ല പ്രസിഡന്റ് സി.കെ. ജസീൽ മദനി കൊടിയത്തൂർ അധ്യക്ഷത വഹിച്ചു. മുജാഹിദ് ദഅ്‌വ സമിതി ജില്ല സെക്രട്ടറി ബഷീർ വി.ടി, ഐ.എസ്.എം. ജില്ല വൈസ് പ്രസി. സായിം ബേപ്പൂർ എന്നിവർ ആശംസകളർപ്പിച്ചു. എം.എസ്.എം. സംസ്ഥാന നിർവാഹക സമിതിയംഗങ്ങളായ എം.കെ. ഇർഫാൻ സ്വലാഹി, അസീൽ സി.വി, ഡോ. ഷനൂൻ, അർഷദ് ഒറ്റപ്പാലം എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. ജാമിഅ: അൽ ഹിന്ദ് വിദ്യാർഥി സ്വഫ്‌വാൻ ബറാമി, ഫിൻലാന്റ് ആൾട്ടോ യൂണിവേഴ്സിറ്റി സ്റ്റുഡന്റ് അമ്പാസഡർ ജൈസൽ അത്തോളി എന്നിവർ പഠന സെഷനുകൾക്ക് നേതൃത്വം നൽകി.

എം.എസ്.എം. ജില്ല സമിതിയംഗങ്ങളായ ഷഹബാസ് അത്തോളി, ജാബിർ നന്മണ്ട, സുഹൈൽ കല്ലായി, മുഹമ്മദ് ഫഹീം എസ്.എം. എന്നിവർ സംസാരിച്ചു. ജില്ലാ ബാലവേദി വിംഗിനു കീഴിൽ പ്രൈമറി വിദ്യാർഥികൾക്കായി ഡിസംബർ 26 (ചൊവ്വ) ഓമശ്ശേരി റോയഡ് റിസോർട്ടിൽ വെച്ച് നടത്തുന്ന ബട്ടർഫ്ളൈസ് ജില്ലാതല കിഡ്സ് ക്യാമ്പിന് സംഗമം അന്തിമ രൂപം നൽകി.

## ലഹരിവിരുദ്ധ ക്യാമ്പ് സംഘടിപ്പിച്ചു

തിരുവനന്തപുരം: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന വ്യാപകമായി നടത്തുന്ന 'ആത്മീയ ചൂഷണത്തിനെതിരെ ബോധവൽക്കരണം' എന്ന കാമ്പയ്നിന്റെ ഭാഗമായി പരുത്തികുഴി, പള്ളിത്തെരുവ് യൂനിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ 'വഴിതെറ്റുന്ന യുവത വഴികാട്ടുന്നു ഇസ്‌ലാം' എന്ന വിഷയത്തിൽ ലഹരിവിരുദ്ധ ക്യാമ്പും ക്യു.എച്ച്.എൽ.എസ് അവാർഡ് ദാനവും സംഘടിപ്പിച്ചു. മുനീർ നജാത്തി വിജയികൾക്ക് അവാർഡ് വിതരണം ചെയ്തു കൊണ്ട് മുഖ്യപ്രഭാഷണം നിർവഹിച്ചു.

ദഅ്‌വ സമിതി പരുത്തിക്കുഴി പ്രസിഡന്റ് ബാദുഷാ സാഹിബ് അധ്യക്ഷത വഹിച്ചു. ഐ.എസ്.എം തിരുവനന്തപുരം മേഖല സെക്രട്ടറി അബ്ദുറഹ്മാൻ സ്വാഗതവും പള്ളിത്തെരുവ് യൂനിറ്റ് ദഅ്‌വ സമിതി പ്രസിഡന്റ് എം.കെ ത്വാഹ നന്ദിയും പറഞ്ഞു.

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

# സത്യവിശ്വാസികളുടെ മാർഗം

**അ**ല്ലാഹുവിന്റെ തൃപ്തിയിലേക്കും അവന്റെ സ്വർഗത്തിലേക്കുമെത്തിക്കുന്ന ഒരു വഴി സത്യവിശ്വാസികൾക്കും പിശാചിന്റെ തൃപ്തിയിലേക്കും നരകത്തിലേക്കുമെത്തിക്കുന്ന മറ്റൊരു വഴി കുറ്റവാളികൾക്കുമുണ്ട്. സത്യവിശ്വാസികൾ പ്രവേശിക്കേണ്ട വഴി ഏതാണെന്ന് അല്ലാഹു വളരെ വ്യക്തമായി പഠിപ്പിക്കുകയും തന്റെ അടിമകളെ അതിലേക്ക് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അതിലൂടെ സ്വർഗത്തിലത്താമെന്ന സന്തോഷവാർത്തയും അല്ലാഹു അറിയിച്ചിട്ടുണ്ട്. സ്വർഗാവകാശികൾ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുകയും സത്യവിശ്വാസികളുടെ മാർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. മരണംവരെ അവരതിൽ നിലകൊള്ളുകയും ചെയ്യും.

നബിﷺയുടെ കൂടെ ജീവിച്ച്, അവിടുത്തെ അധരങ്ങളിൽനിന്ന് വഹ്‌യിന്റെ പാഠങ്ങൾ നേരിട്ടുകേട്ട്, സമ്പത്തും ശരീരവും അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിച്ച്, നാടും വീടും കുടുംബവും അല്ലാഹുവിനു വേണ്ടി വലിച്ചെറിഞ്ഞ് സ്വർഗത്തിനു വേണ്ടി മാത്രം ജീവിച്ച, നബിﷺയുടെ സ്വഹാബികളാണ് സത്യവിശ്വാസികളിൽ മുൻപന്തിയിലുള്ളവർ. അല്ലാഹു അവരെ പരിചയപ്പെടുത്തുന്നത് കാണുക:

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (അത്തൗബ 100).

എന്നാൽ ഈ മുൻകടന്നവരായ വിശ്വാസികൾ സ്വീകരിച്ചിട്ടില്ലാത്ത വിശ്വാസങ്ങളും ആദർശങ്ങളും കർമാനുഷ്ഠാനങ്ങളും വല്ലവനും സ്വീകരിച്ചാൽ തീർച്ചയായും അത് നരകത്തിലേക്കുള്ള വഴിയാണ്:

"തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (അന്നിസാഅ് 115).

തെളിഞ്ഞതും ശുദ്ധവുമായ സ്രോതസ്സിൽനിന്ന് ദീൻ പഠിച്ചവരാണ് സ്വഹാബികൾ. വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അംഗീകാരത്തിലൂടെയുമുള്ള പ്രവാചകന്റെ ചര്യകളെ അവർ തങ്ങളുടെ ജീവിതത്തിൽ പകർത്തി. തന്റെ പ്രവാചകന്റെ അനുചരന്മാരായും ദീനിന്റെ പ്രചാരകരായും അല്ലാഹു അവരെ തിരഞ്ഞെടുത്തു. അവരെപ്പോലെ മതപരമായ അറിവുള്ളവർ വേറെയില്ല. അവരുടെ ഹൃദയം പോലെ ശുദ്ധീകരിക്കപ്പെട്ടവ വേറെയില്ല. അതുകൊണ്ടുതന്നെ അവരുടെ മഹത്ത്വമറിയുകയും അവരുടെ കാലടിപ്പാടുകളെ പിൻപറ്റുകയും വേണം എന്നാണ് ഇബ്നു മസ്ഊദ്ؓ പറഞ്ഞിട്ടുള്ളത്. കാരണം തികച്ചും ചൊവ്വായ പാതയിൽ നിലകൊണ്ടവരായിരുന്നു അവർ. ഈ സ്വഹാബത്തിന്റെ സവിശേഷതകൾ അല്ലാഹു ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു:

"അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം). അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ. അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷി

ക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ. അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (അൽഹശ്ർ 8-10).

"ജനങ്ങളിൽ ഏറ്റവും നല്ലവർ എന്റെ നൂറ്റാണ്ടാണ്. പിന്നെ അവരെ തുടർന്നുള്ളവർ. പിന്നെ അവരെ തുടർന്നുള്ളവർ. അതിനുശേഷം ചില ആളുകൾ വരും. അവരുടെ സാക്ഷ്യം സത്യത്തെ മറികടക്കുന്നതും അവരുടെ സത്യം ചെയ്യൽ സാക്ഷ്യത്തെ മറികടക്കുന്നതുമായിരിക്കും'' (സ്വഹീഹുൽ ജാമിഅ് 3290).

ഈ മുൻഗാമികൾ സത്യമാർഗത്തിലായിരുന്നു എന്നതിനാൽ അവരുടെ മാർഗം പിൻപറ്റാനും നബിﷺ നമ്മോട് കൽപിച്ചിട്ടുണ്ട്. നബിﷺ ഒരു ദിവസം സ്വഹാബികളോട് ഒരു പ്രസംഗം നടത്തി. അതുകേട്ട് അവരുടെ ഹൃദയങ്ങൾ പിടക്കുകയും കണ്ണുകൾ കരയുകയും ചെയ്തു. സ്വഹാബികൾ പറഞ്ഞു: 'പ്രവാചകരേ, ഇതൊരു വിടവാങ്ങൽ പ്രസംഗം പോലെയുണ്ടല്ലോ. അതുകൊണ്ട് വല്ല വസിയ്യത്തും തരൂ'. നബിﷺ പറഞ്ഞു: 'അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അബ്സീനിയക്കാരനായ ഒരു അടിമ നിങ്ങളുടെ അമീറായി നിശ്ചയിക്കപ്പെട്ടാൽ പോലും കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നും നിങ്ങളെ ഞാൻ ഉപദേശിക്കുന്നു. എനിക്കു ശേഷം നിങ്ങൾ ജീവിക്കുകയാണെങ്കിൽ ഒരുപാട് ഭിന്നതകൾ കാണാം. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തിനെയും എന്റെ സച്ചരിതരായ ഖുലഫാഉർറാശിദുകളുടെ ചര്യയെയും മുറുകെ പിടിക്കുക. അണപ്പല്ലുകൊണ്ട് അവയെ കടിച്ചുപിടിക്കുക. പുതിയ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും എല്ലാ ബിദ്അത്തും വഴികേടിലാകുന്നു" (രിയാദുസ്സ്വാലിഹീൻ-അൽബാനിയുടെ തഹ്ക്വീക്വ്, പേജ് 161).

'എന്റെ സമുദായം 73 വിഭാഗമായി ഭിന്നിക്കും. ഒരു വിഭാഗം ഒഴിച്ച് ബാക്കിയെല്ലാം നരകത്തിലാണ്. ഞാനും എന്റെ സ്വഹാബത്തും നിലകൊണ്ട മാർഗമത്രെ അത്' എന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

അതിനാൽ സ്വർഗം ആഗ്രഹിക്കുന്നവർ സ്വഹാബത്തിന്റെ മാർഗം സ്വീകരിക്കുക. ഏറ്റക്കുറച്ചിലുകളില്ലാതെ അല്ലാഹുവിനെ ആരാധിച്ചവരാണവർ. ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും അല്ലാഹു മാത്രമാണ് സർവത്തിന്റെയും സ്രഷ്ടാവും ഉടമസ്ഥനും നിയന്താവുമെന്നും അല്ലാഹുവിന് ചില നാമവിശേഷണങ്ങൾ ഉണ്ടെന്നും അവർ ഉറച്ചുവിശ്വസിക്കുകയും അവയുടെ അനിവാര്യതകളനുസരിച്ചുകൊണ്ട് അവർ പ്രവർത്തിക്കുകയും ചെയ്തു. നിഷേധമോ വ്യാഖ്യാനമോ രൂപപ്പെടുത്തലോ സാദൃശ്യപ്പെടുത്തലോ ഇല്ലാതെ അല്ലാഹുവും അവന്റെ റസൂലും അല്ലാഹുവിനുണ്ടെന്നു പറഞ്ഞ എല്ലാ വിശേഷണങ്ങളിലും അവർ വിശ്വസിച്ചു. അല്ലാഹു തആലാ അവന്റെ മഹത്വത്തിന് യോജിക്കുന്ന വിധത്തിൽ അർശിൽ ഉപവിഷ്ടനായി, രാത്രിയുടെ മൂന്നിൽ രണ്ടു കഴിഞ്ഞാൽ അവൻ ഒന്നാനാകാശത്തേക്ക് ഇറങ്ങിവരും, സ്വർഗക്കാർ അല്ലാഹുവിനെ നേരിട്ടു കാണും തുടങ്ങി അല്ലാഹുവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും അവർ നബിﷺ പഠിപ്പിച്ച അതേ നേർപാതയിൽ നിലകൊണ്ടു. അല്ലാഹു എല്ലാം അറിയുന്നവനാണ്. സൃഷ്ടികളുടെ ക്വദ്റുകൾ അവൻ മുമ്പേ എഴുതിവെച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉദ്ദേശമനുസരിച്ച് മാത്രമെ ലോകത്തുള്ള ഏതൊരു കാര്യവും നടക്കുകയുള്ളൂ. തുടങ്ങിയ വിശ്വാസകാര്യങ്ങളിൽ ലവലേശം പോലും അവർക്കു പിഴച്ചില്ല. അറിവോടും ഉൾക്കാഴ്ചയോടും അവർ അല്ലാഹുവിനെ ആരാധിച്ചു. പ്രവാചക ചര്യകളെ അവർ സ്നേഹിക്കുകയും മുറുകെ പിടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. സുന്നത്തുകളെ സ്നേഹിച്ചവരെയും അവർ സ്നേഹിച്ചു. ബിദ്അത്തിനെയും അതിന്റെ ആളുകളെയും അവർ വെറുത്തു. സദുപദേശത്തോടെയും ഉൾക്കാഴ്ചയോടെയും തൗഹീദിന് പ്രാധാന്യം നൽകിക്കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിലേക്ക് ജനങ്ങളെ അവർ ക്ഷണിച്ചു. പാപംചെയ്തവരെ കാഫിറുകളായി ചിത്രീകരിക്കുകയോ കൊലപ്പെടുത്തുകയോ ചെയ്തില്ല. തൗഹീദിനു വേണ്ടി അവർ യുദ്ധം ചെയ്തു. അല്ലാഹുവിനു വേണ്ടി അവർ രക്തസാക്ഷികളായി. യുദ്ധക്കളത്തിൽ പോലും നിങ്ങൾ ചതിക്കരുത്, ശവശരീരങ്ങൾ ചിന്നഭിന്നമാക്കരുത്, കുട്ടികളെയും സ്ത്രീകളെയും കൊലപ്പെടുത്തരുത് തുടങ്ങിയ ഉപദേശങ്ങൾ അക്ഷരംപ്രതി അവർ പാലിച്ചു.

വിശ്വാസത്തിലും കർമങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലുമെല്ലാം ഈ സ്വഹാബികളാകട്ടെ നമ്മുടെ മാതൃക. അവരുടെ മാർഗത്തിലൂടെയല്ലാതെ വിജയം നേടുക നമുക്ക് സാധ്യമല്ല. എന്നാൽ അറിയുക, ഈ ശുദ്ധമായ മൻഹജിന്റെ ശത്രുക്കൾ ഇന്ന് ചുറ്റിലുമുണ്ട്. അവർ നമ്മെ തെറ്റിക്കാൻ ശ്രമിക്കും. ശിയാക്കളും മുഅ്തസിലിയാക്കളും ഖവാരിജുകളും ക്വദ്രിയാക്കളുമെല്ലാം രൂപംകൊണ്ടതും സുന്നത്ത് ജമാഅത്തിന്റെ മാർഗത്തിൽ നിന്നും തെറ്റിപ്പോയതും സ്വഹാബത്തിന്റെ മാർഗം കൈവിട്ടതിനാലാണ്. ഇത്തരക്കാരുടെ ആശയംവഹിച്ച് നടക്കുന്നവരും അതിലേക്ക് ക്ഷണിക്കുന്നവരും സമൂഹത്തിൽ ഒട്ടേറെയാണ്. ഇത്തരക്കാരുടെ വിഷയത്തിൽ നാം എപ്പോഴും ജാഗരൂകരായിരിക്കേണ്ടതുണ്ട്. ●

ശമീർ മദീനി
shameermadeeni@gmail.com

# മുന്നറിയിപ്പുകൾ അവഗണിക്കരുത്

**"അവിശ്വാസികൾ തങ്ങളിലേക്കുള്ള ദൈവദൂതൻമാരോട് പറഞ്ഞു: ഞങ്ങളുടെ നാട്ടിൽ നിന്ന് നിങ്ങളെ ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും. അല്ലാത്ത പക്ഷം നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചുവന്നേ തീരൂ. അപ്പോൾ അവർക്ക് (ആ ദൂതൻമാർക്ക്) അവരുടെ രക്ഷിതാവ് സന്ദേശം നൽകി. തീർച്ചയായും നാം ആ അക്രമികളെ നശിപ്പിക്കുക തന്നെ ചെയ്യും. അവർക്കു ശേഷം നിങ്ങളെ നാം നാട്ടിൽ അധിവസിപ്പിക്കുകയും ചെയ്യുന്നതാണ്. എന്റെ സ്ഥാനത്തെ ഭയപ്പെടുകയും എന്റെ താക്കീതിനെ ഭയപ്പെടുകയും ചെയ്തവർക്കുള്ളതാണ് ആ അനുഗ്രഹം" (ക്വുർആൻ 14:13,14).**

പലതരത്തിലുള്ള മുന്നറിയിപ്പുകളും താക്കീതുകളും നാം കാണാറുണ്ട്. അവ അവഗണിക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളും സാധാരണമാണ്. ഡോക്ടറുടെ താക്കീതുകൾ അവഗണിച്ച രോഗികൾ, ട്രാഫിക് മുന്നറിയിപ്പുകളെ ശ്രദ്ധിക്കാതിരുന്ന ഡ്രൈവർമാർ, കൊടുങ്കാറ്റിനെക്കുറിച്ചും സുനാമിയെക്കുറിച്ചും മുന്നറിയിപ്പുകൾ നൽകിയ കാലാവസ്ഥാനിരീക്ഷകരുടെ താക്കീതുകളെ മുഖവിലക്കെടുക്കാതെ കടലിൽ പോയ മൽസ്യബന്ധനക്കാർ... ഇങ്ങനെ എത്ര എത്രയാളുകൾക്കാണ് മുന്നറിയിപ്പുകളെ അവഗണിച്ചതിലൂടെ ദുരിതങ്ങളും ദുരന്തങ്ങളും ഏറ്റുവാങ്ങേണ്ടിവന്നിട്ടുള്ളത്!

സഞ്ചരിക്കുന്ന വഴിയിൽ ഒരു പാമ്പുണ്ടെന്ന് കേട്ടാൽ ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുന്നവരാണ് നാം പൊതുവിൽ. അമിതമായ ആത്മവിശ്വാസമോ ഒരു തരം ധിക്കാരമോ അഹങ്കാരമോ ഒക്കെയാണ് മുന്നറിയിപ്പുകളെ അവഗണിക്കുവാനും ജാഗ്രതാ നിർദേശങ്ങളെ ഗൗനിക്കാതിരിക്കുവാനുമൊക്കെ മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

താൽക്കാലികമായ പ്രയാസങ്ങൾ ഉണ്ടായേക്കാമെങ്കിലും മുന്നറിയിപ്പുകൾ ശ്രദ്ധിക്കുന്നതും സൂക്ഷിക്കുന്നതും നമുക്ക് സുരക്ഷിതത്വവും ആശ്വാസവുമാണ് നൽകുക. ആത്യന്തികമായി മനുഷ്യന് കാരുണ്യവും ഇഹപര ജീവിത വിജയത്തിനും നന്മക്കുമായി കുറെ താക്കീതുകളും മുന്നറിയിപ്പുകളും നമ്മുടെ സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. എല്ലാ സമൂഹങ്ങളിലേക്കും ഇത്തരം താക്കീതുമായി ദൈവദൂതന്മാർ കടന്നുചെന്നിട്ടുണ്ട്: "അവർ നിന്നെ നിഷേധിച്ചു തള്ളുന്നുവെങ്കിൽ അവർക്ക് മുമ്പുള്ളവരും നിഷേധിച്ചു തള്ളിയിട്ടുണ്ട്. അവരിലേക്കുള്ള ദൂതൻമാർ പ്രത്യക്ഷ ലക്ഷ്യങ്ങളും ന്യായപ്രമാണങ്ങളും വെളിച്ചം നൽകുന്ന ഗ്രന്ഥവും കൊണ്ട് അവരുടെ അടുത്ത് ചെല്ലുകയുണ്ടായി" (ക്വുർആൻ 35:24).

അത്തരം താക്കീതുകളോട് നിഷേധാത്മക നിലപാട് സ്വീകരിച്ചവരും അവയെ മുഖവിലക്കെടുത്ത് ജീവിച്ചവരും മനുഷ്യരിലുണ്ടായിട്ടുണ്ട്: (ക്വുർആൻ 50:12-14).

അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ പ്രതീക്ഷയും താക്കീതുകളിൽ ഭയപ്പാടുമാണ് വിശ്വാസികൾക്ക് ഉണ്ടാകേണ്ടത്: "(നബിയേ,) ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന് എന്റെ ദാസൻമാരെ വിവരമറിയിക്കുക. എന്റെ ശിക്ഷ തന്നെയാണ് വേദനയേറിയ ശിക്ഷ എന്നും (വിവരമറിയിക്കുക)" (ക്വുർആൻ 15:49,50).


സാമ്പത്തിക മേഖലയിലും കുടുംബ രംഗത്തും എന്നല്ല നിത്യജീവിതത്തിലെ നിഖില മേഖലകളിലും പടച്ചവന്റെ താക്കീതുകളെ സൂക്ഷിക്കുമ്പോൾ അതിന്റെ ഗുണം നമുക്ക് തന്നെയാണ് കിട്ടുക. അല്ലാഹു പറയുന്നു: "അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ"(ക്വുർആൻ 24:52).

പക്ഷേ, ഭൗതികതയുടെ പളപളപ്പിലും ദേഹേഛയുടെ തള്ളിച്ചയിലും അധികപേരും ആ മുന്നറിയിപ്പുകൾ മറന്ന് അപകടത്തിലേക്ക് ചാടുകയാണ് ചെയ്യുന്നത്. നബിﷺ പറഞ്ഞു: "എന്റെയും നിങ്ങളുടെയും ഉപമ തീ കത്തിച്ച ഒരാളുടെ ഉപമ പോലെയാണ്. ആ കത്തിച്ചു വെച്ച തീയിൽ പ്രാണികളും പറവകളും ചെന്നു വീഴാൻ തുടങ്ങി. അയാളാകട്ടെ അവയെ അതിൽ നിന്ന് ആട്ടിയകറ്റിക്കൊണ്ടിരിക്കുന്നു. നരകത്തിൽ ആപതിക്കാതിരിക്കുവാൻ ഞാൻ നിങ്ങളുടെ അരക്കെട്ടിൽ പിടിച്ചിരിക്കുകയാണ്. എന്നാൽ നിങ്ങളാകട്ടെ എന്റെ കയ്യിൽ നിന്നും കുതറിയോടുകയാണ്" (മുസ്‌ലിം).



WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 30 Dec 2017

Registered NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840